Annual Subscription : Rs. 100/-

# NEW VISION FOR A CHANGING WORLD

Vol 10 . Issue 6 . FEBRUARY 2010

CSI honoured with International Eco-Award

"കാര്യങ്ങൾ വിശദമായി മനസിലാക്കാതെ ഒരു ഉപദേശിയുടെ പ്രസംഗം
മാത്രം കേട്ടു ഞാൻ മാനസാന്തരപ്പെടാറില്ല"
- ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ

"എല്ലാമറിയുന്നവനായ ദൈവത്തിന്റെ മുമ്പിൽ
ദുഷ്പ്രചരണങ്ങളും വ്യാജങ്ങളും വിലപ്പോവുകയില്ല"
– ഫാ. ഡോ. ടി. ജെ. ജോഷ്വ

"മാരാമൺ കൺവൻഷനിൽ വ്യക്തികൾക്കുണ്ടായ
മാനസാന്തരം അവരുടെ പൊതുജീവിതത്തിൽ മറ്റാളുകൾക്ക്
അനുഭവവേദ്യമായിരുന്നു."
– ഡോ. ജോസ് പാറക്കടവിൽ



'NEW VISION FOR A CHANGING WORLD' is an ecumenical magazine owned by a Nava Darshan Trust, a Public Charitable Trust registered in1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and

## EDITORIAL BOARD

**Patron**
Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan

**Chairman**
The Rt. Rev. Dr. Sam Mathew

**Hon. Chief Editor**
Prof. Dr. Cyriac Thomas

**Executive Editor**
Prof. Dr. Jose Parakadavil

**Managing Editor**
Prof. Dr. Mathew Koshy Punnakkadu

**Editors**
The Rev. Dr. Mathew Daniel
Mr. George Bahanan
Dr. Stany Thomas
Prof. Saby de Mathew
Mr. John George Athyal
Dr. Anne Susan Koshy
Prof. Muse Mary George

**Manager**
The Rev. Prof. K. C. Mathew

**Office Assistant**
Mr. Kurien Thomas T.

**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ**
മന്ദിരം, മാങ്ങാനം പി. ഒ., കോട്ടയം - 686 018
കോട്ടയം സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോയിലും തിരുവല്ല സി.എസ്.എസ്സിലും വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക.

**കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം**

എഡിറ്റർ, ന്യൂവിഷൻ, പുന്നയ്ക്കാട് പി. ഒ., കോഴഞ്ചേരി - 689 652,
Phone / Fax : 0468 2214068, 2310376 Mob : 9847275754
e-mail : mkoshy@satyam.net.in

**CONTACT PERSONS**

Mr. C. J. Rajan
25, Razak Gardens, 8-Cross Street,
Arumbakkam, Chennai - 600 106 Ph : 044-23634755

Major (Rtd.) Jacob K. Philipose
98, Arbour Wood Cres N. W.
Calgary, Alberta, Canada T3 G4 C3
Ph : 403 - 239 - 8489, e-mail : jacob_p@shaw.ca

The Rev. Dr. Jacob Thomas
United Kingdom
Phone : +28 90308683

Mr. Varghese Abraham
141 Brintnell RD, For Me Murray, Canada. T9K1K3

Mr. George Eapen, Kuwait Mob : 6031607
Mr. Regi Chandy Koshy, Kuwait. Mob : 6011377

**വരിസംഖ്യ**

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : | 100 രൂപ | (വിദേശത്തുള്ളവർക്ക് US$20) |
| രണ്ടു വർഷത്തേക്ക് | : | 175 രൂപ | ( ” US$30) |
| മൂന്നു വർഷത്തേക്ക് | : | 200 രൂപ | ( ” US$40) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000 രൂപ | ( ” US$250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,00 രൂപ | ( ” US$100) |

Page Layout @ Malayil Offset, Kzhy Ph : 9447563982

*Visit out website :*
**www.newvisionforachangingworld.com**

## CONTENTS

- Editorial 3
- വിഷച്ചെടികൾ എന്തിനു പ്രഭോ? 4
  റവ. ഡോ. എം. ജെ. ജോസഫ്
- ധ്യാനാത്മക കവിത - ഒരു അന്വേഷണം 5
  ഡോ. ഡി. ബഞ്ചമിൻ
- വിത്തിനുള്ളിലെ രഹസ്യം 7
  ഗുരു നിത്യചൈതന്യയതി
- ദൈവം ചിരിക്കുമോ? 11
  ജോർജ്ജ് ബഹനാൻ
- നീതിമാനും കാരുണ്യവാനുമായ ദൈവം 13
  സങ്കീർത്തനം 7
  ഫാ. ഡോ. ടി. ജെ. ജോഷ്വാ
- എല്ലാത്തിനും ഒരു സമയമുണ്ട് 14
  ഫാദർജി
- അനന്യമായി മാരാമൺ കൺവൻഷൻ 15
  ഡോ. ജോസ് പാറക്കടവിൽ
- സംവേദനം - സമവായത്തിനും.... 16
  റവ. ജോസ് പുനമഠം
- കാര്യങ്ങൾ വിശദമായി മനസ്സിലാക്കിയിട്ട്.... 18
  ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പൊലീത്താ
- സാമൂഹ്യ പ്രശ്നങ്ങളോട് ക്രൈസ്തവ... 19
  ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര
- Book Review 21

**MANAGEMENT BOARDS MEMBERS**

| | |
|---|---|
| Prof. Dr. C.T. Kurian | Mr. George Eapen |
| Dr. Annamma George | Mr. K. P. Koshy |
| Mr. Varghese Koshy | Mr. Thomas Koshy |
| Mr. Reji Chandy Koshy | Mr. George Koshy |
| Mr. Thomas t. Thomas | Mr. Justin T. Varughese |
| Mr. Sam Pynumoodu | Mr. Jacob Mathew |
| Mr. P. E. Thomas | Dr. S. Joseph |
| Mr. Aji John Mathews | Rev. Mathew Idiculla |
| Mr. P. V. Varughese | Prof. Zachariah Mathew |
| Mr. Joby Peter | |

**പരസ്യ നിരക്കുകൾ**

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back cover (outside) | Rs. 5000 | Rs. 2500 | Rs. 1250 |
| Back cover (inside) | Rs. 4000 | Rs. 2000 | Rs. 1000 |
| Inner Pages | Rs. 3000 | Rs. 1500 | Rs. 800 |

EDITORIAL

# കോൺഗ്രസിന്റെ പ്രസക്തി




**ഡോ. സിറിയക് തോമസ്**
**ചീഫ് എഡിറ്റർ**


**ഇ**ന്ത്യൻ നാഷണൽ കോൺഗ്രസ് ഒന്നേകാൽ നൂറ്റാണ്ടു പൂർത്തിയാക്കുമ്പോൾ ഇൻഡ്യയുടെ ചരിത്രത്തിലും രാഷ്ട്രീയത്തിലും മാത്രമല്ല ഇന്ത്യയിലെ ജനതയുടെ മനസ്സിലും ഈ മഹാപ്രസ്ഥാനം സ്വന്തമുദ്ര പതിച്ചുകഴിഞ്ഞിരിക്കുന്നു.

കോൺഗ്രസ് ഇന്ത്യയിൽ കേവലം ഒരു രാഷ്ട്രീയ പാർട്ടി മാത്രമല്ലല്ലോ. അതൊരു ദേശീയപ്രസ്ഥാനമാണ്. സമാനതകളില്ലാത്ത ജനകീയപ്രസ്ഥാനവും. ഇന്ത്യയിൽ രാഷ്ട്രീയാവബോധം വളർത്തുന്നതിലും ജനാധിപത്യചിന്തയും മതേതരസംസ്ക്കാരവും ശക്തിപ്പെടുത്തിയതിലും കോൺഗ്രസിനുള്ള പങ്ക് കോൺഗ്രസ്പ്രസ്ഥാനത്തിന്റെ വിമർശകർക്കുപോലും നിഷേധിക്കുവാനാവുകയുമില്ല.

പില്ക്കാലത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറയിളക്കിയ കോൺഗ്രസിന്റെ സ്ഥാപകൻ ഒരു ഇംഗ്ലീഷുകാരനായിരുന്ന സർ എ. ഒ. ഹ്യൂമായിരുന്നുവെന്നതു ഒരു യുക്തിവൈരുദ്ധ്യമായിത്തോന്നാമെങ്കിലും കോൺഗ്രസിന്റെ ആദ്യകാല സാരഥികൾ ഡബ്ലിയു. സി. ബാനർജി, ദാദാബായ് നവറോജി, ഫിറോസ്ഷാ മേത്ത തുടങ്ങിയ ന്യൂനപക്ഷമതവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നുവെന്നതു കോൺഗ്രസിന്റെ അടിസ്ഥാനപരമായ മതേതരസ്വഭാവത്തെ അടിവരയിടുന്നുമുണ്ട്. സർ സി. ശങ്കരൻ നായരെപ്പോലുള്ളവരും കോൺഗ്രസിന്റെ ആദ്യകാലനായകനിരയിലെ ഉജ്ജ്വലനക്ഷത്രങ്ങളിൽപെടുന്നു.

സ്വാതന്ത്ര്യസമരത്തിനു ദിശാബോധവും ശക്തിയും നൽകിയ കോൺഗ്രസുതന്നെയാണ് സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും കാവലായതുമെന്നതു ഇന്ത്യയെ രാഷ്ട്രീയമായി കോൺഗ്രസിനോടു ഏറെ കടപ്പെടുത്തിയിരിക്കുന്നു. ആനിബസന്റും ഗോഖലെയും തിലകനും ഗാന്ധിജിയും നെഹ്റുവും സർദാർ പട്ടേലുമൊക്കെ കോൺഗ്രസിനു ഇൻഡ്യയുടെ ആത്മാവിൽ പ്രതിഷ്ഠനേടിക്കൊടുത്ത മഹാപ്രതിഭകളാണ്. എന്നാൽ നേതാജി സുഭാഷ് ചന്ദ്രബോസിനെപ്പോലെ കോൺഗ്രസിന്റെ മുഖ്യധാരയിൽ നിന്നും മാറി സഞ്ചരിച്ചവരെയും ഇന്ത്യ മറക്കുന്നില്ല.

രാജ്യത്തിനു കോൺഗ്രസ് നൽകിയ ഏറ്റവും വലിയ സംഭാവന ഗാന്ധി–നെഹ്റു രാഷ്ട്രീയ സംസ്ക്കാരമാണ്. അതൊരു രാഷ്ട്രീയ സമീപനവും ദേശീയ മനോഭാവവുമാണെന്നുള്ളതിൽ തർക്കമുണ്ടാകേണ്ട കാര്യമില്ല.

ഇന്ത്യയുടെ രാഷ്ട്രീയ ആത്മാവിനെ ആവിഷ്ക്കരിക്കുന്നതിൽ ഗാന്ധിജിയും നെഹ്റുവും നൽകിയ നേതൃത്വവും ദർശനവും പ്രചോദനവും നിത്യസംഗതമായി നിലനില്ക്കും.

കോൺഗ്രസിനെ ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ നിന്നും ഉയർത്തി നിർത്തുവാനുള്ള ചുമതല കോൺഗ്രസുകാരുടേതാണ്. ദേശീയതയ്ക്കെതിരായ വെല്ലുവിളികളെ തടഞ്ഞുനിർത്തുവാനുള്ള ബാദ്ധ്യത കോൺഗ്രസുകാരാണ് ഏറ്റെടുക്കേണ്ടതാണ്. ഇന്ത്യയുടെ ക്ഷേമരാഷ്ട്ര സങ്കല്പങ്ങൾക്കനുരൂപമായ സാമ്പത്തിക നയങ്ങൾ പിൻതുടരുവാനും കോൺഗ്രസിനു ചുമതലയുണ്ട്. നമ്മുടെ മതേതരത്വത്തിന്റെ കാവലാളാകേണ്ടതും കോൺഗ്രസുതന്നെ. തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും മാത്രമല്ല വർഗ്ഗീയതയെയും വിഭാഗീതയെയും ചെറുക്കുവാനുള്ള രാഷ്ട്രീയബലവും സമർപ്പണവും കോൺഗ്രസിനുണ്ടാകണമെന്നും ഇന്ത്യയിലെ സാമാന്യജനങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്നതാണ് സത്യം.

ഗാന്ധിജിയിലും പട്ടേലിലും നെഹ്റുവിലും കാമരാജിലും ഇന്ദിരയിലും മൊറാർജിയിലും രാജീവിലും വി.പി.സിംഗിലും ജനങ്ങൾ കണ്ടതും കാണാനാഗ്രഹിക്കുന്നതും ഇന്ത്യൻ ദേശീയതയുടെ മുഖമാണ്. ഇപ്പോൾ സോണിയ ഗാന്ധിയിലും ഡോ. മൻമോഹൻസിംഗിലും ജനങ്ങൾക്കുള്ള വിശ്വാസവും രാഹുൽഗാന്ധിയിൽ അവർക്കുള്ള പ്രതീക്ഷയും ഇന്ത്യയുടെ ഈ ദേശീയ–മതേതര സംസ്ക്കാരം നൽകുന്ന ബോദ്ധ്യവും പ്രചോദനവും അടിസ്ഥാനമാക്കിയുമാണ്.

125 വർഷം പൂർത്തിയാക്കുമ്പോഴും കോൺഗ്രസ് പഴഞ്ചനാകുന്നില്ല എന്നതാണ് കോൺഗ്രസിന്റെ ഭാഗ്യം. ഇന്ത്യയുടെ ഭാഗ്യവും അതുതന്നെയാണെന്നതിൽ തർക്കമില്ല.

# വിഷച്ചെടികൾ എന്തിനു, പ്രഭോ?

**റവ. ഡോ. എം. ജെ. ജോസഫ്**
ദേവലോകം

ചെടികളിൽ വിഷമുണ്ട്
പക്ഷേ അത് വിഷം വർഷിക്കുന്നില്ല
വീഷവീര്യം അതിന്റെ തണ്ടിൽ തന്നെ സൂക്ഷിക്കുന്നു.
വിഷവായു ഉച്ഛ്വസിക്കുന്നുമില്ല
ഹേ മനുജാ;
വിഷച്ചെടികൾ വിരളം

വിഷം തെരയുന്നവർക്കു എല്ലാം വിഷം തന്നെ!
കാഞ്ഞിരവും മധുരനാരങ്ങയും
രണ്ടു വൃക്ഷങ്ങളിലല്ലേ വളരുന്നത്?

ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു
മധുരവും കൈപ്പുള്ള വെള്ളവും
പുറപ്പെട്ടുവരുമോ?

അത്തി വൃക്ഷത്തിൽ ഒലിവു പഴവും
മുന്തിരി വള്ളിയിൽ അത്തിപ്പഴവും കായ്ക്കുമോ?

കറുപ്പും, പുകയിലയും
പ്രകൃതിയിൽ സർവ്വേശ്വരൻ
ആക്കിയിരിക്കുന്ന ഭിഷഗ്വരന്മാരാണ്
വനാന്തരങ്ങളിലെ ജീവനെ നിഗൂഢതയിൽ
രക്ഷിക്കുന്ന ''ഈശ്വരന്റെ കാവൽ ഭടന്മാർ'' മാത്രം

ഉഗ്രവിഷമുള്ള സർപ്പവിഷമല്ലേ
വിഷസംഹാരി!
ചന്ദന വൃക്ഷത്തിൽ ചുറ്റിക്കിടക്കുന്ന സർപ്പത്തിനു
ചന്ദനത്തിന്റെ സുഗന്ധം കെടുത്തുവാൻ പറ്റുമോ?

കറുപ്പും വെളുപ്പും
സുഖവും, ദുഃഖവും
ജീവിതത്തിലെ നാൽക്കവലകളല്ലേ?
കാർമേഘങ്ങളിൽ കൂടിയല്ലേ
മഴത്തുള്ളികൾ ഭൂമിയെ അനുഗ്രഹിക്കുന്നത്?

ഉമ്മവും, കാഞ്ഞിരവും
മുല്ലയും, റോസയും
തോളോടുതോൾ ഉരുമ്മി നിൽക്കുന്നത്
കാണുന്നില്ലേ?

കറുത്തവനും, വെളുത്തവനും
ധനവാനും, ദരിദ്രനും സാഹോദര്യത്തിൽ
വസിക്കുന്നതിനല്ലേ
സർവ്വേശ്വരൻ ആഗ്രഹിക്കുന്നത്

ബാഹ്യമായതു നശ്വരം
ആന്തരികമായതു സത്യം സനാതനം!
വിഷം തേടിയുള്ള പ്രയാണം അവസാനിപ്പിക്കുക
പ്രഭോ, കനിഞ്ഞാലും!

# ധ്യാനാത്മക കവിത - ഒരന്വേഷണം



ഡോ. ഡി. ബഞ്ചമിൻ

**പ**രമമായ ശക്തിയെക്കുറിച്ചുള്ള അവബോധവും അതിന്റെ ഉണ്മതേടാനുള്ള വെമ്പലും, അതിന്റെമുന്നിൽ ശിരസു നമിക്കാനുള്ള മനോഭാവവുമാണ് ധ്യാനാത്മക കവിതയ്ക്ക് ജന്മം നൽകുന്നത്. ഈ അവബോധത്തെ ഉദ്ദീപ്തമാക്കാനും വളർത്താനും മതങ്ങൾക്കും മതഗ്രന്ഥങ്ങൾക്കും കഴിയും. ധ്യാനാത്മക കവിത മതവുമായി ബന്ധപ്പെടുന്നത് അങ്ങനെയാണ്. അങ്ങനെ ക്രൈസ്തവ ധ്യാനാത്മക കവിതയും ഹൈന്ദവ ധ്യാനാത്മക കവിതയുമൊക്കെയുണ്ടാവുന്നു. പക്ഷേ ധ്യാനാത്മക കവിതയ്ക്ക് മതത്തിന്റെ പിൻബലമുണ്ടായേ തീരൂ എന്നില്ല. നാടോടിപ്പാരമ്പര്യത്തിൽ നിന്നുപോലും ധ്യാനാത്മക കവിതകൾ രൂപം കൊണ്ടിട്ടുണ്ട്. ബംഗാളിലെ ബാവുൽഗായകരുടെ ഗാനങ്ങളിൽപ്പലതും ധ്യാനാത്മകമാണെന്ന കാര്യം ഇവിടെ ഓർക്കാവുന്നതാണ്. മിസ്റ്റിക് അനുഭവമെന്നപോലെ, ധ്യാനാത്മകാനുഭവവും ഒരു ഘട്ടം കഴിയുമ്പോൾ, മതത്തിന്റെ ചട്ടവട്ടങ്ങളെയെല്ലാം ലംഘിച്ചെന്നും വരും.

തപസിന്റെയും യോഗവിദ്യയുടെയും നാടായ ഇന്ത്യയ്ക്ക് ധ്യാനാത്മക കവിതയുടെ വലിയൊരു പാരമ്പര്യമുണ്ട്. സംസ്കാരത്തിന്റെ ആദിപ്പുലർവേളയിൽ എഴുതപ്പെട്ട ഋഗ്വേദസംഹിതയിൽ ഈ പാരമ്പര്യത്തിന്റെ സ്വാഭാവികമായ തുടർച്ചയാണ്. ശ്രീകൃഷ്ണനെന്ന മൂർത്തമായ ഈശ്വരബിംബമാണ് മീരാബായിയുടെ ധ്യാനാത്മക കവിതകളുടെ കേന്ദ്രം. അമ്പരപ്പിക്കുന്ന അനൗപചാരികതയും അന്തർഭാവപരമായ ആർജ്ജവവും ആ ഗാനങ്ങളെ ഹൃദ്യമാക്കുന്നു. ശൃംഗാരത്തോട് വളരെ അടുത്തു നിൽക്കുന്ന മധുരഭക്തിയാണ് മീരയുടെ ഭജനകളെ ആർദ്രമാക്കുന്നത്. മതത്തിന്റെ സകല അതിരുകളെയും അതിവർത്തിക്കുന്നു കബീറിന്റെ ഗാനങ്ങൾ. ആസ്തികോന്മുഖമായ ആ അന്വേഷണങ്ങൾ പലപ്പോഴും ആഴമേറിയ ജീവിത വ്യാഖ്യാനങ്ങളായിതീരുകയും ചെയ്യുന്നു.

ടാഗോറിന്റെ ഗീതാഞ്ജലിയിലെ കവിതകൾ മിസ്റ്റിക് എന്ന് വിശേഷിപ്പിക്കപ്പെടാറുണ്ട്. മിസ്റ്റിസിസത്തിന്റെയും ധ്യാനാത്മകതയുടെയും അതിരുകൾ നന്നേ ലോലമാണ്. യഥാർത്ഥ മിസ്റ്റിസിസം പ്രപഞ്ചചേതനയുമായുള്ള സാത്മീഭാവത്തിന്റെ ഉച്ചരിക്കാനാവാത്ത അനുഭൂതികളാണ് ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. സാധാരണ ഭാഷയ്ക്ക് സംവേദനം ചെയ്യാനാവാത്തവിധം ണഹിതമായിരിക്കും ആ അനുഭവങ്ങൾ. അത്തരം ചില കവിതകൾ, ടാഗോറിന്റെ ഗീതാഞ്ജലിയിൽ മാത്രമല്ല ഇതര സമാഹാരങ്ങളിലും കാണാൻ കഴിഞ്ഞേക്കും. എങ്കിലും ഏറിയ പങ്ക് കവിതകളും ധ്യാനത്തിന്റെ തലത്തിൽ നിൽക്കുന്നവയാണ്. ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ദുർജ്ഞേയമായ മരണത്തെക്കുറിച്ച് മരണാതീതത്തിന്റെ നിഗൂഢതയെക്കുറിച്ച് ഒക്കെ കവി നടത്തുന്ന ഭാവനാഭാവിതമായ ധ്യാനങ്ങളാണ്, ആ കവിതകൾ. അവയിൽ നിറഞ്ഞു നിൽക്കുന്നത് ഒടുങ്ങാത്ത ജിജ്ഞാസയാണ്. കവിതകളിലധികവും ഉത്തരം കിട്ടാത്ത ചോദ്യങ്ങളിലവസാനിക്കുകയും ചെയ്യും. ഒരുദാഹരണം മാത്രം ശ്രദ്ധിക്കുക.

നിന്നോടു നിത്യവിരോധമായിട്ടിനി
നല്പതെനിക്കു സഹിക്കാനാമോ!
എത്രയാണെൻ കടം നിന്നോടതൊ
ന്നിനൊ-
ന്നേറിവരികയാണോരോനാളും.
എല്ലാവരും വന്നൂ സഭയ്ക്കൊത്തവേ
ഷത്തി-
ലെല്ലാരും നിന്നെവണങ്ങിപ്പോയി.
ഞാനോമറഞ്ഞു മലിനവസനയായ്
ദീനയായ് നിൽക്കയാണില്ലേമാനം.
എങ്ങനെയെൻ മനോദുഃഖമറിയിക്കു-
മങ്ങയെ, മൂകമാണെന്റെ ചിത്തം.
ഹാ! തിരുമുമ്പിൽ വന്നൊറ്റവാക്കെങ്കിലു-
മോതിടാനാവതില്ലെത്ര ദീനം!
എത്തിക്കുകീയപമാനത്തിനക്കരെ
ഹൃത്തിനെ, യിന്നു നിരസിക്കൊല്ലേ
ഏകുകയില്ലേ തൃക്കാൽക്കലതിന്നു നീ
യേറെനാളായിക്കൊതിക്കും സ്ഥാനം?
(വിവ: ജി. ശങ്കരക്കുറുപ്പ്)

ബൈബിളിന്റെ സ്വാധീനം ടാഗോറിന്റെ ഈ വിഭാഗം കവിതകളിലുണ്ട്. പ്രപഞ്ചചേതനയെ വളരെ സമീപസ്ഥമായിക്കാണുന്ന, ഒരു തരം വൈകാരികമായ അടുപ്പം (Intimacy)ഈ കവിതകളിൽ അനുഭവപ്പെടുന്നത് അതുകൊണ്ടാണ്.

ധ്യാനാത്മകമെന്നതിനെക്കാൾ യോഗാത്മകമാണ് (മിസ്റ്റിക്ക്) സെന്റ് ജോൺ ഓഫ് ദി ക്രോസിന്റെയും വിശുദ്ധതെരേസയുടെയും കവിതകൾ. സന്യാസത്തിന്റെ കഠിനമായ ചിട്ടകൾകൊണ്ട് ഈ ലോകബന്ധങ്ങൾ ഓരോന്നായി അടർത്തിമാറ്റി, പടിപടിയായി ഈശ്വരനുമായി, സാത്മ്യം പ്രാപിക്കുന്ന അനുഭവമാണ് ആ കവിതകൾ നൽകുന്നത്. എങ്കിലും വലിയൊരു വിഭാഗം കവിതകളെ ചൈതന്യവത്താക്കുന്നത് ധ്യാനാത്മക കവിതയുടെ പ്രത്യേകതയായി ചൂണ്ടി കാട്ടിയ അശാമ്യമായ ജിജ്ഞാസയാണ്. അതിന്റെ സാഫല്യമെന്നോണമാണ് ചിലപ്പോൾ മിസ്റ്റിക്കനുഭവം യാഥാർത്ഥ്യമാകുന്നത്.

മലയാള കവിതയ്ക്ക് ധ്യാനത്തിന്റെ മാനങ്ങൾ ലഭിക്കുന്നത് എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും രചനകളിലാണ്. എഴുത്തച്ഛൻ ഭക്തിയുടെ പാരമ്യത്തിലെത്തുന്ന മുഹൂർത്തങ്ങളിൽ കവിത ധ്യാനാത്മകമാകുന്നത് കാണാം. പൂന്താനം ആസ്തികൃത്തിന്റെ പീഠഭൂമിയിൽ നിന്നുകൊണ്ട് സ്വാനുഭവത്തിന്റെ തീപ്പൊള്ളലേറ്റ് ജീവിതത്തിന്റെ ക്ഷണികതയെയും സുഖഭോഗങ്ങളുടെ വ്യർത്ഥതയേയും മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തിയേയും കുറിച്ച് ധ്യാനിക്കുന്നു. അതാണ് ജ്ഞാനപ്പാനയിൽ കാണുന്നത്.

ജി. ശങ്കരക്കുറുപ്പിന്റെ കവിത മിസ്റ്റിക്കാണെന്നവാദത്തെ ചില പ്രമുഖ വിമർശകർ ചോദ്യം ചെയ്തിട്ടുണ്ട്. നന്നേ കുറച്ചു കവിതകൾ മാറ്റി നിർത്തിയാൽ, അദ്ദേഹത്തിന്റെ ഏറെ കവിതകളും ധ്യാനാത്മകങ്ങളാണെന്നു സമ്മതിക്കേണ്ടിവരും. പ്രപഞ്ചചേതനയോട് ക്ഷണികമാത്ര ജീവിയായ മനുഷ്യൻ നടത്തുന്ന അർത്ഥനകളാണവയിലധികവും. വനപുഷ്പവുമായി, പങ്കജവുമായി, അല്ലെങ്കിൽ മേഘവുമായി താദാത്മ്യം പ്രാപിച്ച് അനാദ്യന്തവ്യോമമാകുന്ന പ്രപഞ്ചാത്മാവിനോട് സംവദിക്കുന്നു കവി. ധ്യാനാത്മകമായ മനസ്സിന്റെ മുന്നിൽ ഈ മഹാപ്രപഞ്ചം

അതിന്റെ മുഴുവൻ സർഗ്ഗാത്മകതയോടെയും പ്രത്യക്ഷപ്പെടുന്നത് 'ശിവതാണ്ഡവ'ത്തിൽക്കാണാം. ജന്മപരമ്പരകളിലൂടെയുള്ള മാനവാത്മാവിന്റെ പ്രയാണത്തെക്കുറിച്ചുള്ള അനുധ്യാനമാണ് നിഴലുകൾ നീളുന്നു എന്ന കവിത. പി. കുഞ്ഞിരാമൻ നായരുടെ നിതാന്തമായ അന്വേഷണം എന്തിനെ ലക്ഷ്യമാക്കിയാണെന്ന് ഇനിയും നമുക്കുറപ്പില്ല. പക്ഷേ കുടത്തിന്റെ വില പോലുള്ള ചില കവിതകളിലെങ്കിലും ധ്യാനാത്മകമായ മനസ്സിന്റെ ദീപ്തി മിന്നിമറയുന്നുണ്ടെന്നു തീർച്ച. ശൈശവഭാവങ്ങളുടെയും മാതൃത്വത്തിന്റെയും കവിയായിവാഴ്ത്തപ്പെടാറുള്ള ബാലാമണിയമ്മ തികച്ചും വിചാരശീലയായ കവിയാണ്. ശൈശവത്തെയും മാതൃത്വത്തെയുമെല്ലാം ധ്യാനത്തിലൂടെ ആദ്ധ്യാത്മികമായ ഒരു ഭാവാന്തരീക്ഷത്തിലെത്തിക്കുകയാണ് അവർ ചെയ്യുന്നത്.

മിസ്റ്റിക് കവിതയിലെന്നപോലെ ധ്യാനാത്മകമായ കവിതയിലും സംഘടിതമതത്തിന്റെ ഘടനാപരമോ വിശ്വാസപരമോ ആയ ഘടകങ്ങൾക്ക് അത്ര വലിയ പ്രാധാന്യമൊന്നുമുണ്ടാവില്ല. അനുഭൂതിയുടെ ഉയർന്ന തലങ്ങളിലെത്തുമ്പോൾ, കവിത ഈ ഘടകങ്ങളെ കുടഞ്ഞുകളയുകയും സമാനമെന്നുതോന്നുന്ന ഒരു ഭാവവിതാനത്തിലെത്തിച്ചേരുകയും ചെയ്യുന്നു.

മലയാളത്തിലെ ധ്യാനാത്മക കവിതയുടെ ചരിത്രത്തിൽ ഒരു ക്രൈസ്തവമായ സാന്നിദ്ധ്യമുണ്ടോ എന്ന ചോദ്യം ഇതുവരെ ഉന്നയിച്ചില്ല. മലയാളകവിതയിൽ ക്രൈസ്തവർ തങ്ങളുടെ സാന്നിദ്ധ്യം അസന്ദിഗ്ദ്ധമായി സ്ഥാപിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ക്രൈസ്തവ പാരമ്പര്യത്തിന്റെ തുടക്കം ജർമ്മൻ മിഷണിറിയായ അർണ്ണോസ് പാതിരിയിലാണ്. അദ്ദേഹത്തിന്റെ പുത്തൻപാന യേശുക്രിസ്തുവിന്റെ ബലിമരണത്തെ കേന്ദ്രീകൃതമാക്കി, യേശുക്രിസ്തുവിന്റെ ജീവിതകഥ പറയുന്നു. ഉയിർത്തെഴുന്നേല്പിനുശേഷം ശിഷ്യന്മാരെ, പ്രേഷകവൃത്തിക്ക് നിയോഗിക്കുന്നതുവരെയുള്ള സംഭവം അതിലുണ്ട്. അതേ സമയം ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾക്ക് ഊന്നൽ നൽകുന്നതുകൊണ്ടുതന്നെ, ധ്യാനാത്മകതയുടെ ഭാവഛായകൾ അങ്ങിങ്ങു തെളിയുന്നുണ്ട്. മലയാള കവിതയിലെ നിയോക്ലാസിക് പാരമ്പര്യത്തിന്റെ ഭാഗമാണ് ക്രൈസ്തവമായ മഹാകാവ്യങ്ങളെല്ലാം തന്നെ. കട്ടക്കയം തൊട്ട് ഇടയാറന്മുള കെ. എം. വർഗീസ് വരെയുള്ളവർ യേശുക്രിസ്തുവിന്റെ ജീവിതകഥ പദ്യരൂപത്തിലെഴുതി ചരിതാർത്ഥരായവരാണ്. കേവലമായ ആഖ്യാനത്തിൽ ധ്യാനത്തിന്റെ സാദ്ധ്യതകൾ സഫലമാവുകവയ്യ. ധാരാളം കവിതകളെഴുതിയ സിസ്റ്റർ മേരീ ബനീഞ്ഞയുടെ ശ്രദ്ധിക്കപ്പെട്ട കവിതകൾ പ്രഭാവതിയും ലോകമേ യാത്രയുമാണ്. പ്രഭാവതി ഒരു ദുരന്തപ്രേമകാവ്യമാണ്. ലൗകികജീവിതമുപേക്ഷിച്ച് സന്യാസം സ്വീകരിച്ചപ്പോഴെഴുതിയ ലോകമേയാത്ര ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചും ക്ഷണികതയെക്കുറിച്ചുമുള്ള ചില ഉൾക്കാഴ്ചകൾക്കൊപ്പം, ധ്യാനത്തിന്റെ ചില അനുഭവനുറുങ്ങുകളും. എങ്കിലും ലൗകിക ജീവിതവുമായുള്ള ബന്ധം വിടർത്തുമ്പോഴുണ്ടാകുന്ന ഉത്കടമായ വ്യഥയാണ്, അനുവാചകർ ആ കവിതയിലെ വരികൾക്കിടയിൽ നിന്നു വായിച്ചെടുത്തത്. സന്യാസ ജീവിതത്തിനിടയ്ക്കെഴുതിയ ആത്മാവിന്റെ സ്നേഹഗീതത്തിൽ ധ്യാനത്തിലൂടെ യോഗാത്മകാനുഭവത്തിലെത്താനുള്ള തീവ്രമായ വെമ്പൽ കാണാം. പക്ഷേ അത്രത്തോളം ഉയർന്നു പറക്കാനുള്ള കരുത്ത് ആ കവിത്വത്തിനുണ്ടായിരുന്നുവോ എന്നു സംശയമാണ്.

യഥാർത്ഥത്തിൽ ധ്യാനാത്മകമെന്നുപറയാവുന്ന ക്രൈസ്തവരചനകൾ നാം കാണുന്നത് ക്രൈസ്തവ ഭക്തിഗാനങ്ങളിലാണ്. അവയെ കവിതയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. വാസ്തവത്തിൽ മീരാബായിയുടെ കൃഷ്ണഭക്തിഗാനങ്ങൾക്കും കബീറിന്റെ ദാർശനിക കവിതകൾക്കും ജയദേവന്റെ അഷ്ടപദിക്കും മാത്രമല്ല ടാഗോറിന്റെ ഗീതാഞ്ജലിക്കും ഈ ഗാന സ്വഭാവമുണ്ടെന്നകാര്യം ഇവിടെ ഓർക്കേണ്ടതാണ്. വിശ്വഗായകന്റെ മുന്നിൽ തന്റെ വീണയുടെ തന്ത്രികൾ അഴിച്ചും മുറുക്കിയും കഴിയുന്ന ഒരു സാധാരണ ഗായകനായാണ് ടാഗോർ തന്നെ അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ബംഗാളീ കവിതകൾ പദരചനയുടെയും വൃത്തത്തിന്റെയും സംഗീതം കൊണ്ട് അത്യന്തം ആർദ്രമാണ്. ആലപിക്കപ്പെടുമ്പോഴാണ് അവ യഥാർത്ഥത്തിൽ ചരിതാർത്ഥമാകുന്നത്. മലയാളത്തിലെ ക്രൈസ്തവ ഭക്തിഗാനങ്ങളിൽ വിവർത്തനങ്ങൾ മാറ്റി വച്ചാൽ ധ്യാനാത്മകമായ ആത്മാലാപനങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന കുറച്ചധികം കൃതികളുണ്ടാവും. വിദ്വാൻ കുട്ടിയച്ചന്റെ എന്തൊരൻപിതപ്പനേ, ഈ പാപി മേൽ എന്തൊരൻപിതപ്പനേ എന്നാരംഭിക്കുന്ന ഗാനം ക്രൂശിനെക്കുറിച്ചുള്ള ഒട്ടുവികാരഭരിതമായ ധ്യാനമാണ്. ശാസ്ത്രീയ സംഗീതത്തിന്റെ സാങ്കേതികവും പാണ്ഡിത്യ പ്രധാനമായ ഭാഷയും വിദ്വാൻ കെ. വി. സൈമൺന്റെ കൃതികളെ സാധാരണക്കാരിൽ നിന്ന് ഒട്ടൊന്നകറ്റി നിറുത്തുന്നുണ്ട്. എങ്കിലും സംഗീതരത്നാവലിയിൽ സദനേ മാമകേ വാഴും കദനേ തുണനീ ദിവ്യപദനെ പരമാനന്ദപ്രദനേ എന്നാരംഭിക്കുന്ന കീർത്തനംപോലെ ധ്യാനാത്മകതയുടെ വൈകാരികവും ദർശനപരവുമായ സാദ്ധ്യതകളുള്ള കുറച്ചേറെ കൃതികൾ ചൂണ്ടിക്കാട്ടാൻ കഴിയും. യേശുക്രിസ്തുവിന്റെ തിരുജനനത്തെ ധ്യാനിക്കുന്ന ഗീതമാണ് മോശ വത്സലം ശാസ്ത്രികളുടെ 'അദ്ഭുതനേയേശുനാഥ അത്യുന്നതാദൈവസുതാസ്വാമി-ഭവാൻ എന്നാരംഭിക്കുന്ന ആഹരിരാഗത്തിലുള്ളഗാനം. സംഗീതത്തിന്റെ സാങ്കേതികമായ ചിട്ടകളിൽ ഭ്രമിക്കാത്ത സൂക്ഷ്മമായ ആത്മാലാപന സ്വഭാവമുള്ള ധ്യാനങ്ങളാണ് കൊച്ചുകുഞ്ഞുപദേശിയുടെ ഗാനങ്ങൾ. സ്വന്തം അനുഭവങ്ങളെ മുൻനിറുത്തി, ദൈവത്തിന്റെ നിസ്തുലമായ മഹത്വത്തെയും ദിവ്യമായ നിഗൂഢതയേയും ധ്യാനിക്കുന്നു അവ. ഈ ഗാനരചയിതാക്കളെ കവിതയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരാനും, അവരുടെ രചനകളെ വിവേകപൂർവ്വം പഠിക്കാനും നാമിനിയും ശ്രമിച്ചിട്ടില്ല. ക്രൈസ്തവധ്യാനാത്മക കവിതയെക്കുറിച്ചുള്ള പഠനം കേന്ദ്രിതമാകേണ്ടത് അവരിലാണ്.

## വില മെച്ചം ഗുണം തുച്ചം

അമേരിക്കയിൽ സൂപ്പർ മാർക്കറ്റ് നടത്തുന്ന മലയാളി കേരളത്തിൽ സൂപ്പർമാർക്കറ്റുടമയായ സുഹൃത്തുമായി വ്യാപാര രഹസ്യങ്ങൾ പങ്കുവയ്ക്കുകയായിരുന്നു. അമേരിക്കയിലെ അനുഭവം അദ്ദേഹം പറഞ്ഞു: "കൗതുക വസ്തുക്കൾ വില്പനക്കു വയ്ക്കുമ്പോൾ ഒരേ വിലയുള്ള പ്രതിമകൾക്ക് ഓരോന്നിനും ഓരോ വില എഴുതി വയ്ക്കും. സാധനം ഒന്നു തന്നെയാണെന്നതു ശ്രദ്ധിക്കാതെ കുറഞ്ഞ വിലയുള്ളത് വേഗം സെലക്ട് ചെയ്ത് തനിക്കു ലാഭത്തിൽ സാധനം കിട്ടി എന്ന സംതൃപ്തിയോടെ കസ്റ്റമർ പോകും." കേരളത്തിൽ കട നടത്തുന്നയാൾ പറഞ്ഞു: "ഇവിടെ അതു നടപ്പില്ല. മലയാളികൾക്ക് സാധനം മോശമായാലും വില കൂടിയിരുന്നാൽ മതി എന്നാണു വിചാരം."

# വിത്തിനുള്ളിലെ രഹസ്യം

ഗുരു നിത്യ ചൈതന്യയതി

**മൂ**ന്ന് വിത്ത് നാം കുഴിച്ചിടുന്നു. മൂന്നിനും പിറ്റേദിവസം വേരു വന്നു. മൂന്നിനും അങ്കുരങ്ങൾ മണ്ണിനു മുകളിൽ വരുന്നു. കുറേ ദിവസം കഴിഞ്ഞപ്പോൾ ശാഖകൾ വന്നിരിക്കുന്നു. ക്രമേണ അതിൽ ഒന്ന് വളർന്ന് വൻമരമായി. മറ്റൊന്ന് വളർന്നു. പക്ഷേ അതിന് തനിയെ നിൽക്കാൻ കഴിഞ്ഞില്ല. അതിന് കാറ്റത്ത് മറ്റൊന്നിനെ ആശ്രയിക്കേണ്ടി വരുന്നു. അത് വള്ളിയായാണ് വളർന്നു വന്നത്. വിത്തായിരുന്നപ്പോൾ വലിയ വ്യത്യാസമൊന്നും തോന്നിയിരുന്നില്ലെങ്കിലും വളർന്നു വന്നപ്പോൾ അതിലെ ഭാവാന്തരങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. അതിന് വിശേഷലക്ഷണങ്ങൾ ഉണ്ടാകുന്നു, വിശേഷസ്വഭാവങ്ങൾ ഉണ്ടാകുന്നു. മൂന്നു വിത്തുകളും മുളച്ചു, മൂന്നും പൂവിട്ടു, മൂന്നും കായ്ച്ചു. ആ വള്ളിയിൽ നിന്നും വന്നത് കുങ്കുമ നിറമുള്ള പൂക്കൾ. മരത്തിൽ നിന്ന് വന്നത് വളരെ ചെറിയ മഞ്ഞപ്പൂക്കൾ. അതിൽ നിന്നുണ്ടായ ഫലം വളരെ മധുരമുള്ളവയും. മറ്റൊന്നിൽ നിന്നു വന്നത് നീലപ്പൂക്കൾ, കായയ്ക്കോ വല്ലാത്ത കയ്പ്. ഈ കയ്പ്ഫലം തിന്നാൽ ചത്തുപോകും. മധുരമുള്ളത് നമ്മുടെ ആഹാരമാകും. ഇതിന്റെ മൂന്നിന്റേയും മുകൾ വശത്ത് നോക്കുകയാണെങ്കിൽ ഒരേ സൂര്യൻ, ഒരേ കാറ്റ്, ഒരേ മഴ, ഒരേ മണ്ണ്. എന്നിട്ടും വളർന്നു വരുമ്പോൾ മരമായിരിക്കേണമോ വള്ളിയായിരിക്കേണമോ, എപ്പോൾ പൂക്കണം, എപ്പോൾ കായ്ക്കണം എന്നതിനൊക്കെ ഒരു കാര്യപരിപാടി ഉള്ളതുപോലെയാണ് നടക്കുന്നത്. ഈ കാര്യപരിപാടി എവിടെ ഇരിക്കുന്നു? കർണ്ണാടകയിലെ ചിലർ ചോറിനകത്ത് നെയ്യ് ഒഴിച്ച് കഴിക്കുന്നതിനു പകരം ഉച്ചെള്ള് എന്നു പറയുന്ന ഒരു തരം എള്ളിന്റെ എണ്ണയാണ് ഉപയോഗിക്കുന്നത്. ഞാൻ ഈ ഉച്ചെള്ള് വാങ്ങിക്കുഴിച്ചിട്ടു. അത് കിളിർത്തു. രണ്ടു മാസം കൊണ്ട് കായ്ക്കുന്ന ചെടിയാണ് അതെന്ന് നാട്ടുകാർ പറഞ്ഞിരുന്നു. ഞാൻ ഏപ്രിൽ മാസത്തിലാണ് കുഴിച്ചിടുന്നത്. മെയ് കഴിഞ്ഞ് ജൂൺ മാസത്തിൽ കായ്ക്കണം. ജൂൺ കഴിഞ്ഞു. ജൂലായ്, ആഗസ്റ്റ്... അങ്ങനെ മാസം ഏഴെട്ട് കഴിഞ്ഞു. കായ്ച്ചില്ല. പിന്നെ അതങ്ങ് വിട്ടു. കുറച്ച് കഴിഞ്ഞ് മാർച്ച് ആയപ്പോൾ അതിൽ പൂവും കായും കണ്ടു തുടങ്ങി. യഥാർത്ഥത്തിൽ ഈ വിത്ത് ജനുവരിയിൽ പാകണം. ഫെബ്രുവരി കഴിഞ്ഞ് മാർച്ചിൽ അത് കായ്ക്കും. അതാണ് അതിന്റെ വിത്തിൽ സംവിധാനം ചെയ്തുവച്ചിട്ടുള്ള പരിപാടി. ഏപ്രിൽ നട്ടാൽ പിറ്റേ വർഷം മാർച്ച് ആയാലേ ആ വിത്തിൽ നിന്നും കിളിർത്ത ചെടിയിൽ പൂ വിടരുകയുള്ളു– കായുണ്ടാകുകയുള്ളൂ, ഇതുപോലെ നമ്മുടെ ഒക്കെയും ജീവിതത്തിന്റെ വിത്തുണ്ട്. ആ വിത്താണ് അച്ഛനിൽ നിന്നും അമ്മയിൽ നിന്നും നമ്മിലേക്കു വന്നിരിക്കുന്നത്. ആ വിത്തിനുള്ളിൽ തന്നെ ഒരു പരിപാടിയുണ്ട്. ആ പരിപാടി അനുസരിച്ചു മാത്രമേ നമ്മുടെ ജീവിതവും പുരോഗമിക്കുന്നുള്ളൂ. ഇത് ഒരു അത്ഭുതകരമായ കാര്യമാണ്. ആ പരിപാടിയിലുള്ള മുഖ്യമായ ഇനമാണ് എന്തു നിന്നെ സന്തോഷിപ്പിക്കും, എന്തു നിന്നെ സന്തോഷിപ്പിക്കില്ല എന്നുള്ളത്. ആനന്ദം എന്നു പറയുന്നത് ഇതിലെ ഏറ്റവും മുഖ്യമായ ഇനമാണ്.



എന്തു സന്തോഷിപ്പിക്കുന്നു, എന്തു സന്തോഷിപ്പിക്കില്ല എന്നുള്ളത് ഒരു ദിവസംകൊണ്ട് ഒരുമിച്ചു ചേർന്നതല്ല. ഈ വിത്തിനുള്ളിലെ രഹസ്യവും അതുകൊണ്ട് ഒരു ദിവസംകൊണ്ട് അന്വേഷിച്ച് അറിയാവുന്നതുമല്ല. ഇപ്പോൾ ഇങ്ങനെ കാണുന്നതിനുമുമ്പ് ഇതൊക്കെ പലതരം ജീവരൂപത്തിൽ ഇരുന്നതാണ്. അപ്പോൾ അന്ന് അതിനു വന്നിരിക്കുന്ന അനുഭവത്തിന്റെ ചരിത്രം എടുത്താൽ ആ ചരിത്രത്തിന്റെ അനുഭവം എന്താണ്? ഏതാണ് നമുക്ക് പ്രിയം, ഏത് അപ്രിയം എന്നുള്ളതിനെ സംബന്ധിച്ചതാണ്.

ഞാൻ അമേരിക്കയിൽ ഒരു ഗുരുകുലം തുടങ്ങി. രണ്ടു പെൺകുട്ടികൾ ആ ഗുരുകുലത്തിൽ ചേരാൻ വന്നു. ഒരു പെൺകുട്ടിക്ക് മൈക്കിൾ എന്നു പറയുന്ന ഒരു നായയുണ്ട്. മൈക്കിൾ നേരത്തേ വേറൊരു വീട്ടിലായിരുന്നു. ആ വീട്ടുകാർ അതിനെ അടിച്ച് വേദനിപ്പിച്ച് വളരെ പീഡിപ്പിച്ചാണ് വളർത്തിയിരുന്നത്. അതുകൊണ്ട് മൈക്കിളിന്റെ മുഖത്തു ആരു നോക്കിയാലും അത് പേടിച്ച് ചുരുണ്ടു പോകുമായിരുന്നു. വാലൊക്കെ എടുത്ത് കാലിന്റെ ഇടയിൽ കയറ്റി വിറയ്ക്കാൻ തുടങ്ങും. നമ്മളൊന്നും ചെയ്യുന്നില്ല. വെറുതേ മൈക്കിളേ എന്നു വിളിച്ച് മുഖത്തേക്കു നോക്കിയതേ ഉള്ളു. മറ്റേ പെൺകുട്ടിക്ക് ഒരു നായുണ്ട്. റോസി എന്നാണ് പേര്. ഈ റോസി നന്നേ ചെറുപ്പത്തിലെ വളരെ ലാളിച്ചു വളർത്തിയ ഒരു നായക്കുട്ടിയാണ്. നമ്മളൊന്ന് മുഖത്തേക്കു നോക്കിയാൽ മതി മൂളിക്കൊണ്ട് അടുത്തേക്കു ചാടിവരും. നമ്മുടെ തോളത്തൊക്കെ സന്തോഷമായി കേറിക്കളിക്കും. രണ്ടും നായക്കുട്ടികളാണ്. ഒന്നിനെ നോക്കുമ്പോൾ അതു പേടിച്ച് കിടന്നു വിറയ്ക്കുന്നു. മറ്റേത് സന്തോഷത്തോടെ കളിച്ചു നടക്കുന്നു. ഇത് എങ്ങിനെ സംഭവിക്കുന്നു. ചെറുപ്പത്തിലേ ആളുകൾ നിരന്തരം ഉപദ്രവിച്ചതുകൊണ്ട് മനുഷ്യർ മുഴുവനും ഉപദ്രവകാരികളാണെന്നു മൈക്കിൾ മനസ്സിലാക്കിയിരിക്കുന്നു. റോസി മനസ്സിലാക്കി വച്ചിരിക്കുന്നത് മനുഷ്യരെല്ലാം സ്നേഹസമ്പന്നരാണ് എന്നാണ്. അവർക്ക് നേരത്തേ ഉണ്ടായ സുഖദുഃഖങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ആനന്ദാനുഭവങ്ങൾ ഉണ്ടാകുന്നത്.

**ആയിരമായിരം വർഷ ങ്ങളായി ഈ കഴുതകളുടെ പുറത്ത് വലിയ ഭാരം കയറ്റി നടത്തിക്കൊണ്ട് നാം അതിനെ കഷ്ടപ്പെടുത്തുന്നു. ആ കഴുതകൾ ഇപ്പോൾ പറയു ന്നത് ഇങ്ങനെയായിരിക്കും. മതി, മതി നിങ്ങളുടെ സ്നേഹം! നിങ്ങൾ മനുഷ്യരെ ഞങ്ങൾക്ക് നല്ല തുപോലെ അറിയാം.**

ഒരിക്കൽ ഞാനും നടരാജഗുരുവും കൂടി ഗംഗാനദിയുടെ തീരത്തുകൂടി നടക്കാനിറങ്ങി. ഒരു പശു അവിടെ നിൽക്കുന്നു. ഗുരുവിന്റെ കൈയ്യിൽ നടക്കാൻ സഹായിക്കുന്ന വടിയുണ്ട്. ആ വടി പശുവിന്റെ നേർക്കു നീട്ടി പശുവിനെത്തന്നെ നോക്കി നിന്നു. അപ്പോൾ പശു ഗുരുവിനെയും നോക്കി. എന്നിട്ട് അതു കുനിഞ്ഞ് നിന്നു മേയാൻ തുടങ്ങി. പക്ഷെ ഗുരു പശുവിനെത്തന്നെ നോക്കി നിന്നു. പശു ഒന്നുകൂടി ഗുരുവിനെ നോക്കി. പിന്നെയും പുല്ലു തിന്നാൻ തുടങ്ങി. പക്ഷേ, ഗുരു കൈ താഴ്ത്താതെ അങ്ങനെ തന്നെ നിൽക്കുകയാണ്. പശു ഒരിക്കൽ കൂടി ഗുരുവിനെ നോക്കിയിട്ട് രണ്ടടി മുന്നോട്ടു വന്നു. പിന്നെ അവിടെ നിന്നു. വീണ്ടും രണ്ടു മൂന്നടി അടുത്തേക്കു വന്നു. എന്നിട്ട് ആ വടിയുടെ അറ്റത്ത് ഒന്നു നക്കി. അപ്പോൾ ഗുരു വടി താഴെയിട്ടിട്ട് കൈ നീട്ടിക്കൊടുത്തു. അതുവന്നു ഗുരുവിന്റെ കൈയിൽ നക്കി. ഗുരു അതിന്റെ തലയിൽ തലോടി. അപ്പോൾ അത് അതിന്റെ തലപൊക്കി നിന്നു. ഗുരു അതിന്റെ താടിക്ക് താഴെക്കൂടി കഴുത്തിൽ തലോടി. അതു കുറച്ചു കൂടി അടുത്തു വന്നു ഗുരുവിനെ ചേർന്നു നിന്നു. ഗുരു അതിന്റെ പുറത്ത് തലോടിക്കൊണ്ടിരുന്നു. അതു കഴിഞ്ഞ് ഞങ്ങൾ നടക്കാൻ തുടങ്ങി. പക്ഷെ ആ പശുവിന് ഗുരുവിനെ പിരിയാൻ വയ്യ. അത് വിഷമിച്ച് അവിടെതന്നെ നിൽക്കുകയാണ്. എന്നെ പിരിയുകയാണോ എന്നു ചോദിക്കുന്നതുപോലെ. എനിക്കും വിഷമം തോന്നി. വെറുതെ നിന്ന ആ പശുവിനെ പോയി സ്നേഹിച്ച് അത് ഇങ്ങോട്ടും സ്നേഹിച്ചു തുടങ്ങിയപ്പോൾ പിരിഞ്ഞു പോകുന്നു. ആ പശു അങ്ങനെ തന്നെ നോക്കി നിൽക്കുകയാണ്. ഞങ്ങൾ വളരെ ദൂരം പോയിട്ട് തിരിഞ്ഞു നോക്കുമ്പോഴും പശു ആ നിൽപ്പ് തുടരുന്നുണ്ട്. അപ്പോൾ ഗുരു എന്നോട് ചോദിച്ചു. ആ പശു എന്തുകൊണ്ടാണ് നമ്മളെ ഇങ്ങനെ സ്നേഹിക്കുന്നത്? ഗുരു തന്നെ പറഞ്ഞു: ഇത് ഇന്ത്യാരാജ്യമാണ്. ഈ രാജ്യത്ത് ആയിരമായിരം വർഷങ്ങളായി മനുഷ്യൻ പശുവിനെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പശുവർഗ്ഗത്തിന്റെ ആത്മാവിൽ തന്നെ മനുഷ്യസ്നേഹത്തിലുള്ള വിശ്വാസം കലർന്നു നിൽക്കുകയാണ്. നിങ്ങൾ അമേരിക്കയിലെ ഒരു പശുവിന്റെ നേർക്ക് ഇങ്ങനെ കൈ നീട്ടിക്കൊടുത്താൽ അത് തല തിരിച്ചു പൊയ്ക്കളയും.

ഞങ്ങൾ പിന്നെയും നടന്നു തുടങ്ങി. കുറെ കഴുതകൾ പുറത്ത് ഭാരമുള്ള കല്ലുകൾനിറച്ച ചാക്കുകൾ ഏറ്റി നടന്നുവരികയാണ്. വരിവരിയായി വന്നുകൊണ്ടിരിക്കുന്ന അവയ്ക്ക് നടക്കാൻ കഴിയുന്നില്ല. അല്പം നടക്കും പിന്നെയും നിൽക്കും. അങ്ങിനെ തുടരുന്നു. ഗുരുവിന്റെ വടി എന്റെ കൈയിൽ തന്നിട്ട് അദ്ദേഹത്തിന്റെ കൈ കഴുതയ്ക്കു നേരെ നീട്ടിക്കൊണ്ടു നിന്നു. പക്ഷെ കഴുതകൾ നോക്കിയില്ല. പിന്നെയും ശ്രമം തുടർന്നു. ഫലത്തിൽ മാറ്റമുണ്ടായില്ല. ഗുരു ഒരു കഴുതയുടെ വളരെ അടുത്തു ചെന്നു കൈയ് നീട്ടിക്കൊണ്ട് വാ എന്നു വിളിച്ചിട്ടും കഴുത നോക്കിയില്ല. അപ്പോൾ ഗുരു ചോദിച്ചു: കുറച്ചു മുമ്പ് ആ പശുവിനെ ഞാൻ വിളിക്കാതെ തന്നെ വന്നു. ഈ കഴുത വിളിച്ചിട്ടും വന്നില്ല. അതെന്തുകൊണ്ടാണ്? ഞാൻ മൗനം പാലിച്ചു. ഗുരു തുടർന്നു. ആയിരമായിരം വർഷങ്ങളായി ഈ കഴുതകളുടെ പുറത്ത് വലിയ ഭാരം കയറ്റി നടത്തിക്കൊണ്ട് നാം അതിനെ കഷ്ടപ്പെടുത്തുന്നു. ആ കഴുതകൾ ഇപ്പോൾ പറയുന്നത് ഇങ്ങനെയായിരിക്കും. മതി, മതി നിങ്ങളുടെ സ്നേഹം! നിങ്ങൾ മനുഷ്യരെ ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. എനിക്കത് വലിയ പാഠമായിത്തീർന്നു. ഒരേ കാരുണ്യമുള്ള ഗുരുതന്നെയാണ് രണ്ടിനു നേരെയും കൈ കാണിച്ചത്. ഒന്നിന് അത് പ്രിയങ്കരമായി തോന്നി. മറ്റൊന്നിന് അപ്രിയമായിതോന്നി.

**ഈ കേരളത്തിൽ ഒറ്റ മനുഷ്യസമൂഹമായിരുന്നിട്ടും അതു പലതായി തിരിഞ്ഞു നിൽക്കുന്നു. ഹിന്ദുവായും ക്രിസ്ത്യാനിയായും മുസ്ലീമായും അധഃകൃതനായും അഭിജാതനായും മാർക്സിസ്റ്റായും സോഷ്യലിസ്റ്റായും ഡെമോക്രാറ്റായും നാഷണലിസ്റ്റായും ഇന്റർനാഷണലിസ്റ്റായും പലതായി നമ്മൾ പിരിഞ്ഞു നിൽക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ എന്താണുള്ളത്?**

നാം ഒത്തൊരുമിച്ച് ജീവിക്കേണ്ടുന്ന ഈ ഭൂമിയിൽ എന്തുകൊണ്ട് ഒന്ന് ഒരാൾക്ക് പ്രിയമാവുകയും മറ്റൊരാൾക്ക് അപ്രിയമാവുകയും ചെയ്യുന്നു? നാം ഇതിന്റെ അടിസ്ഥാനതത്ത്വമാണ് മനസ്സിലാക്കേണ്ടത്. എല്ലാം ഒരു പരമ്പൊരുളിന്റെ വിവിധ ഭാവങ്ങൾ ആണ്. ആ പരംപൊരുളിനെയാണ് നീ സത്യം ജ്ഞാനമാനന്ദം എന്ന് ഗുരു പറഞ്ഞിരിക്കുന്നത്. പക്ഷെ ആനന്ദം തന്നെ വിഷയങ്ങളനുസരിച്ചും നമ്മുടെ പൂർവ്വാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയും സ്നേഹമോ വിരോധമോ ആയി പരിണമിക്കുന്നു. ഈ കേരളത്തിൽ ഒറ്റ മനുഷ്യസമൂഹമായിരുന്നിട്ടും അതു പലതായി തിരിഞ്ഞു നിൽക്കുന്നു. ഹിന്ദുവായും ക്രിസ്ത്യാനിയായും മുസ്ലീമായും അധഃകൃതനായും അഭിജാതനായും മാർക്സിസ്റ്റായും സോഷ്യലിസ്റ്റായും ഡെമോക്രാറ്റായും നാഷണലിസ്റ്റായും ഇന്റർനാഷണലിസ്റ്റായും പലതായി നമ്മൾ പിരിഞ്ഞു നിൽക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ എന്താണുള്ളത്? നമുക്ക് ചിലതിലുള്ള വിശ്വാസം, ചിലതിലുള്ള വിശ്വാസമില്ലായ്മ. നമുക്കെങ്ങിനെ വിശ്വാസമുണ്ടായി, എങ്ങിനെ വിശ്വാസം ഇല്ലാതായി? പല

### കളിയും കാര്യവും

ശുദ്ധാത്മാവായ ഒരു വൈദിക വിദ്യാർത്ഥിയെ കബളിപ്പിക്കുവാൻ ഒരു സഹപാഠി പറഞ്ഞു: "ബ്രദറേ! അതാ ഒരു കാക്ക മലർന്നു പറക്കുന്നു." അയാൾ കേട്ട മാത്രയിൽ ചാടിയെഴുന്നേറ്റു ജനാലയിലൂടെ പുറത്തേക്കു നോക്കി.

സഹപാഠി: "ബ്രദർ എന്തൊരു വിഡ്ഢിയാണ്. കാക്ക മലർന്നു പറക്കുന്നു എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?"

"ഒരു വൈദിക വിദ്യാർത്ഥി കള്ളം പറയുമെന്നു വിശ്വസിക്കുന്നതിനേക്കാൾ എളുപ്പമല്ലേ കാക്ക മലർന്നു പറക്കും എന്നതു വിശ്വസിക്കുക!"

പ്രാവശ്യം നമ്മുടെ വിശ്വാസത്തിന് ഭംഗമുണ്ടാക്കുന്ന അനുഭവം ഉണ്ടായാൽ പിന്നെ അങ്ങനെയുള്ളതിനെ വിശ്വസിക്കുവാൻ സാധിക്കുകയില്ല. പലപ്രാവശ്യം ചതിവു പറ്റിയാൽ ചതിച്ചവരെ പിന്നെ സ്നേഹിക്കുവാൻ കഴിയില്ല. പലപ്രാവശ്യം നമ്മെ ഒറ്റപ്പെടുത്തിയവരെ കണ്ടാൽ പിന്നെ അവരോട് കൂട്ടുകൂടാൻ കഴിയില്ല. ഭാരതീയചരിത്രം നൂറ്റാണ്ടുകളായി കടുത്ത വിഷത്തിന്റെയും നിറങ്ങളുടെയും കലർപ്പ് നമ്മുടെആത്മാവിൽ ഉണ്ടാക്കിയിരിക്കുന്നു. നമ്മുടെ അറിവിനുണ്ടാക്കിയിരിക്കുന്നു. നമ്മുടെ ചിന്തയിലുണ്ടാക്കിയിരിക്കുന്നു. നമ്മുടെ വികാരങ്ങളിലും ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് ജാതിയില്ല എന്നു നാരായണഗുരു പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല. ഒരു മതമേ ഉള്ളു എന്നു പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല. പറയുന്നത് ബുദ്ധികൊണ്ടാണ്. പലത് എന്ന വിചാരവും വികാരവും ഉണ്ടാകുന്നത് ബുദ്ധിക്കു കടന്നു ചെല്ലാൻ കഴിയാത്ത ആഴത്തിൽ നിന്നാണ്. നല്ല യുക്തയുക്തമായ ഒരു പ്രസംഗം കൊണ്ട് ഒരാളെ എന്നന്നേക്കുമായി തിരുത്താൻ കഴിഞ്ഞിട്ടുണ്ടോ? എത്ര യുക്തി പറഞ്ഞാലും നാം തിരുത്തുന്നില്ല. നമ്മുടെ നിലപാടിനെ സാധൂകരിക്കാൻ നാം വേറൊരു യുക്തി പറയുന്നു. ഇവിടെ യുക്തിവാദികളുണ്ട്. മതവിശ്വാസികളുമുണ്ട്. അവർ തമ്മിൽ സംസാരിക്കുമ്പോഴാകട്ടെ, രണ്ടു കൂട്ടരും യുക്തിയാണ് പറയുന്നത്. യുക്തിവാദി ദൈവം ഇല്ല എന്നു സ്ഥാപിക്കാനുള്ള യുക്തിയും മതവിശ്വാസി ദൈവം ഉണ്ട് എന്നു സ്ഥാപിക്കാനുള്ള യുക്തിയും നിരത്തുന്നു. പക്ഷെ ഒരാളുടെ യുക്തി മറ്റേ ആളുടെ യുക്തിക്ക് നിരക്കാതെ വരുന്നു. ഇതിനു കാരണം നമ്മെ ഭരിക്കുന്നതായ യുക്തിക്ക് അപ്പുറത്തുള്ള ഒന്നുണ്ട് എന്നതാണ്. ഭയഭീതികൾ, സ്നേഹാദരങ്ങൾ, ആരാധനാമനഃസ്ഥിതി. രാഗദ്വേഷാദികൾ ഇതൊന്നും യുക്തിയുടെ ലോകത്തിൽ നിന്നും വരുന്നതല്ല. അതിന്റെ ലോകം വേറെയാണ്. അവയൊന്നും നമ്മുടെ കൈയ്യിലിരിക്കുന്ന കാര്യമല്ല. നമ്മുടെ കണ്ണുകൊണ്ട് ഭയപ്പെടേണ്ടതായ ഒന്നിനെ ദൂരെ കാണുമ്പോൾ ആ അനുഭവം ബുദ്ധിക്ക് കിട്ടുന്നതിനു മുമ്പ് മറ്റൊരിടത്തു പോകുന്നു. അതു ചെന്ന് പെട്ടെന്നു പ്രവർത്തിക്കുന്നതു കാരണം മിന്നൽപോലെ നമ്മുടെ ബോധത്തിൽ ഒരു അനക്കം ഉണ്ടാക്കുന്നു. ബുദ്ധിക്ക് കടന്നു വരാൻ കഴിയുന്നതിനു മുമ്പേ തന്നെ നമ്മൾ പേടിച്ചു പോകുന്നു. ഈ അനുഭവം അഡ്രിനൽ എന്ന ഗ്രന്ഥിയെ പ്രവർത്തനക്ഷമമാക്കുകയും അതിൽ നിന്നും പ്രവഹിക്കുന്ന ഒരു തുള്ളി ദ്രാവകം നമ്മുടെ രക്തത്തിലേക്ക് കലരുകയും ചെയ്യുന്നു. പിന്നീട് അത് കരളിൽ പ്രവേശിക്കുന്നു. അപ്പോൾ അവിടെ സ്റ്റോക്ക് ചെയ്തിരിക്കുന്ന പഞ്ചസാര മുഴുവൻ (ഗ്ലൈക്കോജിൻ) ഇളകി പ്രവർത്തിക്കുകയും രക്തത്തിലൂടെ നമ്മുടെ ശരീരത്തിൽ മുഴുവൻ വ്യാപിക്കുകയും ശരീരം മുഴുവൻ ചൂടാവുകയും ചെയ്യുന്നു. ഈ വിഷം കലർന്ന രക്തം ഹൃദയത്തിലേക്ക് കടന്ന് അവിടെയും ഇതു വ്യാപിക്കുന്നു. ഇങ്ങനെ സംഭവിച്ചാൽ നമ്മുടെ പചനത്തിനാവശ്യമായി ചെറുകുടലിലേക്ക് പോയ രക്തത്തെ മുഴുവൻ ഹൃദയം വലിച്ചെടുക്കുന്നു. അതിനെ കാലിലേക്കും കൈകളിലേക്കും കഴുത്തിലേക്കും മുഖത്തേക്കുമൊക്കെ ഉടനെ എത്തിക്കുന്നു. ഇങ്ങനെ പ്രത്യേക ഊർജ്ജം കലർന്ന രക്തം കാലിലെത്തുന്നതുകൊണ്ട് മുഷ്ടി ചുരുട്ടി ഇടിക്കാൻ തോന്നുന്നു. കഴുത്തിൽ എത്തുന്നതുകൊണ്ട് കഴുത്തു വലിഞ്ഞു മുറുകുന്നു. മുഖത്തെത്തുന്നതിനാൽ മുഖം ചുവക്കുന്നു, കണ്ണുകൾ കലങ്ങുന്നു. ചുണ്ടുകൾ വിറയ്ക്കുന്നു. മസ്തിഷ്കത്തിൽ എത്തുന്നതുകൊണ്ട് ഓർമ്മ പെട്ടെന്നു നശിക്കുന്നു. ശബ്ദകോശങ്ങളിലേക്ക് പോകുന്നതുകൊണ്ട് എന്തു പറയണമെന്നറിയാതെയും ശബ്ദകോശങ്ങളിലേക്ക് പോകുന്നതുകൊണ്ട് എന്തുംപറയണമെന്നറിയാതെയും ശബ്ദം പുറപ്പെടുവിക്കാൻ കഴിയാതെയും നാം കുഴങ്ങുന്നു. ഇങ്ങനെ ആകെപ്പാടെ കലുഷമായിത്തീർന്നാൽ തന്റെ മുന്നിൽ നില്ക്കുന്നത് ആരാണെന്നുള്ള കാര്യം മറന്നുപോകും. തോന്നിയ വാക്കു പറയും. തോന്നിയ പ്രവൃത്തി ചെയ്യും. അടിക്കും ചവിട്ടും, ചിലപ്പോൾ കുത്തിക്കൊല്ലും എന്തു ചെയ്യും. ഇതിനൊക്കെ കാരണം കേവലം ഒരു തുള്ളി വിഷമാണ്. ആ വിഷം നമ്മുടെ രക്തത്തിൽ കലർന്നിട്ടുണ്ട് എന്നു നാം മനസ്സിലാക്കുന്നത് പ്രാകൃതമായ കുറെ ഭ്രാന്ത് കാട്ടിക്കൂട്ടിയതിനുശേഷമാണ്. പിന്നെയാണ് പശ്ചാത്താപമൊക്കെ വരുന്നത്.

ഇതുകൊണ്ടാണ് പറയുന്നത് ബുദ്ധി ഉണരുന്നതിനു മുമ്പ് തന്നെ വികാരം ഉണരുന്നു എന്ന്. വികാരങ്ങളുടെ പിന്നിൽ ജൈവരാസിക പ്രക്രിയകൾ നടക്കുന്നുണ്ട്. ജൈവം എന്നു പറഞ്ഞാൽ ജീവനെ സംബന്ധിക്കുന്നത്. രാസികം രാസത്തെ സംബന്ധിക്കുന്നത്. Biological and chemical, അഥവാ Bio-Chemical function ആണ് നടക്കുന്നത്. നമ്മുടെ കോപം ഉണ്ടാക്കുന്നത് ഒരു Bio-Chemical പ്രക്രിയയുടെ ഫലമായാണ്. നമ്മുടെ സ്നേഹത്തിനും ശൃംഗാരത്തിനും പ്രേമത്തിനുമൊക്കെ ഇങ്ങനെയുള്ള അടിസ്ഥാനമുണ്ട്. ആ സമയത്ത് നമ്മുടെ രണ്ടുതരം നാഡികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന്, sympathetic nerves മറ്റേത് Para-Sympathetic nerves. Sympathetic nerves പ്രത്യേക സന്ദർഭത്തിൽ നമുക്ക് എന്തൊക്കെ ചെയ്യാൻ തോന്നുമോ അതിനൊക്കെ


**വിട്ടുമാറാത്ത രോഗത്തിന്റെ പിടിയിലാണോ നിങ്ങൾ?**
**ഇംഗ്ലീഷ് മരുന്നുകൾ കഴിച്ച് നിങ്ങൾ മടുത്തുവോ?**
**വണ്ണം കുറയ്ക്കാൻ വാങ്ങിയ ഉപകരണങ്ങൾ നിഷ്ഫലമായോ?**

*എങ്കിൽ 19 വർഷമായി പ്രശസ്തനിലയിൽ പ്രവർത്തിച്ചു വരുന്ന*

***ചൈതന്യയിൽ വിദഗ്ധ ചികിത്സ***

- അമിതവണ്ണം, ഹൃദ്രോഗം, (ബൈപ്പാസ് സർജറി ഒഴിവാക്കാം)
- പ്രഷർ, നട്ടെല്ലുരോഗങ്ങൾ
- ആസ്ത്മ, ത്വക്കു രോഗങ്ങൾ, വാതരോഗങ്ങൾ തുടങ്ങി നിങ്ങളെ അലട്ടുന്ന എല്ലാ രോഗങ്ങൾക്കും ഫലപ്രദവും ചെലവു കുറഞ്ഞതുമായ ചികിത്സ
- നേത്രരോഗങ്ങൾക്ക് പ്രത്യേക ചികിത്സ
- പ്രകൃതി ചികിത്സ പ്രചരണത്തിനായി ഡോ. ജോൺ മാത്യു എഴുതിയ പുസ്തകങ്ങളും, ആരോഗ്യമാർഗ്ഗം മാസികയും പ്രകൃതി ചികിത്സാ കോഴ്സുകളും

**ചൈതന്യ പ്രകൃതി ചികിത്സാലയം & യോഗ സെന്റർ**

**തടിയൂർ, പത്തനംതിട്ട ജില്ല**

**ഫോൺ : 0469 - 2654476, 2654086, 9447409559**

**website : www.chaithanyanature.com**

support ചെയ്യുന്ന ഒന്നാണ്. എടുത്തു ചാടണമെന്നു തോന്നിയാൽ അതിനെ ഈ ഞരമ്പ് സഹായിക്കും. ആ സമയത്ത് അതിന്റെ ദോഷങ്ങളൊന്നും ആലോചിക്കുകയില്ല.

ടൈമൂർ എന്നു പറയുന്ന ഒരു മനുഷ്യൻ യുദ്ധത്തിൽ തോറ്റ് പിൻതിരിഞ്ഞോടി. ഓടിയോടി തളർന്നു, വിശന്നു വലഞ്ഞു. ഒടുവിൽ ഒരു കുടിൽ കണ്ടു. ആ കുടിലിൽ കയറിച്ചെന്നു. അവിടെ ഒരു അമ്മ കഞ്ഞി വെയ്ക്കുകയാണ്. അമ്മേ എനിക്കു വിശക്കുന്നു, എന്തെങ്കിലും തരണം എന്ന് അയാൾ കരഞ്ഞ് അപേക്ഷിച്ചു. കുറച്ചു കഴിയട്ടെ മോനേ എന്ന് ആ അമ്മ പറഞ്ഞു. ടൈമൂറിന് വിശപ്പ് സഹിക്കാൻ വയ്യ. കാത്തു നിൽക്കാനും കഴിയുന്നില്ല. അയാൾ വീണ്ടും യാചിച്ചു. ഈ അരി ഒന്നു വെന്തോട്ടെ എന്ന് ആ അമ്മ വീണ്ടും പറഞ്ഞു. അരി വെന്തു. ചൂടു ചോറ് ഒരു പാത്രത്തിൽ വിളമ്പി. ടൈമൂറിന്റെ മുമ്പിൽ എത്തി. വെപ്രാളപ്പെട്ട് അവൻ ചൂടു ചോറിന്റെ നടുവിൽ വിരൽ കുത്തി വാരിയെടുക്കാൻ ശ്രമിച്ചു. വിരൽ പൊള്ളി. അപ്പോൾ ആ അമ്മ പറഞ്ഞു, മോനേ നീ ചോറുണ്ണുന്നത് ടൈമൂർ രാജ്യം വെട്ടിപ്പിടിക്കുന്നതുപോലെയാണ്. അതെന്താണമ്മേ എന്ന ചോദ്യത്തിന് ഒരു അരികിൽ നിന്നു എടുത്തു തുടങ്ങിയാൽ വിഷമമില്ലാതെ മുഴുവനും തിന്നു തീർക്കാം എന്നാണ് ഉത്തരം കിട്ടിയത്. മധ്യഭാഗത്ത് പോയി കുത്തിയിട്ടാണ് നിനക്ക് കൈ പൊള്ളിയത്. അതിനുശേഷം അയാൾ ആ അമ്മ പറഞ്ഞതുപോലെ ചോറ് തിന്നു തുടങ്ങി. യാതൊരു വിഷമവും ഉണ്ടായില്ല. ടൈമൂർ പിന്നീട് രാജ്യത്തിന്റെ ഒരു അരികിൽ നിന്നു തിരിച്ചു പിടിക്കാൻ തുടങ്ങി. ഒടുവിൽ യുദ്ധം ജയിച്ച് ടൈമൂർ ഈ അമ്മയെ കാണാൻ വന്നു. അന്ന് ഈ അമ്മ പറഞ്ഞുകൊടുത്ത അറിവാണ് ഇന്ന് തന്നെ വലിയ വിജയി ആക്കിയിരിക്കുന്നതെന്ന കാര്യവും പറഞ്ഞു. അപ്പോൾ ഒരു സാധാരണ വീട്ടമ്മയുടെ ബുദ്ധിയിലും ഇത്തരം അറിവ് ഉണ്ടാകുന്നു. ഇതിനെയാണ് വിദ്യാഭ്യാസം എന്നു പറയുന്നത്.

നിങ്ങൾക്ക്, സഹോദരിമാർക്ക്, അമ്മമാർക്ക് പിതാക്കന്മാർക്ക് ഒക്കെ വിചാരിച്ചാൽ ഈ വിദ്യാഭ്യാസം നിങ്ങളുടെ കുട്ടികൾക്ക് നൽകാൻ സാധിക്കും. ഈ വിദ്യാഭ്യാസത്തിൽ കൂടി നാം എങ്ങോട്ടു പോകണം എന്നു ചോദിച്ചാൽ.

'അടിമുടിയറ്റതുണ്ടിതുണ്ടതുണ്ടെ-
ടിയിടു മാദിമസത്തയുള്ളതെല്ലാം

**ഉപമയെ പിടിച്ചു ഞെക്കരുത്. ഒരു ഉപമ പറഞ്ഞാൽ അതിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യം മനസ്സിലാക്കിയിട്ടേ അതിനെപ്പറ്റി പറയാൻ പാടുള്ളൂ. പൂവിന് മീശയും താടിയുമൊന്നുമില്ല. അതില്ലാത്തതുകൊണ്ട് അതും മനുഷ്യനും എങ്ങനെയാണ് ഒന്നാകുന്നത് എന്ന ഒരു തർക്കം ഉന്നയിച്ചാൽ ആ പ്രയോഗത്തിന്റെ അർത്ഥം മുഴുവൻ അസ്ഥാനത്തായിപ്പോകും.**

ജഡമിതുസർവ്വമനിത്യമാം ജലത്തിൻ
വടിവിനെ വിട്ടു തരംഗമന്യമാമോ?

നമ്മൾ അടിപിടി കൂടുന്നവരാണ് എന്നു ഗുരു കണ്ടുപിടിച്ചു. ഇന്നലെ ഞാൻ ഒരു ഉദാഹരണം പറയുകയുണ്ടായി. തെറ്റി, റോസ്, മുല്ല എല്ലാം പൂവാണ്. അതുപോലെ നാമെല്ലാം മനുഷ്യരാണ് എന്നു പറഞ്ഞു. അപ്പോൾ ഒരാൾ ചോദിച്ചു: 'അതെങ്ങനെയാണ്?' പൂവിന് വല്ല ഉദ്ദേശ്യവുമുണ്ടോ? അതിങ്ങനെ വിരിഞ്ഞു നിന്നാൽ പോരേ? മനുഷ്യന്റെ സ്ഥിതി അതാണോ? ഞാൻ അദ്ദേഹത്തോട് പറഞ്ഞു, ഉപമയെ പിടിച്ചു ഞെക്കരുത്. ഒരു ഉപമ പറഞ്ഞാൽ അതിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യം മനസ്സിലാക്കിയിട്ടേ അതിനെപ്പറ്റി പറയാൻ പാടുള്ളൂ. പൂവിന് മീശയും താടിയുമൊന്നുമില്ല. അതില്ലാത്തതുകൊണ്ട് അതും മനുഷ്യനും എങ്ങനെയാണ് ഒന്നാകുന്നത് എന്ന ഒരു തർക്കം ഉന്നയിച്ചാൽ ആ പ്രയോഗത്തിന്റെ അർത്ഥം മുഴുവൻ അസ്ഥാനത്തായിപ്പോകും.

ഡേവിഡ് ഹ്യൂം എന്ന ഒരു മഹാചിന്തകനുണ്ടായിരുന്നു. അദ്ദേഹം ഒരു പുസ്തകമെഴുതിയിട്ടുണ്ട്. The dialogue concerning Natural Religion എന്നാണ് ആ പുസ്തകത്തിന്റെ പേര്. അതിൽ ദൈവത്തിനെപ്പറ്റി മൂന്നുപേർ സംവാദത്തിൽ ഏർപ്പെടുന്നുണ്ട്. അതിൽ ഒരാൾക്ക് വാദത്തിനുവേണ്ടി വാദിക്കണമെന്ന വിചാരം മാത്രമായിരുന്നു. എന്തു പറഞ്ഞാലും നേരേ എതിരു പറയും. ഇത് സാധാരണ അറിവു കുറഞ്ഞവർ ചെയ്യുന്നതാണ്. പക്ഷേ അറിവുള്ളവരും ഇതു ചെയ്യുന്നുണ്ട്. അതാണ് ഗുരു പറയുന്നത്.

നെല്ലു കുലച്ച് അരിമണികളുമായിട്ടു നില്ക്കുന്നു. അതു കണ്ടിട്ട് ശങ്കരാചാര്യർ ഇങ്ങനെ പറഞ്ഞു. ആദ്യത്തെ ഒരു നെന്മണി ഇല്ലായിരുന്നെങ്കിൽ ഈ കാണുന്ന നെന്മണികൾ വല്ലതും ഉണ്ടാവുമോ! ഉണ്ടാവുകയില്ല. അപ്പോൾ ആദ്യത്തെ ആ നെന്മണി, വിത്തായിരിക്കുന്ന നെന്മണി അതുണ്ടെങ്കിലേ ഇതൊക്കെ ഉണ്ടാവുകയുള്ളൂ. വിത്തിനിട്ട ചേമ്പെടുത്തു ചുട്ടു തിന്നതാരെടി? വിത്തിനു വെച്ച ചേമ്പെടുത്ത് അടുപ്പിലിട്ടാൽ പിന്നെ ചേമ്പെങ്ങിനെ വിളയിക്കും? അത്രയ്ക്കു കാര്യമാണ് വിത്തെന്നു പറയുന്നത്. ഇതിനാണ് കാരണമെന്നു പറയുന്നത്. ഈ നെന്മണി മടിയിൽ വച്ചു നടന്നാൽ നമുക്ക് ഭക്ഷണമാകുമോ? വിത്തിനെ എവിടെയെങ്കിലും പാകി മുളപ്പിച്ച് ചെടിയാക്കി വളമിട്ടു വളർത്തി വിളയിക്കണം. അപ്പോൾ കാര്യം ഉണ്ടാകും. ഈ കാര്യവും നമുക്കു വേണ്ടതുതന്നെ. കാരണം മാത്രം പോരാ. രാമാനുജാചാര്യർ ഇതാണ് പറഞ്ഞത്. ശങ്കരാചാര്യർ പറഞ്ഞു അടി (വിത്ത്) മതി എന്ന്. രാമാനുജാചാര്യർ പറയുന്നു മുടിയും വേണം എന്ന്. ഭാരതത്തിലെ പ്രധാന ആചാര്യന്മാരാണ് ഈ തരത്തിൽ അടിയുടെയും മുടിയുടെയും പേരിൽ തർക്കിക്കുന്നത്.

എന്നാൽ ഈ അടിയും സത്യമാണ്, മുടിയും സത്യമാണ്. ഇലയും സത്യമാണ്, പൂവും സത്യമാണ്, എല്ലാം സത്യമാണ്. സമുദായത്തിൽ ഉണ്ടാകുന്ന അടിപിടികൾ തീർക്കണമെങ്കിൽ നാം പക്ഷം ചേർന്നു നിന്നാൽ പറ്റില്ല. നമ്മുടെ കേരളത്തിന്റെ സ്ഥിതി ഒന്നെടുക്കാം. നമുക്ക് വേണമെങ്കിലും വേണ്ടയെങ്കിലും എങ്ങിനെയോ കുറെ ആളുകൾ ഇവിടെ ഹിന്ദുക്കളാണ്. കുറേപ്പേർ ക്രിസ്ത്യാനികളും, മറ്റു കുറേപ്പേർ മുസ്ലീങ്ങളുമാണ്. ഇവരിൽ ഹിന്ദുക്കളെ എടുത്താൽ അവരിൽ അഭിജാതരും അല്ലാ

**ഈ നെന്മണി മടിയിൽ വച്ചു നടന്നാൽ നമുക്ക് ഭക്ഷണമാകുമോ? വിത്തിനെ എവിടെയെങ്കിലും പാകി മുളപ്പിച്ച് ചെടിയാക്കി വളമിട്ടു വളർത്തി വിളയിക്കണം. അപ്പോൾ കാര്യം ഉണ്ടാകും. ഈ കാര്യവും നമുക്കു വേണ്ടതുതന്നെ.**

(തുടർച്ച പേജ് 12)

# ദൈവം ചിരിക്കുമോ?



ജോർജ്ജ് ബഹനാൻ

സ്വാമി വിവേകാനന്ദന്റെ പാണ്ഡിത്യം മനസ്സിലാക്കിയ ഒരു വിദേശി സ്വാമിയെ പരീക്ഷിക്കാൻ ചോദിച്ചു, 'ദൈവം കരയുമോ?' സ്വാമി പറഞ്ഞു. ഇല്ല, ഭാര്യയും മക്കളും കുടുംബപ്രാരാബ്ധങ്ങളും ഇല്ലാത്ത ദൈവം എന്തിനാണ് കരയുന്നത്. അയാൾ വീണ്ടും ചോദിച്ചു 'ദൈവം ചിരിക്കുമോ?' സ്വാമി പറഞ്ഞു തീർച്ചയായും ദൈവം ചിരിക്കും. ഒരു പിടി മണ്ണിനു വേണ്ടി പുരാതനമായ അതിരുകൾ നീക്കി ചേട്ടനും അനുജനും വഴക്കടിക്കുമ്പോൾ, മണ്ണിനോട് മനുഷ്യന്റെ ആർത്തി കാണുമ്പോൾ, ഈ മണ്ണ് ആരുടേതാണെന്ന് ഇനിയും മനസ്സിലാകാത്ത മനുഷ്യന്റെ വിഡ്ഢിത്തമോർത്ത് ദൈവം പൊട്ടിച്ചിരിക്കും. എത്ര ശരിയാണ്.

നമുക്ക് എല്ലാത്തിനോടും ആർത്തിയാണ്. കിട്ടുന്തോറും ആർത്തി കൂടിക്കൊണ്ടിരിക്കും. ഈ ആർത്തി നമ്മെ കൊണ്ടെത്തിക്കുന്നത് മാനസ്സിക രോഗങ്ങളിലും, സ്വഭാവവൈകല്യങ്ങളിലും മൂല്യശോഷണത്തിലുമാണ്. ഈ ആർത്തിക്ക് അന്തമില്ല. ഉപ്പുവെള്ളം കുടിക്കുന്നതുപോലെയാണ് കുടിക്കുന്തോറും ദാഹം കൂടും. ദാഹം തീർക്കാൻ പിന്നെയും കുടിക്കും പിന്നെയും ദാഹം കൂടിക്കൊണ്ടിരിക്കും. എല്ലാത്തിനോടുമുള്ള ആർത്തി ഇതുപോലെയാണ്.

മണ്ണ് ഒരു പ്രതീകം മാത്രം മണ്ണുപോലെയല്ലെ ആർത്തിയും? അത്യാഗ്രഹവും കാണിക്കുന്ന പണവും, പ്രതാപവും ഭക്ഷണവും വസ്ത്രവുമെല്ലാം? ആർത്തിയും ആവശ്യവും തമ്മിലുള്ള ലക്ഷ്മണരേഖകൾ പലർക്കും അന്യമാണ്. ആർത്തി അഥവ അത്യാഗ്രഹം അതല്ലെ മനുഷ്യന്റെ സമാധാനം കെടുത്തിക്കൊണ്ടിരിക്കുന്നത്.

കൊട്ടാരത്തിലെ ബാർബർ വീട്ടിലേക്ക് നടക്കുന്ന വഴിക്ക് വെച്ച് ഒരു ശബ്ദം "നിനക്ക് എട്ട് ഭരണി സ്വർണ്ണം വേണോ?" അവൻ ചുറ്റുപാടും നോക്കി. അവന്റെ ആർത്തി മൂത്തു. അവൻ ഉച്ചത്തിൽ അലറി പറഞ്ഞു "തീർച്ചയായും വേണം." എങ്കിൽ വീട്ടിൽ ചെല്ലുക അവിടെ ഏഴു ഭരണി സ്വർണ്ണം വെച്ചിട്ടുണ്ട്. അവൻ വീട്ടിലേക്കോടി. ചെന്നപ്പോൾ ഏഴു ഭരണിയിലും സ്വർണ്ണം പക്ഷെ ഒന്നിൽ മാത്രം പകുതി സ്വർണ്ണമേയുള്ളു. പക്ഷെ നമ്മുടെ ബാർബർ വീട്ടിലുള്ള സ്വർണ്ണാഭരണങ്ങൾ മുഴുവൻ ഉരുക്കി ഭരണിയിൽ ഒഴിച്ചു എന്നിട്ടും ആ ഭരണിയിൽ പകുതി സ്വർണ്ണമേയുള്ളു. അയാൾ പട്ടിണി കിടന്ന്, കുടുംബത്തെ മുഴുവൻ പട്ടിണി കിടത്തി അതുകൊണ്ട് സ്വർണ്ണം വാങ്ങി ഭരണിയിലിട്ടു. എന്നിട്ട് ഭരണിയിൽ പകുതി സ്വർണ്ണം മാത്രം.

ഒരു ദിവസം ബാർബർ രാജാവിനെകണ്ട് ശമ്പള വർദ്ധനവേണമെന്ന് അപേക്ഷിച്ചു. അങ്ങനെ ശമ്പളം ഇരട്ടിയാക്കി. അങ്ങനെ ഭരണി നിറയ്ക്കാനുള്ള പരിശ്രമം കൂടുന്നു. അവസാനം അയാൾ യാചിക്കാൻ തുടങ്ങി. കിട്ടിയ സ്വർണ്ണം മുഴുവൻ ജാറിലെറിഞ്ഞു. പക്ഷെ ഇപ്പോഴും ഭരണിയിൽ പകുതി സ്വർണ്ണം മാത്രം.

രാജാവ് ബാർബറിനെ സസൂക്ഷ്മം വീക്ഷിക്കുന്നുണ്ടായിരുന്നു. പട്ടിണികിടന്ന് ക്ഷീണിച്ച ബാർബറിന്റെ പരിതാപകരമായ അവസ്ഥ രാജാവ് മനസ്സിലാക്കി. നിങ്ങൾ വളരെ സന്തോഷവാനായിരുന്നു. ശമ്പളം കുറവായിരുന്നു. ഇപ്പോൾ ശമ്പളം കൂട്ടി ഇപ്പോൾ നിങ്ങൾ ക്ഷീണിച്ച് എല്ലും തോലുമായിരിക്കുന്നു. മുഖത്ത് എന്നും വിഷാദം. നിങ്ങളുടെ വീട്ടിൽ സ്വർണ്ണം നിറച്ച ഏവു ജാറുകൾ കണ്ടേക്കാം.

ബാർബർ അത്ഭുതസ്തബ്ധനായി. അങ്ങയോട് ഇതാരു പറഞ്ഞു ബാർബർ ചോദിച്ചു.

രാജാവ് ചിരിച്ചുകൊണ്ട് പറഞ്ഞു. ഭൂതത്തിന്റെ കൈയ്യിൽ നിന്നും ഏഴു ഭരണി സ്വർണ്ണം കിട്ടിയവരുടെയെല്ലാം ലക്ഷണങ്ങൾ ഇതാണ്. ഒരിക്കൽ എനിക്കും ഭൂതം ഇത് സമ്മാനിച്ചു. ഈ സ്വർണ്ണം ചിലവാക്കാൻ പറ്റില്ല. ശേഖരിച്ച് വെക്കാനെ പറ്റൂ. അതുകൊണ്ട് ഞാൻ സ്വീകരിച്ചില്ല. ഈ ഭരണികൾ തിരിച്ച് ഭൂതത്തെ ഏൽപ്പിക്കൂ ആ നിമിഷം നിങ്ങൾക്ക് സന്തോഷം ഉണ്ടാകും.

ആർത്തി അഥവാ അത്യാഗ്രഹം ശേഖരിച്ച് വെയ്ക്കുന്നതിൽ മാത്രമായി അവസാനിക്കുന്നു എന്ന സത്യം മറക്കരുത്. ഉപയോഗിക്കാതെ സൂക്ഷിച്ച് വെയ്ക്കുന്ന എന്തും നശിച്ചുപോകും. അയാൾക്ക് പൂത്തപണം ഉണ്ട് എന്ന് നാം സ്ഥിരം കേൾക്കാറുള്ള പല്ലവിയാണ്. എന്റേത്, എനിക്ക് മാത്രം, എന്ന് പറഞ്ഞ് നാം ശേഖരിക്കുന്ന കാര്യങ്ങളോട് നമുക്ക് ആർത്തിയാണ് അത് നാം ആർക്കും കൊടുക്കില്ല.

ഈ ആർത്തി ഒരാഗോള പ്രതിഭാസമാണ് ഇത് അത്യന്തം അപകടകരമാണ്. പൊൻമുട്ടയിടുന്ന താറാവിനെ കൊന്ന് കൂടുതൽ മുട്ടകിട്ടാൻ ശ്രമിച്ച മനുഷ്യനെ നമുക്കറിയാം. സ്വർണ്ണത്തോടുള്ള ആർത്തി മൂലം തൊട്ടതെല്ലാം സ്വർണ്ണമാകണം എന്ന് പ്രാർത്ഥിച്ച് വരം വാങ്ങിയ രാജാവിന്റെ കഥ നാം വായിച്ചിട്ടുണ്ട്. ആർത്തി ആപത്താണ്. മാസങ്ങളായി പത്രത്തിൽ വായിക്കുന്ന ടോട്ടൽ ഫോർ യു കേസിന്റെ വിവരങ്ങൾ ആൾക്കാരുടെ ആർത്തിയെയല്ലെ കാണിക്കുന്നത്. ഗുണ്ടാ മാഫിയ സംഘങ്ങളും അവർ വന്ന വഴികളും അവരുടെ പ്രവർത്തനങ്ങളും ധനത്തോടുള്ള അതിരുകവിഞ്ഞ ആർത്തിയുടെ അനന്തരഫലങ്ങളാണ്.

വളരെ മനോഹരമായ ഒരു റഷ്യൻ കഥയിതാണ് വിയർത്ത് മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകനെപ്പറ്റി രാജാവ് കേട്ടു, നാടിന്റെ അഭിമാനമായ അയാളെ രാജാവിന് കാണാൻ വലിയ ആഗ്രഹമായി. അയാൾക്ക് സമ്മാനങ്ങൾ കൊടുക്കാൻ രാജാവ് തീരുമാനിച്ചു. കൊട്ടാരത്തിലെത്തിയ അയാളോട് രാജാവ് ചോദിച്ചു. നിങ്ങൾക്ക് എന്തു വേണമെങ്കിലും എന്നോട് ചോദിക്കാം. കർഷകന്റെ മനസ്സിളകി. പൊന്നുവിളയുന്ന മണ്ണല്ലാതെ എനിക്കെന്തുവേണം. അവന്റെ ആഗ്രഹം മനസ്സിലാക്കിയ രാജാവ് പറഞ്ഞു. നിനക്ക് ആവശ്യമുള്ളത്രയും ഭൂമി അളന്നെടുത്തോളു. പക്ഷെ ഒരു വ്യവസ്ഥയുണ്ട്. അടുത്ത ദിവസം പകൽ സൂര്യനസ്തമിക്കുന്നതിന് മുൻപ് ഭൂമി അളന്നെടുത്തിരിക്കണം കർഷകന് സന്തോഷമായി. അയാൾ അന്ന് ഉറങ്ങിയില്ല. സൂര്യപ്രകാശം വീണ അതിരാവിലെ രണ്ടു രാജസേവകരോടൊപ്പം കർഷകൻ ഭൂമി അളന്നെടുക്കാൻ തുടങ്ങി. ഫലഭൂയിഷ്ടമായ കുന്നും താഴ്വരകളും അളന്നെടുത്തവർ മുന്നോട്ട് പോയി വെയിലും, വിശപ്പും, ദാഹവും, ക്ഷീണവും ഒന്നും അവനറിഞ്ഞില്ല.

(തുടർച്ച പേജ് 12)

## വിത്തിനുള്ളിലെ രഹസ്യം
(തുടർച്ച)

ത്തവരുമുണ്ട്. അധഃകൃതരുമുണ്ട്. അധഃകൃതരിൽ തന്നെ പട്ടികയിൽപ്പെട്ടവർ തന്നെ ഞങ്ങൾ അവന്റെ പട്ടികയിൽ പെടുന്നവരല്ല, അവൻ വേറെ പട്ടികയിൽപ്പെട്ടവനാണ് എന്നും പറയും. അഭിജാതരിൽ നമ്പൂതിരിയുണ്ട്, അതിനു താഴെ പല വിഭാഗത്തിൽപ്പെടുന്നവർ പ്രബലവർഗ്ഗങ്ങളായി നിലനിൽക്കുന്നു. ഹിന്ദുമതത്തിന് സംഭവിച്ചതിതാണ്.

ക്രിസ്ത്യാനികൾ പറഞ്ഞു, കാര്യമൊക്കെ ശരി. ഞങ്ങൾ രണ്ടായിരം കൊല്ലമായിട്ട് പോപ്പിനെ വാഴിച്ച് പത്രോസിന്റെപാരമ്പര്യത്തിൽ നിൽക്കുന്നവരാണ്. ഞങ്ങളോട് കേറി കളിക്കരുത്. അപ്പോൾ അടുത്തു നിന്നവർ പറഞ്ഞു. നിങ്ങളുടെ ക്രിസ്തുമതം ഉണ്ടാകുന്നതിനു മുമ്പ് തോമാശ്ലീഹാ ഇവിടെ വന്ന് ഇവിടെ ഉണ്ടായിരുന്ന നമ്പൂതിരിമാരെ തർജ്ജമ ചെയ്തുണ്ടായതാണ് ഞങ്ങൾ. അതുകൊണ്ട് ഞങ്ങൾ സാധാരണ ക്രിസ്ത്യാനികൾ അല്ല. ഞങ്ങളുടെ വീട്ടിൽ ഇപ്പോഴും കൊമ്പുവിളക്കും കുടവിളക്കുമൊക്കെ ഇരിപ്പുണ്ട്. ഇതിനുപുറമേ സുറിയാനി ക്രിസ്ത്യാനികൾ വേറെ നിൽക്കുന്നു. യാക്കോബായുടെ ആൾക്കാരുമുണ്ട്. ക്രിസ്ത്യാനികളിൽ തന്നെ അവശരുണ്ട്. അവർക്ക് ഹിന്ദുമതത്തിലെ അധഃകൃതർക്ക് നൽകുന്നതിൽ നിന്ന് കുറച്ച് എടുത്ത് കൊടുക്കണം. ഇതാണ് ആ മതത്തിന്റെ ഇരിപ്പുവശം. പിന്നെ മുസ്ലിങ്ങൾ ആണ്.

ഇതിനിടെ ചിലർ വന്ന്, ഞാൻ ഹിന്ദുവാണെന്നുള്ളത് വെറും ആനുഷംഗികമാണ്, ഞാൻ അതിലൊന്നും വിശ്വസിക്കുന്ന ആളല്ല. എനിക്ക് ദൈവമില്ല, എനിക്ക് മതമില്ല, ഞാൻ അമ്പലത്തിൽ പോകാറില്ല, എനിക്ക് ക്രിസ്ത്യാനി എന്നോ മുസ്ലിമെന്നോ ഭേദമില്ല എന്നൊക്കെ പറഞ്ഞു. ഈയാളോട് വേറൊരാൾ ചോദിച്ചു, അപ്പോൾ നിങ്ങളാരാ? ഞാൻ മാർക്സിസ്റ്റാണ് എന്ന മറുപടി പെട്ടെന്നു വന്നു. ഇവർക്കു പുറമേ കുറച്ചുകൂടി വീര്യം കൂടിയ ആളുകളുണ്ട്. അവർ മാർക്സിസ്റ്റ് എന്നതിന്റെ കൂടെ ലെനിനിസ്റ്റ് എന്നു കൂടി ചേർക്കും. പിന്നെ വേറൊരു കൂട്ടർ വന്ന്, ഇവർക്കൊന്നും ശരിയായ ദേശീയത തൊട്ടു തീണ്ടിയിട്ടില്ല. ദേശീയത ഞങ്ങൾക്കാണ് ഉള്ളത് എന്നു പറഞ്ഞു. അവർ കോൺഗ്രസ്സുകാരായിരുന്നു. അവർക്കും ഹിന്ദു, ക്രിസ്ത്യാനി, മുസ്ലിം ഭേദമൊന്നുമില്ല. അവർ തികഞ്ഞ ദേശീയവാദികളാണ്. ഇപ്പോൾ നമ്മൾ എവിടെയെത്തി നിൽക്കുന്നു. ഇതാണ് നമ്മുടെ സ്ഥിതി. നമ്മുടെ സമുദായത്തിന്റെ എക്സ്റേ എടുത്താൽ ഇതൊക്കെയാണ് കാണാൻ കഴിയുക. നമ്മൾ ഇത്രയും വിഡ്ഢികളായിപ്പോയില്ലോ? ഇതൊക്കെ അങ്ങിനെതന്നെ സമ്മതിച്ചു കൊടുക്കാൻ നമ്മളിൽ ഇരിക്കുന്ന മനുഷ്യരെവിടെപ്പോയി? മാർക്സിസ്റ്റിൽ മനുഷ്യനില്ലേ? നക്സലൈറ്റിൽ മനുഷ്യനില്ലേ? ക്രിസ്ത്യാനിയിലില്ലേ, നായരിലില്ലേ, ഈഴവനിലില്ലേ? ആ മനുഷ്യൻ എവിടെപ്പോയി? അവനെമാത്രം എവിടെയും കാണാനില്ല.

ഒരിക്കൽ അമേരിക്കയിൽ വെച്ച് റെഡ് ഇന്ത്യൻസിന്റെ നൃത്തം കാണാൻ എനിക്ക് അവസരമുണ്ടായി. ഒരുത്തൻ ഒരു മാസ്ക് ധരിച്ച് നൃത്തം ചെയ്യുന്നുണ്ട്. നൃത്തം തുടരുന്നതിനിടെ 'ട്ടെ എന്നൊരു ശബ്ദം കേട്ടു. ആ മനുഷ്യന്റെ മാസ്ക് പൊട്ടി രണ്ടായി പിളർന്ന് നിലത്തു വീണു. അയാളുടെ മുഖത്ത് വേറൊരു മാസ്ക് പ്രത്യക്ഷപ്പെട്ടു. ഇങ്ങനെ ഒന്നിനടിയിൽ മറ്റൊന്നായി ഒളിഞ്ഞു കിടക്കുന്ന മാസ്കുകൾ. നമ്മുടെ നാട്ടിൽ ഏറ്റവും വലിയ രാഷ്ട്രീയവാദിയുടെ മാസ്ക് പൊട്ടിയാൽ ആദ്യം ദേശീയവാദി, ദേശീയവാദിയുടെ മാസ്ക് പൊട്ടിയാൽ സമുദായവാദി, സമുദായവാദിയുടെ മാസ്ക് പൊട്ടിയാൽ പിന്നെ സ്വന്തം കാര്യം സിന്ദാബാദ്. ഇപ്പോൾ മാസ്കുകളെല്ലാം ഒന്നൊന്നായി വീണുകൊണ്ടിരിക്കുകയാണ്. വെച്ചു കെട്ടുന്നതിനും ഒരു കണക്കില്ലേ? ഒരു പരിധി കഴിഞ്ഞാൽ അത് അവിടെ ഇരിക്കുകയില്ല. അതിങ്ങനെ പറപറാന്ന് പൊളിഞ്ഞു വീണുകൊണ്ടിരിക്കും. അതാണ് പത്രത്തിൽ നാം ദിവസവും കാണുന്നത്. മന്തുകാലൻ മന്തിൽ മണ്ണുവെച്ചു കെട്ടി മറ്റവന്റെ മന്തു ചൂണ്ടി എടാ മന്തുകാലാ എന്നു വിളിക്കുന്നതുപോലെയുള്ള സ്ഥിതിയായിക്കഴിഞ്ഞു. ഇതിൽ നിന്നും രക്ഷയുണ്ടോ? അതിനുള്ള മാർഗ്ഗമാണ് നാം കണ്ടെത്തേണ്ടത്. *(പുനഃപ്രകാശനം)*

> മാസത്തിൽ ഒരിക്കലുണ്ടാകുന്ന കൊടിഞ്ഞി എന്ന തലവേദന ബർനാർഡ് ഷായെ മരണം വരെ അലട്ടിയിരുന്നു. ഒരു പ്രാവശ്യം തലവേദനകൊണ്ട് ഷാ അസ്വസ്ഥനായിരുന്നപ്പോഴാണ് ഉത്തരധ്രുവപ്രദേശത്തു പര്യവേഷണം കഴിഞ്ഞെത്തിയ ഫ്രിജോഫ്നാൻസൻ അദ്ദേഹത്തെ സന്ദർശിക്കുവാനെത്തിയത്. ഷാ അദ്ദേഹത്തോടു ചോദിച്ചു: "വിട്ടുമാറാത്ത തലവേദനയ്ക്കുള്ള മരുന്നു വല്ലതും അറിയാമോ?"
> "അറിയില്ല" എന്നായിരുന്നു അതിഥിയുടെ മറുപടി
> ഷാ പറഞ്ഞു: "ആർക്കും വേണ്ടാത്ത ധ്രുവപ്രദേശം കണ്ടെത്തുവാൻ അങ്ങ് ആയുസ്സു മുഴുവൻ ചെലവാക്കി. എല്ലാവർക്കും വേണ്ടതാണ് തലവേദനയ്ക്കുള്ള മരുന്ന്. അതു കണ്ടുപിടിക്കാൻ ശ്രമിക്കാത്തതെന്ത്?"

**ദൈവം ചിരിക്കുമോ?** (തുടർച്ച)

സമയം പോയതുപോലും അവനറിഞ്ഞില്ല. കാരണം എത്രയും ഭൂമി അളന്നെടുക്കാനുള്ള അവന്റെ ആർത്തിയിൽ സൂര്യൻ അസ്തമിക്കാൻ പോകുന്നത് അവനറിഞ്ഞില്ല. അങ്ങകലെ കുന്നിൻ മുകളിൽ പൊട്ടുപോലെ കൊട്ടാരം കാണാം. അയാൾ സർവ്വശക്തിയുമുപയോഗിച്ച് ഓടി. സൂര്യൻ അസ്തമിക്കുന്നതിന് മുൻപ് രാജ സന്നിധിയിൽ മടങ്ങിയെത്തിയില്ലെങ്കിൽ തന്റെ എല്ലാ അദ്ധ്വാനവും പാഴാകും. അവർ മിന്നൽ പിണർ പോലെ കുതിച്ചു പാഞ്ഞു. കൃത്യം സൂര്യാസ്തമയത്തിന് മുൻപ് അവൻ രാജസന്നിധിയിൽ മടങ്ങിയെത്തി.

രാജാവും ജനങ്ങളും സന്തോഷിച്ചു. പക്ഷെ സൂര്യോദയം മുതൽ അസ്തമയം വരെ ആർത്തിയോടെ ഭൂമിക്കുവേണ്ടി ഓടിയ കർഷകൻ രാജാവിന്റെ മുൻപിൽ കുഴഞ്ഞു വീണു മരിച്ചു. ഒരു പിടിമണ്ണുപോലും അയാൾ സ്വന്തമാക്കിയില്ല. ഈ മണ്ണ് ആരുടേതാണ് എന്നിനിയും മനസ്സിലാകാത്ത മനുഷ്യരല്ലെ നാം? പക്ഷെ മണ്ണും പൊന്നും ആർത്തിയോടെ വാരിക്കൂട്ടാനുള്ള മനുഷ്യന്റെ ആർത്തി അവനെകൊണ്ടെത്തിച്ചത് ഒരു വലിയ മരണത്തിലാണ്. അത്മീയമായ മരണം.

ഒന്നും കണക്കു പറയാതെ തരുന്നവനാണ് ദൈവം. ഏറ്റവും നല്ലത് ദൈവം നമുക്ക് സൗജന്യമായിട്ടാണ് നൽകുന്നത്. വായു, വെള്ളം, സ്നേഹം, കൃപ ഇതിനൊന്നും ദൈവം വില ചോദിക്കുന്നില്ല. ചോദിച്ചാൽ നാമെന്തു ചെയ്യും. പക്ഷെ മനുഷ്യൻ പറയുന്നു എല്ലാം എന്റേതാണ്.


എല്ലാ സാഹസികതകളും കാണിച്ച് കഴിഞ്ഞ് ആറടി മണ്ണിലേക്ക് മൃതശരീരം ഇറക്കിവെക്കുമ്പോൾ ഒരു പിടി മണ്ണുവാരി അതിലേക്കിട്ട് വൈദികൻ പറയും. മനുഷ്യാ നീ മണ്ണാകുന്നു. അവൻ കാണിച്ച ആർത്തിയും അവൻ ആർത്തിയോടെ സമ്പാദിച്ച എല്ലാം എവിടെ. നഗ്നമായി ഈ ലോകത്തിലേക്ക് വന്ന നമ്മൾ അതുപോലെ തിരിച്ചുപോകും.

ധനം സമ്പാദിച്ച് തിന്നുക, കുടിക്കുക ആനന്ദിക്കുക എന്നുപറയുന്ന ധനികനായ മനുഷ്യനെ ദൈവം വിളിക്കുന്നത് മൂഡാ എന്നാണ്. മനുഷ്യൻ കാണിക്കുന്ന കോപ്രായങ്ങൾ കണ്ട് ദൈവത്തിന് ചിരിവന്നില്ലെങ്കിലെ അതിശയമുള്ളു.

**വാൽക്കഷണം**

ഏബ്രഹാം ലിങ്കന്റെ അയൽവാസി ആരുടെയോ കരച്ചിൽ കേട്ടു പുറത്തിറങ്ങിയപ്പോൾ കണ്ടത് ലിങ്കൺ തന്റെ രണ്ടു പുത്രന്മാരോടൊപ്പം നടന്നുപോകുന്നതാണ്. രണ്ടു കുട്ടികളും ഉച്ചത്തിൽ കരയുന്നു. എന്താ ആബി ഇവർ കരയുന്നത്. അയൽക്കാരൻ ചോദിച്ചു. ഈ ലോകത്തിന്റെ പ്രശ്നം തന്നെയാ ഇവിടെയും ലിങ്കൺ പറഞ്ഞു. എന്റെ കൈയ്യിൽ മൂന്ന് വാൾനട്ട്സ് ഉണ്ട്. പക്ഷെ ഓരോരുത്തർക്കും രണ്ടെണ്ണം വേണമെന്ന് പറഞ്ഞാണ് കരയുന്നത്. ഇതല്ലേ ആർത്തി?

# നീതിമാനും കാരുണ്യവാനുമായ ദൈവം



## സങ്കീർത്തനം : 7

ഫാ ഡോ. ടി. ജെ ജോഷ്വ

ഏഴാം സങ്കീർത്തനം ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നു വിടുതലിനുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു നീതിമാന്റെ പ്രാർത്ഥനയാണ്. ശത്രുക്കളാൽ കുറ്റം ആരോപിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നവർ ദേവാലയത്തിലേക്കു ചെന്ന് ദൈവത്തിന്റെ വിധി സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനം 1 രാജാ. 8:31 കാണുക അതിൻ പ്രകാരം ഇവിടെ പ്രവർത്തിക്കുന്നതായി കരുതാം. പക്ഷേ ദാവീദിന്റെ ചരിത്രത്തിലെ ഏതു സന്ദർഭമാണ് ഇതിന്റെ പശ്ചാത്തലമെന്നു വ്യക്തമല്ല; ചരിത്രപരമായി ഒരു തെളിവുമില്ല.

ബെന്യാമീന്യനായ ഒരു കൂശ് ദാവീദിനെതിരായി ശൗൽ രാജാവിന്റെ അടുക്കൽ രാജ്യദ്രോഹവും വഞ്ചനയും ആരോപിച്ച് തന്റെ നിരപരാധിത്വവും നിഷ്കളങ്കതയും ദൈവസമക്ഷം ദാവീദ് വെളിപ്പെടുത്തുകയാണ് ഈ വിലാപകീർത്തനത്തിൽ കൂടി. ദൈവകരുണയും ദൈവനീതിയും ഒരേ സമയം വെളിപ്പെടുന്നു എന്ന പൗലോസിന്റെ വേദശാസ്ത്രത്തിന്റെ നിഴൽ ഇതിൽ നമുക്കു കാണാം. ഭയവും അനിശ്ചിതത്വവും നിറഞ്ഞ ജീവിത സാഹചര്യത്തിൽ ദൈവകരങ്ങളിൽ ശരണപ്പെടുന്ന ഒരു ഭക്തന്റെ അനുഭവം ഇതിൽ അനാവരണം ചെയ്യുന്നു.

വാ. 1-2. സഹായത്തിനുള്ള അപേക്ഷ: തന്റെ പേരിൽ വിശ്വാസ വഞ്ചന വ്യാജമായി ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ തനിക്കു നീതി നടത്തിത്തരണമെന്ന് ദൈവത്തോടു പ്രാർത്ഥിക്കുന്നു. എന്റെ ദൈവമായ യഹോവേ എന്നുള്ള സംബോധനയിൽ ദൈവത്തോടുള്ള അടുപ്പവും ഉടപ്പവും വ്യക്തമാക്കുന്നു. തന്റെ ശത്രുക്കളെ ഹിംസ്രജന്തുക്കളോടാണ് ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നത്. ഒരു വിശ്വാസിയുടെ പ്രാർത്ഥന പാപത്തിൽ നിന്നും പൈശാചിക ശത്രുക്കളിൽ നിന്നും സംരക്ഷിക്കണമേ എന്നായിരിക്കണം.

വാ. 3-5 സ്വന്തം നിരപരാധിത്വം വ്യക്തമാക്കുന്നു: തന്റെ നിരപരാധിത്വത്തെപ്പറ്റി ഉത്തമബോധ്യമുള്ളതുകൊണ്ട്, താൻ തെറ്റുചെയ്തിട്ടുണ്ടെങ്കിൽ ശത്രു തന്നെ പീഡിപ്പിച്ചുകൊള്ളട്ടെ എന്നു ദൈവമുമ്പിൽ സമ്മതിക്കുന്നു. തന്നെ പിന്തുടർന്നും പീഡിപ്പിക്കുന്ന ശൗലിനെ രണ്ടു വട്ടം തന്റെ കരങ്ങളിൽ ലഭിച്ചതാണ്. പക്ഷേ പ്രതികരണത്തിനോ ഏതെങ്കിലും സാഹസിത്തിനോ താൻ ഒരുമ്പെട്ടില്ല.

ഒരു കാര്യം ഇവിടെ വ്യക്തമാക്കുന്നു: ഒരുവൻ എത്രതന്നെ നിഷ്കളങ്കനായിരുന്നാലും, ദുഷ്ടതയും വക്രതയും നിറഞ്ഞ മനുഷ്യർ അവർക്കെതിരായി അപവാദങ്ങൾ പരത്തിയെന്നു വരാം. ലോകത്തിൽ കണ്ടു വരുന്ന ഒരു പ്രവണതയാണ് ഇത്.

വാ. 6-7 ന്യായവിധി നടത്തുവാനുള്ള അപേക്ഷ: നീതി നടത്തുന്ന ന്യായാധിപനായി ദൈവത്തെ കണ്ടുകൊണ്ട്, അവിടുന്ന് ന്യായാസനത്തിന്മേൽ ഉപവിഷ്ടനാകണമേ എന്നാണപേക്ഷ. തന്റെ ശത്രുക്കളുടെ തിന്മയ്ക്കെതിരായി ദൈവത്തിന്റെ കോപം ജ്വലിക്കണം. അങ്ങനെ തന്റെ ശത്രുക്കൾ നിശ്ശബ്ദരാകണം.

സങ്കീർത്തകൻ അന്ത്യന്യായവിധിയെപ്പറ്റിയല്ല ഇവിടെ പരാമർശിക്കുന്നത്. തന്റെ പ്രത്യേക സാഹചര്യത്തിൽ ദൈവം ഇടപെട്ട് ന്യായം വിധിക്കണമെന്നാണ്. ദൈവത്തിന്റെ ന്യായപീഠത്തിനു മുമ്പിൽ ലോകജനത നീതിക്കും ന്യായത്തിനുമായി കടന്നു വരുന്ന ചിത്രം ഇവിടെയുണ്ട്.

വാ. 8-10 നീതിയോടെ ന്യായം വിധിക്കണമേ എന്ന അപേക്ഷ: ന്യായപീഠത്തിന്മേൽ ഉപവിഷ്ടനാകണമേ എന്നു മുമ്പേ അപേക്ഷിച്ചു. ഇപ്പോൾ വിഭാവന ചെയ്യുന്നത് ദൈവം പ്രഭാവത്തോടെ ഉപവിഷ്ടനായി എന്നും അക്കാര്യം വിളംബരം ചെയ്തു പ്രഖ്യാപിക്കുകയാണ്. യഹോവ ജനതകളെ ന്യായം വിധിക്കുന്നു. അപ്പോൾ അപേക്ഷകനായ സങ്കീർത്തകൻ ഉണർത്തിക്കുന്നു. എന്റെ നീതി നിഷ്ഠയ്ക്കും സത്യസന്ധതയ്ക്കും ഒത്തവിധം എന്നെ വിധിക്കണമേ. (വാ. 8) സന്നിഹിതരായിരിക്കുന്ന എല്ലാവരുടേയും മുമ്പാകെ, ന്യായവിധി നടത്തി തന്റെ നിഷ്കളങ്കത്വം വെളിപ്പെടുത്തണമേ എന്നപേക്ഷിക്കുന്നു. ദൈവം ഹൃദയങ്ങളെയും അന്തിരിന്ദ്രിയങ്ങളെയും അറിയുന്നവനാണ്. അതുകൊണ്ട് തനിക്കു നീതി ലഭിക്കുമെന്നുറപ്പുണ്ട്. ദൈവസന്നിധിയിൽ നല്ല മനസാക്ഷിയുള്ള ഒരാൾക്കു മാത്രമേ ഇപ്രകാരം അപേക്ഷിക്കാനാവൂ.

ദൈവം ജനതകളെ ന്യായം വിധിക്കുന്നതുപോലെ വ്യക്തികളെയും വിധിക്കുന്നു. ജനതകളോടെന്നപോലെ വ്യക്തികളോടും അവിടുന്നു ഇടപെടുന്നു. അതുകൊണ്ട് ഉത്തമ മനസാക്ഷിയോടും ഉറച്ച വിശ്വാസത്തോടും പ്രഖ്യാപനം ചെയയ്ുന്നു. ദൈവം തനിക്കു പരിചയായി വർത്തിച്ച് സംരക്ഷണം നൽകുന്നു.

വാ. 11-13 സർവ്വശക്തൻ ദുഷ്പ്രവൃത്തിക്കാരെ ഉന്മൂലനം ചെയ്യും. മുൻവാക്യങ്ങളിൽ ദൈവത്തെ നീതിയുള്ള ന്യായാധിപതിയായി വിഭാവന ചെയ്തശേഷം ഇവിടെ, ആയുധങ്ങൾക്കു മൂർച്ച കൂട്ടുന്ന യോദ്ധാവായി വിശേഷിപ്പിക്കുന്നു. പരമാർത്ഥ ഹൃദയമുള്ളവരെ അവിടുന്നു സംരക്ഷിക്കുകയും ദുഷ്ടരെ ന്യായം വിധിച്ചു ശിക്ഷിക്കുകയും ചെയ്യും. അതിനായി തന്റെ വാളിനു മൂർച്ച കൂട്ടുകയും വില്ലും അമ്പും സജ്ജമാക്കുകയും ചെയ്യും.

ദൈവം ദയാലുവും ദാക്ഷിണ്യവാനുമാകുന്നു. എങ്കിലും ദുഷ്ടൻ മനസ്സുതിരിയുന്നില്ലെങ്കിൽ അവിടുന്നു അവനെ ശിക്ഷിക്കുന്നു. ദൈവത്തിന്റെ നീതിമാത്രമല്ല ദുഷ്ടനെ ശിക്ഷിക്കുന്നത്, മറിച്ച് അവന്റെ ദുഷ്ടതയും നാശത്തിലേക്കു തന്നെ നയിക്കുന്നു.


വാ. 14-16. ദുഷ്ടനു ദുരന്തമുണ്ടാകും: ദുഷ്ടന്റെ ചതി പ്രയോഗങ്ങളും കുതന്ത്രങ്ങളും അവനു തന്നെ അനർത്ഥമുണ്ടാക്കുന്നതായി ഇവിടെ ചിത്രീകരിക്കുന്നു.

ദുഷ്ടന്റെ പ്രവൃത്തിയെ മൂന്നു വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു: (a) പ്രസവിക്കാൻ നോവുകിട്ടിയ സ്ത്രീ: അവൾ പ്രസവിക്കുന്നതു വരെ നൊമ്പരപ്പെട്ട് ആയാസപ്പെടുന്നതുപോലെ ദുഷ്ടൻ തന്റെ കുടിലത പ്രാവർത്തികമാക്കാൻ വെമ്പൽ കൊള്ളുന്നു; അവൻ പ്രസവിച്ചതാകട്ടെ വ്യാജവും വഞ്ചനയും. (b) വേട്ടക്കാരന്റെ പ്രവൃത്തിഅയാൾ തന്റെ ഇരയെ കുരുക്കുവാൻ കുഴികുഴിച്ച് കാത്തിരിക്കുന്നു. കുഴിക്കുന്നതിനുള്ള ശ്രമമോ, അദ്ധ്വാനമോ, ഒന്നും അവൻ കണക്കാക്കുന്നില്ല. ഇരയെ വീഴിക്കുക എന്നു മാത്രം അവന്റെ ലക്ഷ്യം. വന്യമൃഗങ്ങളെ കുഴി

(തുടർച്ച പേജ് 20)

**PORTRAYAL**

# എല്ലാത്തിനും ഒരു സമയോണ്ട്...



ഫാദർജി

എത്രയും ബഹുമാനപ്പെട്ട അബ്രഹാം പിതാവിന്,

ഭൂമിമലയാളത്തിലെ ചെന്ത്രാപ്പിനി പഞ്ചായത്തിൽ, ടി കരയിൽ എമ്പടി ധനവാനായ ഒരു സുറിയാനി നസ്രാണിയാനു ഞാൻ. വാരിക്കൂട്ടിയതിനൊന്നും ഒരു കണക്കുമില്ല. കോടികളാണ്, കോടികൾ.

ആലുവാ ചന്തയിൽ ചുമട്ടുതൊഴിലാളിയായി തുടങ്ങിയ ജീവിതമാണ് എന്റേത്. ഇരുപതുകൊല്ലം ചുമടെടുത്തതിന്റെ പാടിപ്പോഴും ശവപ്പെട്ടിയിലെ ബാഡിയിലുണ്ട്. മിച്ചവും കടവും വാങ്ങി തട്ടിക്കൂട്ടിയ തട്ടുകടയിൽ നിന്നാണ് കാലം തെളിഞ്ഞത്. ഞാൻ ചുമടെടുത്ത ഹോൾസെയിൽ കടയിൽ മുതലാളിയായിരിക്കാൻ വർഷം മൂന്നേ വേണ്ടിവന്നുള്ളൂ. അവിടുന്നു നേരെ ചാടിയത് കോൺട്രാക്ടിലേക്കാണ്. ഒപ്പിട്ട കരാറുകളെല്ലാം അടിച്ച ലോട്ടറികളായി. നോക്കെത്താദൂരത്തോളം എന്റെ സ്വന്തമായി. ബാങ്കുകളെല്ലാം സ്ഥിരനിക്ഷേപം കൊണ്ടുനിറഞ്ഞു. സ്ഥാവര-ജംഗമവസ്തുക്കൾ എണ്ണിയാൽ തീരാത്തവണ്ണമായി. ആശ്രിതനും അടിമകളും കാലിസമ്പത്തുക്കളും എമ്പടിയായി. എന്റെ സൂപ്പർമാർക്കറ്റിന്റെ മുമ്പിലിരുന്നു പിച്ചതെണ്ടി ജീവിച്ചു പോന്ന തർമ്മക്കാർ ഒരുപാടുണ്ടായിരുന്നു.

കരളുമാന്തിപ്പറിക്കുവാൻ വന്ന മത-രാഷ്ട്രീയ പണ്ടാരങ്ങൾക്കൊക്കെ കള്ളപ്പണം വാരിയെറിഞ്ഞു മതിവരുത്തി. നാടുനീളെ പള്ളിയും കുരിശുപള്ളിയും കുറച്ചൊന്നുമല്ലേ പണിതുകൂട്ടിയത്. ഒരുപാട് സുവിശേഷയോഗങ്ങള് സ്പോൺ സർ ചെയ്തിട്ടുണ്ട്.

കെട്ട്യോളെപ്പഴും പറയുമായിരുന്നു: മതി, വല്ലയിടത്തും അടങ്ങിയിരി. എന്തിനാ ഇങ്ങനെ വാരിക്കൂട്ടണെ. ആത്മത്തിനുവേണ്ടുന്ന വല്ലതും ചെയ്യ്.

പക്ഷേ, മതിവരണില്ലായിരുന്നു. കൊതിതീരത്തില്ലായിരുന്നു. അതിരാവിലെ നാലുമണിയ്ക്ക് എഴുന്നേറ്റ് ഓട്ടം തുടങ്ങും. രാത്രി ഒന്നും രണ്ടുമാകുമ്പോളാ റിട്ടേണെത്തുന്നത്. പിന്നെ തല്ലിയലച്ചൊരു കിടപ്പാണ്.

പള്ളിപ്പോകാനോ കർത്താവു പറഞ്ഞകാര്യങ്ങൾ ശ്രദ്ധിക്കാനോ സമയോണ്ടായില്ല. പള്ളീലും സഭേലുമൊക്കെ മേത്തരം സ്ഥാനമാനങ്ങൾ കിട്ടിയതുകൊണ്ട് സ്വർഗ്ഗത്തിലും കൊഴപ്പമുണ്ടാവില്ലെന്ന് നിരീച്ചു. കട്ടിൽകോലേലാകുമ്പോ മാനസാന്തരപ്പെടാന്നും ചിന്തിച്ചേൻ.

ഒരു രാത്രി കള്ളക്കണക്കുകൾ കൂട്ടിക്കുറച്ചു കിടക്കുമ്പോഴാണ് മരണദൂതൻ വാറണ്ടുമായി ലോക്ക് ചെയ്ത എ.സി. റൂമിലേയ്ക്ക് തുടിച്ചുകേറി വന്നത്. ആളെകണ്ടപ്പളേ സംഗതി എടങ്ങേറായീന്ന് പിടികിട്ടി. പുള്ളേരെ വിളിച്ച് എമർജൻസിയായി ഫൈവ്സ്റ്റാർ ആശുപത്രീല് അത്യാഹിതത്തിനകത്ത് സെയിഫായി അഡ്മിറ്റ് ചെയ്തപ്പോ ദേണ്ടേ വരണു കൊലച്ചിരിയുമായി മരണദൂതൻ അവിടേം. ഡോക്ടർ സൂപ്രണ്ട് തൊട്ടടുത്ത് നിൽക്കുമ്പോൾ ഗ്ലൂക്കോസ് സ്റ്റാന്റിൽ കയറി നിന്ന് മരണദൂതൻ പറഞ്ഞു.

“അപ്പഴേ ധനവാൻചേട്ടാ, സമയായി. ബക്ക് ങ്ങട് പോണം.”

ഞാൻ പറഞ്ഞു: “അതിന് ഡാക്കിട്ടർ സാർ സമ്മതിക്കണ്ടേ? ലണ്ടനീന്ന് പുള്ളേര് പിടിച്ചപിടിയാലെ കൊണ്ടുവന്ന ഹൃദ്രോഗവിദഗ്ദ്ധനാ ഇങ്ങേര്. നിന്റെ ഒരു കളീം ഇവിടെ നടക്കില്ല. നിനക്ക് ക്രിയ നടത്തിയേ അടങ്ങൂ എങ്കില് താലൂക്ക് സർക്കാരാശുപത്രീല് ആരും ചോദിക്കാനില്ലാത്ത ഒരു ലാസറ് കെടക്കണണ്ട്. ന്റെ വീടിന് മുമ്പിന് വശക്കേടായി കെടന്നപ്പോ പിള്ളേര് പൊക്കിക്കൊണ്ടുചെന്ന് അൺലോഡ് ചെയ്തതാ. അങ്ങോട്ട് ചെന്ന് പെരുമാറിയാട്ടെ.”

“ലാസറുചേട്ടനെ നമ്മളു പൊക്കി. ഇനി ഹിറ്റ്ലിസ്റ്റിൽ നീയാണ്. കൊമ്പും കുഴലും തൂക്കിനിൽക്കുന്ന ഈ വിദഗ്ദ്ധനെ നിന്റെ ഡെത്ത് സർട്ടിഫിക്കറ്റെഴുതി തിരിച്ച് ലണ്ടനിലെത്തി മൂന്നാംദിവസം പതിനാറാം തീയതി മൂന്നു പിയെമ്മിന് പൊക്കും. സ്വർഗ്ഗം ഓർഡറിട്ടാൽ എന്റെ ധനവാൻ ചേട്ടാ ഏതു കക്ഷീനേം നമ്മളു പൊക്കുമേ. ഇനി മൂന്നു മിനിറ്റേയുള്ളൂ നിന്റെ കർട്ടൻ വീഴാൻ. കർത്താവിനെ വിളിക്കണോങ്കി വിളിച്ചോ. ലാസ്റ്റ് ചാൻസാ.”

“അരുതെ, രണ്ടു ദിവസം തരണം. അരുതാത്തത് ഒരുപാട് വാരിക്കൂട്ടീട്ടുണ്ട്. അക്കൗണ്ട് ശരിയാക്കി വിൽപ്പത്രമെഴുതീട്ട് പോന്നോളാം.”

പക്ഷേ ആ ഇബിലീസ് കേട്ടില്ല. മരണദണ്ഡെടുത്ത് ഇടത്തേവിലാവിലോട്ടൊരു കുത്ത്. ദേ കെടക്കണു ബാഡി ഡെഡ് ബാഡിയായി. കർത്താവിനെ ഒന്നു വിളിക്കാനും സമയം കിട്ടിയില്ല. വലിച്ചിഴച്ചുകൊണ്ടുവന്ന് കുരുത്തം കെട്ടവൻ അൺലോഡ് ചെയ്തത് ഒരവൺസ് വെള്ളംപോലും കിട്ടാത്ത നരകത്തില്.

പിതാവേ, ഞാൻ തെറ്റു തിരുത്തുവാനാഗ്രഹിക്കുന്നു. എന്റെ വസ്തുക്കളിൽ പകുതി നാട്ടിലെ ദരിദ്രർക്കായി പങ്കിട്ടുകൊടുക്കണം. ആരിൽ നിന്നെങ്കിലും അധികമായി അപഹരിച്ചെടുത്തിട്ടുണ്ടെങ്കിൽ (ഉണ്ട്, സത്യായിട്ടും ഉണ്ട്.)

ഒന്നിനു എട്ടുവീതം തിരിച്ചുകൊടുക്കണം. മക്കൾക്കും മരുമക്കൾക്കും വേണ്ടി നീക്കിവച്ചതൊക്കെ പിടിച്ചെടുത്ത് വിധവമാർക്കും സാധുപെൺകുട്ടികൾക്കും കൊടുക്കണം. മക്കള് വേലയെടുത്ത് ജീവിക്കട്ടെ.

ആ ലാസറിന്റെ കെട്ട്യോൾക്ക് ഒരു രണ്ടുനില വീടു പണിയിച്ചുകൊടുക്കണം. എത്ര കഷ്ടത്തിലാ വഴിയരികിൽ മറച്ചുകെട്ടി അവർ കഴിയണെ. ഓർക്കുമ്പോ ന്റെ നെഞ്ചു പെടക്കണു. ലാസറിന്റെ നാലു പെമ്പിള്ളേരുടെ കല്യാണാവശ്യങ്ങൾക്കുള്ള ചെലവ് സൗത്തിന്ത്യൻ ബാങ്കിലെ ആറു കോടിയിൽ നിന്നെടുത്തു നടത്തണം. ഇതെല്ലാം അടിയന്തിരമായി നടപ്പിൽ വരുത്തി പിതാവിന്റെ ഓഫീസിൽ ലാസർ സാറിന്റെ ശിപായിയായി ഒരു പ്രമോഷൻ തരപ്പെടുത്തി ഈ എടങ്ങേറിൽ നിന്ന് രക്ഷിക്കണമെന്ന് താഴ്മയായി, വിനയപൂർവ്വം, എളിമയോടെ അപേക്ഷിക്കുന്നു.

അവിടുത്തെ വിനീതപുത്രൻ : ധനവാൻ<br>
ചെന്ത്രാപ്പിനി പി. ഒ., കേരളം

****

മകനെ,

നാട്ടിലെ രേഖകളിൽ നീയിപ്പോളൊരു പരേതനാണ്. നിന്റെ പേരിലുള്ളതെല്ലാം മക്കളും മരുമക്കളും ശവസംസ്കാരത്തിനുമുമ്പ് കൈക്കലാക്കി. നിന്റെ അക്കൗണ്ട് ഇൻവാലിഡും എക്സ്പെയേഡുമാണ്. എല്ലാത്തിനും ഒരു സമയമുണ്ട് മോനെ.

ഖേദപൂർവ്വം,<br>
അബ്രഹാം പിതാവ്

# അനന്വയമായി മാരാമൺ കൺവൻഷൻ



ഡോ. ജോസ് പാറക്കടവിൽ

മദ്ധ്യതിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇന്നത്തെ മുതിർന്ന തലുറക്ക് ഗൃഹാതുരത്വമുണർത്തുന്ന ഒരനുഭവമാണ്, മാരാമൺ കൺവൻഷൻ. അവിടെ മുഴങ്ങിയിരുന്ന സുവിശേഷകാഹളം മാത്രമല്ല, കൺവൻഷനുമായി ബന്ധപ്പെട്ട് ഒട്ടേറെ അനുഭവങ്ങളും ഇനി ഒരിക്കലും മടങ്ങിവരാനിടയില്ലാതെ ഓർമ്മകളിൽ മാത്രം ഇടമുറപ്പിക്കുന്നു.

മദ്ധ്യവേനലിൽ ഒരു വശത്തേക്ക് ഒതുങ്ങിമാറുന്ന പമ്പാനദിയുടെ മാറിൽ തെളിയുന്ന പഞ്ചാരമണൽപുറത്ത് ചിറ്റോളങ്ങളെ തഴുകിയെത്തുന്ന കുളിർത്തെന്നലിന്റെ സാന്ത്വനമേറ്റ് ആത്മാവിൽ കുളിർമ്മ പകരുന്ന വചനഘോഷണത്തിനു കാതോർത്ത് കഴിഞ്ഞിരുന്ന ഒരാഴ്ചവട്ടത്തിന്റെ ഓർമ്മകൾക്ക് പകരം വയ്ക്കുവാൻ ജീവിതത്തിൽ മറ്റൊരനുഭവവുമില്ല. പുഴയുടെ ഗതിയും പ്രകൃതിയും മാറിയതുപോലെ കൺവൻഷന്റെയും ഗതി മാറിയിട്ടില്ല എന്നോർത്താശ്വസിക്കാം. എങ്കിലും കൺവൻഷന്റെ ഭൂതകാലങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ വർത്തമാനവുമായി ചേർത്തു വച്ചു വായിക്കേണ്ടതുണ്ടെന്നു തോന്നുന്നു. "യാക്കോബിന് ബെഥേൽ എന്നപോലെയും ശൗലിന് ദമസ്കോസിലേക്കു പോകുന്ന വഴിപോലെയും അനേകർ ദൈവത്തെ മുഖാമുഖമായി കണ്ട് അവന്റെ പാദത്തിങ്കൽ തങ്ങളുടെ ജീവിതത്തെ സമർപ്പിച്ച് പുതിയജീവനും പുതിയ ശക്തിയും പ്രാപിച്ചിട്ടുള്ള പുണ്യസ്ഥലമാണ് മാരാമൺ കൺവൻഷൻ എന്നു പറയാവുന്നതാണ്. മാനസാന്തരം, വീണ്ടും ജനനം, രക്ഷ, രക്ഷാനിർണയം, അനുഭവസാക്ഷ്യം എന്നിത്യാദി ക്രിസ്തുമതത്തിലെ കാതലായ സത്യങ്ങളെ അനുസ്മരിപ്പിക്കുന്ന പദങ്ങൾ നാടോടിഭാഷയിൽ സ്ഥലം പിടിക്കത്തക്കവണ്ണം അവയ്ക്കു പ്രചാരം നല്കിയത് കൺവൻഷൻ പ്രസംഗവേദിയത്രേ എന്ന് അവകാശപ്പെടാവുന്നതാണ്.

മാരാമൺ കൺവൻഷൻ പന്തലിനെപ്പറ്റി 'ഇതെന്റെ ആത്മീയ ജന്മസ്ഥലം' എന്നു നെഞ്ചത്തു കൈവച്ചു സാക്ഷ്യം പറയുവാൻ കഴിയുന്നവർ ആയിരക്കണക്കിനു കേരളത്തിലുണ്ട്".

റവ. സി. ഇ. ഏബ്രഹാം 1970-ൽ മാരാമൺ കൺവൻഷനെ അനുസ്മരിച്ചെഴുതിയതാണിത്.

മാരാമൺ കൺവൻഷനിൽ വ്യക്തികൾക്കുണ്ടായ മാനസാന്തരം അവരുടെ പൊതുജീവിതത്തിൽ മറ്റാളുകൾക്ക് അനുഭവവേദ്യമായിരുന്നു. ആദിമസഭയിൽ പ്രകടമായിരുന്ന ജീവിതവിശുദ്ധി ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പ്രസരിപ്പിക്കുവാനുള്ള അഭിവാഞ്ഛയായിരുന്നു മാരാമൺ കൺവൻഷൻ ഉളവാക്കിയിരുന്നത്.


തിന്മകളോടു യാതൊരുവിധത്തിലും സമരസപ്പെട്ടു പോകുവാനിടയാകാതെ തിന്മകളെ മണപ്പുറത്തു കുഴിച്ചുമൂടുവാനുള്ള വിശ്വാസികളുടെ ദൃഢപ്രതിജ്ഞകൾ സാമൂഹികജീവിതത്തിൽ പ്രതിഫലിക്കുകയുണ്ടായി. മാരാമൺ കൺവൻഷൻ കേരളീയ സമൂഹത്തിൽ അങ്ങനെ ഒരു ചാലകശക്തിയായി. കൺവൻഷനിൽ ജന്മംകൊണ്ട 'നവജീവൻ' പ്രസ്ഥാനം ക്രൈസ്തവരുടെ ജീവിതത്തിൽ ഒരു പെരുമാറ്റച്ചട്ടം ഉണ്ടാകണമെന്ന് അനുശാസിക്കുന്നു. ആ നിർദ്ദേശങ്ങൾ ഇന്നും പ്രസക്തമാണ് എന്നത് ഏറെ ശ്രദ്ധേയമായിത്തോന്നുന്നു. സാമൂഹികതിന്മകൾക്കെതിരെയും എക്യുമെനിസത്തിനുവേണ്ടിയും പ്രത്യേകയോഗങ്ങൾ ക്രമീകരിച്ച് കൺവൻഷനുകൾക്കിടയിൽ മാരാമൺ കൺവൻഷൻ വ്യത്യസ്തമായി. 115 വർഷങ്ങൾ പിന്നിട്ടപ്പോഴും കൺവൻഷൻ അതിന്റെ പല തനിമകളും നിലനിർത്തുന്നു എന്നതിൽ അഭിമാനിക്കുവാൻ വകയുണ്ട്. കൺവൻഷൻ മാർത്തോമ്മാ സഭയുടേതാണെങ്കിലും ഇതരസഭാംഗങ്ങൾക്കും അതു സ്വന്തമായി അനുഭവപ്പെടുന്നു എന്നതും അതിന്റെ അനന്യതയാണ്.

**WISDOM TOON** **REV. JOSE PUNAMADAM**

"അച്ചോ, ഞാൻ ബൈബിൾ വായിക്കാത്തതിനു കാരണമുണ്ട്.... ആഭ്യന്തരമന്ത്രി പറഞ്ഞു ...നിങ്ങൾ നിയമം കൈയ്യിൽ എടുക്കരുതെന്ന്... ഞാൻ പഴയ നിയമവും പുതിയ നിയമവും തൊടാറില്ല."



# സംവേദനം - സമവായത്തിനും സമഭാവനയുടെ സംഗീതത്തിനും



റവ. ജോസ് പുനമഠം

**പാ**ഴും ശൂന്യവുമായ ഭൂമിയിൽ ശബ്ദിച്ച ദൈവത്തിന്റെ വരദാനമാണ് കമ്മ്യൂണിക്കേഷൻ. സൃഷ്ടിയുടെ വൈഭവവും സൃഷ്ടിയിലെ വിനിമയ സംവിധാനങ്ങളും ദൈവത്തിന്റെ സമ്മാനമാണ്. ദൈവിക സംവേദനത്തിന്റെ പരിപൂർണ്ണതയാണ് ജഡാവതരണം. ദൈവം മനുഷ്യനായി, മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ച മഹാസംഭവം, ദൈവവും മനുഷ്യരും തമ്മിലുള്ള സംവേദനമാണ്. സമഭാവനയുടെ അന്തരീക്ഷത്തിൽ ആശയങ്ങളും വിവരങ്ങളും വികാരങ്ങളും വിചാരങ്ങളും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറുന്നതിന് കമ്മ്യൂണിക്കേഷൻ എന്നു പറയാം. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷനറി കമ്മ്യൂണിക്കേഷനു നൽകുന്ന അർത്ഥം ശ്രദ്ധേയമാണ്.

"വിജ്ഞാനവും അന്തർഗതവും (ആശയം, ഭാവം) വാക്കുകളിലൂടെയോ വരകളിലൂടെയോ പങ്കുവെയ്ക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ കമ്മ്യൂണിക്കേഷൻ എന്നു പറയാം." കമനീയമായ പ്രകൃതിയിലൂടെ ദൈവം ആശയങ്ങളും തന്റെ അഭിലാഷങ്ങളും പങ്കുവെയ്ക്കുന്നു. (സങ്കീർത്തനം: 19) ദൈവം തന്റെ അഭിലാഷങ്ങളും ആശയങ്ങളും ചരിത്രത്തിൽ ആവേദനം ചെയ്തതിന്റെ വ്യക്തമായ തെളിവാണ് വേദപുസ്തകം. ലോകത്തിലെ ഏറ്റവും വലിയതും ശക്തവുമായ അച്ചടി മാധ്യമമായ വിശുദ്ധ വേദപുസ്തകം മനുഷ്യമനസ്സുകൾക്ക് ആത്മധൈര്യവും (Confidence: communication for confidence)സുഖവും പ്രദാനം ചെയ്യുന്നു. നേരുള്ള ദൈവിക കല്പനകൾ പ്രസരണം ചെയ്യുന്ന, ഹൃദയത്തെ സന്തോഷിപ്പിക്കുന്ന, ദൈവവചനം പഠിക്കുവാനും മനനം ചെയ്യുവാനുമുള്ള ആവേശം നമുക്ക് കൈമോശം വന്നോ എന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഡെന്നീസ് മക്വയൽ എന്ന സംവേദന പണ്ഡിതൻ സംവേദനത്തെ നിർവ്വചിക്കുന്നതു ശ്രദ്ധേയമാണ്. "അർത്ഥപൂർണ്ണമായ സന്ദേശങ്ങൾ ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് പകരുന്ന പ്രക്രിയയ്ക്കും പ്രതിഭാസത്തിനും സംവേദനം എന്നു പറയാം." അർത്ഥപൂർണ്ണമായ അറിവുകളും അനുഭവങ്ങളും പകരുമ്പോൾ രണ്ടു വ്യക്തികൾ ഒരു പൊതു അനുഭവത്തിലാകുന്നു. ഈ പൊതു അനുഭവത്തിലൂടെ (Commonness) ആശയങ്ങൾ പകരപ്പെടുകയാണ്.

"Communication is a process which increases commeness"

ഇതിൽ നിന്നും അർത്ഥമാക്കുന്നത്, സംവേദനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം, ആശയങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ ഒരു പൊതു അനുഭവം ഉണ്ടാക്കുക എന്നതാണ്. ഈ സംവേദനാനുഭവത്തിന് സമവായം എന്നു പറയാം. മറ്റുള്ളവരുമായി ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കുകയും ആശയങ്ങലും അഭിലാഷങ്ങളും പങ്കുവെച്ച്, അവരുമായി താദാത്മ്യപ്പെടുന്ന അവസ്ഥയിലൂടെ മാത്രമേ സംവേദനം കാര്യക്ഷമമാക്കുവാൻ കഴിയൂ. സമൂഹസൃഷ്ടിക്കും കുടുംബത്തിന്റെ ക്ഷേമഐശ്വര്യങ്ങൾക്കും മനുഷ്യ ബന്ധങ്ങളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ഈ സംവേദനം ഏറെ അനുപേക്ഷണീയമാണ്. വിചാരവും വികാരവും വിജ്ഞാനവും അനുഭവും മനോഭാവവും പങ്കുവെയ്ക്കുമ്പോഴുള്ള പൊതു അനുഭവം (Commonness) സൗഹൃദത്തിലേക്കും സമാധാനത്തിലേക്കും നമ്മെ നയിക്കും. ഡോ. കേവൽ ജെ. കുമാർ ഈ ആശയം വ്യക്തമാക്കുന്നത് സംസ്കൃതത്തിലെ 'സാധാരണീകരണം' എന്ന പദം ഉപയോഗിച്ചാണ്. സന്ദേശം സ്വീകരിക്കുന്ന സ്വീകർത്താവിൽ ഒരു സാധാരണമായ അഥവാ പൊതുവായ അനുഭവം ഉണ്ടാക്കുന്ന പ്രതിഭാസമാണ് 'സാധാരണീകരണം'. 'സാധാരണീകരണം' എന്ന പൊതു അനുഭവത്തിലൂടെ സൗഹൃദതലവും സംവേദനവും ഏറെ ശക്തമാകുന്നു. 'സാധാരണീകരണം' എന്ന സംവേദനത്തിലൂടെ പരസ്പരം അറിയുകയും സമന്വയിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യരും പ്രകൃതിയും ദൈവവും സമരസപ്പെടുന്നു, അവസരമാണ് ജഡധാരണം. സർവ്വ ജനത്തിനും സന്തോഷവും രക്ഷയും പ്രദാനം ചെയ്ത ജഡാവതാരം, വചനം ജഡം ധരിച്ച് കൃപയും സത്യവും നിറഞ്ഞ് നമ്മുടെ ഇടയിൽ പാർത്ത സംഭവം ഒരു സാധരണീകരണം ആയിരുന്നു. അത് സംവേദനത്തിന്റെ ഉദാത്തമായ അനുഭവവും അവസ്ഥയുമായിരുന്നു.

"ആദിയിൽ വചനം ഉണ്ടായിരുന്നു.<br>
വചനം<br>
ദൈവത്തോടുകൂടെ ആയിരുന്നു.<br>
വചനം<br>
ദൈവമായിരുന്നു. (യോഹ:1:1)<br>
വചനം<br>
ജഡമായിതീർന്നു. കൃപയും<br>
സത്യവും നിറഞ്ഞ്<br>
നമ്മുടെ ഇടയിൽ പാർത്തു"<br>
(യോഹ:1:14)

വിശുദ്ധ യോഹന്നാൻ നൽകിയ ഈ വചനം ഏറെ ചിന്തോദ്ദീപകമാണ്. വചനം ദൈവമായി തീർന്ന ഈ സംവേദ സംഭവത്തിന്റെ ആത്യന്തിക ലക്ഷ്യം അന്ധകാരം നിർമാർജ്ജനം ചെയ്ത് ജീവന്റെ പ്രകാശം നൽകുക എന്നതായിരുന്നു. സൃഷ്ടിയുടെ ആരംഭം മുതൽ പ്രകാശം നൽകുന്ന ദൈവത്തിന്റെ സംവേദനം നമുക്കു ദർശിക്കാം. വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി (ഉൽപത്തി: 1:3).

കമ്മ്യൂണിക്കേഷന്റെ ഒരു ലക്ഷ്യം ലോകത്തെ പ്രകാശ പൂരിതമാക്കുക എന്നതാണ്. വെളിച്ചം ഉണ്ടാകട്ടെ. (Let there be light)എന്ന് ദൈവം കല്പിച്ചപ്പോൾ ഈ ലോകം പ്രകാശിച്ചു. ക്രൈസ്തവ ചിന്താധാരയിൽ വെളിച്ചം വിജ്ഞാനമാണ്. അന്ധന് കാഴ്ച നല്കി പ്രകാശത്തിന്റെ പന്ഥാവിലേക്കാനയിച്ച ക്രിസ്തുവിന്റെ വാക്കുകളും പ്രവർത്തനവും മനുഷ്യമനസ്സുകൾക്ക് വിജ്ഞാനം പകരുന്നതായിരുന്നു. 'ഫിലോസഫി' എന്ന പദം ഏവർക്കും പരിചിതമാണ്. 'ഫിലിയോ' എന്ന പദത്തിന്റേയും 'സോഫിയാ' എന്ന പദത്തിന്റേയും സമന്വയമാണ് ഫിലോസഫി. ഇതിന്റെ അർത്ഥം ജ്ഞാനത്തെ സ്നേഹിക്കുക എന്നതാണ് , (Love of wisdom). വിദ്യാഭ്യാസത്തിൽ (Teaching Ministry of Jesus) ജ്ഞാനം പകരുന്നതിന് ഏറെ പ്രാധാന്യം നല്കിയ യേശു ക്രിസ്തുവിന്റെ സംവേദന കല അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്ത്, (Communi-

cation dispells darkness) മനുഷ്യമന സ്സുകളെ ജ്ഞാനത്തിന്റെ പന്ഥാവിലേക്കാനയിച്ചു. തന്റെ ഗിരിഗീതതയിലൂടെയും അനുഗ്രഹ പ്രഭാഷണത്തിലൂടെയും ജനങ്ങളെ വിജ്ഞാനത്തിന്റെപാതയിലേക്കു നയിച്ച യേശുക്രിസ്തുവിനെപറ്റി വി. യോഹന്നാൻ പറയുന്നു. അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായിരുന്നു ക്രിസ്തു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ദൗത്യം സംവേദനത്തിലൂടെ ലോകത്തെ പ്രകാശ പൂരിതമാക്കുക എന്നതാണ്. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത്, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന്. You are lighted to lighten

ജഡധാരണത്തിലൂടെ സംഭവിച്ച സംവേദനം, യേശുക്രിസ്തുവിന്റെ വചനസംവേദനവും സഭയുടെ ഉത്ഭവത്തിനു കാരണമായി. നമ്മുടെ കർത്താവ് സംവേദനം ചെയ്ത ചിന്തകളും ദൈവരാജ്യ മൂല്യങ്ങളും ആശയങ്ങളും വിചാരങ്ങളും മനോഭാവവും ആദിമ സഭയുടെരൂപീകരണത്തിനും ജീവിത ശൈലിക്കും ഏറെ ശക്തി പകർന്നു. ക്രിസ്തുവിന്റെ സംവേദനം ഒരു സമൂഹത്തിന് അതിലുപരി ദൈവരാജ്യവ്യവസ്ഥിതി എന്ന നവ സമൂഹ സൃഷ്ടിക്ക് കാരണഭൂതമായി. സഭയുടെ സംവേദനം അഥവാ കമ്മ്യൂണിക്കേഷന്റെ ആത്യന്തിക ലക്ഷ്യം, ദൈവരാജ്യം എന്ന നവ സമൂഹ സൃഷ്ടിയാണ്. ക്രൈസ്തവസാക്ഷ്യത്തിലധിഷ്ഠിതമായ ഈ ആവോദന പ്രക്രിയയിലൂടെയാണ് ദൈവരാജ്യം സാക്ഷാത്ക്കരിക്കപ്പെടേണ്ടത്. ഇവിടെ, സംവേദനത്തിന്റെ വേറെ ഒരു ലക്ഷ്യം നവ സമൂഹ നിർമ്മിതിയാകണം. (Communication for community) സംവേദനം നവ സമൂഹത്തിന് എന്ന ദർശനം സഭയുടെ ദൗത്യത്തിന് ഊർജ്ജം പകരണം. 'കൊയ്നോണീയ' എന്ന ഗ്രീക്ക് പദത്തിന്റെ ആന്തരീകാർത്ഥം 'പങ്കിടീൽ' എന്നാണ്. ആശയങ്ങളും അനുഭവങ്ങളും പങ്കുവെയ്ക്കുന്നതിന് സംവേദനം എന്നു പറയുന്നു. കൊയ്നോണീയായിൽ അധിഷ്ഠിതമായ സംവേദനാനുഭവം ആദിമ സഭയുടെ മുഖമുദ്രയായിരുന്നു. ആദിമ സഭയുടെ നേതാക്കന്മാരായ ശിഷ്യഗണം ആശയങ്ങളും അനുഭവങ്ങളും ആഗ്രഹങ്ങളും വിഭവങ്ങളും പങ്കുവെച്ചു. ക്രിസ്തുവിൽ സമരസപ്പെട്ട ആ ചെറിയ സമൂഹത്തിന്റെ സ്വരൈക്യ ജീവിതം പാരസ്പര്യത്തിന്റേയും എക്യുമെനിസത്തിന്റേയും നിദർശനമായിരുന്നു. സമഭാവനയുടെ സംഗീതം മുഴക്കിയ ഈ സംവേദനാനുഭവം നമുക്ക്, സഭക്ക്, സമൂഹത്തിന് മാർഗ്ഗ ദീപമാകണം.

അപ്പോസ്തോലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു. സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന് ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനം പ്രതി ദേവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. (അപ്പോ: പ്രവൃ: 2. 44-47). സമഭാവനയുടെ, സ്നേഹത്തിന്റെ സംവേദന തലങ്ങൾ രൂപപ്പെടുന്ന ഇടമാണ് ദൈവരാജ്യം. അഹന്ത പെരുകുന്നിടത്ത് ബാബേലുകൾ ഉയരുന്നു. ബന്ധങ്ങൾ ശിഥിലമാകുന്നു. അഹന്ത ഊതി വീർപ്പിച്ച കുമിളപോലെയാണ്. ബാബേൽ സംഭവം (ഉല്പത്തി:11) ദൈവം ഭാഷ കലക്കികളഞ്ഞ, കമ്മ്യൂണിക്കേഷൻ സംവിധാനം തകിടം മറിക്കപ്പെട്ട അവസ്ഥയാണ്. ദൈവവും മനുഷ്യരും മനുഷ്യരും പ്രകൃതിയും സമന്വയിച്ച ആദിമ സഭയുടെ സംവേദനാനുഭവം മാതൃകയാക്കി മാറ്റത്തിന്റെ മണിനാദം മുഴക്കുകയാണ് നമ്മുടെ ദൗത്യം. യേശുക്രിസ്തുവിന്റെ ജീവിതശൈലിയിൽ, ദൈവരാജ്യം എന്ന ആദ്ധ്യാത്മിക-സാമൂഹ്യ അനുഭവത്തിലേക്ക് നയിക്കുന്ന നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും പരിലസിക്കുന്ന ഈ പുതുപുത്തൻ സമൂഹസൃഷ്ടിക്ക് നമ്മെ സമർപ്പിക്കാം. പുതിയ സമൂഹത്തിനുവേണ്ടി വിപ്ലവാത്മകമായ (Communication for change) സംവേദന സംവിധാനങ്ങൾ രൂപപ്പെടുത്താം. അതിന് ജീവിതം പ്രവാചക സംവേദനത്തിന്റെ മാധ്യമമാക്കാം. പ്രവാചക സംവേദനത്തിലൂടെ മാറ്റങ്ങൾ സംജാതമാകണം. പ്രവാചക സംവേദനത്തിലൂടെ ഒരു ജനതയെ ചിന്തിപ്പിക്കുകയും ചലിപ്പിക്കുകയും, പുതിയൊരു മാനവികതയായ ദൈവരാജ്യം സംസ്ഥാപിക്കുകയും ചെയ്ത കർത്താവിന്റെ വാക്കുകളെപ്പറ്റി, ലെബനോനിലെ സെഡാർമരങ്ങളുടെ തണലിൽ വിശ്വസാഹിത്യത്തിന്റെ പ്രകാശഭൂമികയിലേക്ക് വന്ന ഖലീൽ ജിബ്രാൽ എന്ന വിശ്വസാഹിത്യകാരൻ പറയുന്നത് ശ്രദ്ധേയമാണ്.

> "അവന്റെ പ്രഭാഷണത്തെപ്പറ്റി ഞാനെന്തു പറയാനാണ്. ആകാര സവിശേഷത അവന്റെ വാക്കുകൾക്ക് ഒരു പ്രത്യേക കരുത്തു പകർന്നിരുന്നു. അത് ശ്രോതാക്കളെ ഇളക്കി..... ശ്രോതാക്കൾക്കു ശ്രവണസുഖം പകരാനായി അവൻ വാക്കുകൾ തെരഞ്ഞെടുത്തിരുന്നു... അവനാകട്ടെ ജീവിതത്തെ ദൈവത്തിന്റെ വെളിച്ചത്തിൽ ദർശിച്ചു. അവൻ പുരുഷാരത്തോട് സംസാരിക്കുന്നത്, പർവ്വതം സമതലത്തോടെന്നപോലെയാണെന്ന് എനിക്കനുഭവപ്പെട്ടു. അവന്റെ വചനത്തിൽ ഏഥൻസിലെയും റോമിലെയും പ്രഭാഷകർക്കവകാശപ്പെടാനില്ലാത്ത ആജ്ഞാശക്തി ഉണ്ടായിരുന്നു."

*ലേഖകൻ കോട്ടയം - വടവാതൂർ സെന്റ് സ്റ്റീഫൻസ് മാർത്തോമ്മാ ഇടവക വികാരിയും, കേരളാ കാർട്ടൂൺ അക്കാദമി എക്സിക്യുട്ടീവ് അംഗവും ഗവേഷണ വിദ്യാർത്ഥിയുമാണ്.*

## കൊന്നാലും സുഖപ്പെടുത്തിയാലും പണം!

ഗ്രാമത്തിലെ ആശുപത്രിയിൽ ഡോക്ടറെ പതിവായി കാണാൻ വരുന്ന ലുബ്ധനായ മനുഷ്യൻ ഓടിക്കിതച്ചു വന്നുപറഞ്ഞു: ഡോക്ടറേ എന്റെ ഭാര്യയ്ക്ക് തീരെ സുഖമില്ല. ഡോക്ടർ വീട്ടിൽ വന്നു പരിശോധിച്ചു ചികിത്സിക്കണം.

ചികിത്സക്കു ശേഷം പണം തരുന്ന കാര്യത്തിൽ അയാൾ പിശുക്കു കാട്ടുമെന്നറിയാവുന്ന ഡോക്ടർ മുൻകൂറായി പറഞ്ഞു: ചികിത്സ കഴിയുമ്പോൾ എനിക്കു തരാനുള്ള ഫീസ് തരണം. അപ്പോൾ തർക്കുത്തരം പറയരുത്.

"ഇല്ല ഡോക്ടർ! ഡോക്ടർ അവളെ സുഖപ്പെടുത്തിയാലും കൊന്നാലും ഡോക്ടറുടെ ഫീസ് ഞാൻ തന്നുകൊള്ളാം."

ഡോക്ടർ രോഗിയെ സന്ദർശിച്ചു ചികിത്സ തുടങ്ങി. പക്ഷേ, പിറ്റേ ദിവസം രോഗി മരണമടഞ്ഞു.

പതിവു പോലെ തന്നെ ഫീസിന്റെ കാര്യമൊന്നും അയാൾ ചോദിക്കുന്നില്ല. ഡോക്ടർ തന്നെ ഫീസിന്റെ കാര്യം അന്വേഷിച്ചപ്പോൾ മറുപടി: "ഡോക്ടർ അവളെ സുഖപ്പെടുത്തിയോ?"

"ഇല്ല"

"ഡോക്ടർ അവളെ കൊല്ലുകയായിരുന്നോ?"

"അല്ല"

"സുഖപ്പെടുത്തിയാലും കൊന്നാലും പ്രതിഫലം തരാം എന്നല്ലേ ഞാൻ പറഞ്ഞിരുന്നത്? ഇതു രണ്ടും നടന്നില്ലല്ലോ?"

# കാര്യങ്ങൾ വിശദമായി മനസ്സിലാക്കിയിട്ട് പ്രതികരിക്കണം



## ക്രിസോസ്തം വലിയ മെത്രാപ്പോലിത്ത

*ജനിതക എൻജിനീറിയങ്ങിലൂടെ പുതിയ വഴുതനങ്ങാ സൃഷ്ടിക്കുവാനുള്ള ശ്രമം ആഗോളതലത്തിൽ നടന്നു വരികയാണ്. സ്വാഭാവിക വഴുതനങ്ങായക്ക് പകരം പുതിയ വഴുതനങ്ങാ സൃഷ്ടിക്കുന്നത് ശരിയല്ലയെന്നാണ് സിഎസ്സ് ഐ സിനഡ് ഇക്കോളജിക്കൽ കമ്മിറ്റിയുടെ അഭിപ്രായം.*

പുതിയ തരത്തിലുള്ള വഴുതനങ്ങാ വരുന്നത് നല്ലതല്ലേ

*ജീവന്റെ ബ്ലൂ പ്രിന്റിൽ കൃത്രിമപ്പണികൾ ചെയ്ത് പുതിയ ഒരു സൃഷ്ടിയുാകുന്നത് ഗുരുതരമായി ഭവിഷ്യത്തുകൾ ഉാകുവാൻ സാദ്ധ്യതയു്. മണ്ണിൽ ഉള്ള ഒരു ബാക്ടീരിയായുടെ ജീൻ എടത്ത് വഴുതനങ്ങായുടെ ജീനിൽ കയറ്റിവിട്ട് സൃഷ്ടിക്കുന്നതാണ് ബിടി വഴുതനങ്ങാ. ഇതിൽ കീടങ്ങൾ വന്ന് കുത്തുമ്പോൾ കീടങ്ങളുടെ ഉടൽ നശിച്ചു പോകും. ഇത്തരത്തിലുള്ള വഴുതനങ്ങാ ആഹാരമായി കഴിക്കുമ്പോൾ മനുഷ്യന് എന്തെല്ലാം ഭവിഷ്യത്തുകൾ ഉാക്കുമെന്നറിയില്ല.*

പുതിയത് ഉാക്കിയാലല്ലേ പഠിക്കുവാനാവൂ. അപ്പോൾ ബിടി വഴുതനങ്ങയും സാധാരണ വഴുതനങ്ങായും പ്രത്യേകം കൃഷി ചെയ്യണം. നിങ്ങൾക്ക് താല്പര്യമുള്ള വഴുതനങ്ങാ നിങ്ങൾക്കുപയോഗിക്കാം.

*പരാഗണം നടക്കുമ്പോൾ സാധാരണ വഴുതനങ്ങാ പുതിയ വഴുതനങ്ങയായി മാറും*

ഗവേഷണം നടക്കട്ടെ. എനിക്കിതിനെക്കുറിച്ച് വലിയ വിവരമില്ല. നിങ്ങൾ പറയുന്നത് മാത്രം കേട്ട് നിങ്ങളുടെ കൂടെ കൂടുവാൻ ഞാൻ തയ്യാറില്ല.

*തിരുമേനീ, ഇത്തരത്തിലുള്ള ഗവേഷണം മുമ്പോട്ട് പോകുകയാണെങ്കിൽ ഇനിയും ജന്തുവിനെ സസ്യത്തിലും സസ്യത്തെ ജന്തുവിലും കയറ്റിവിടുന്നത് വഴി ഇവ തമ്മിൽ വ്യത്യാസമില്ലാതെയായിത്തീരും. കോഴിയുടെ ജീനിനെ എടുത്ത് പട്ടിയുടെ ജീനിൽ കയറ്റിയാൽ പട്ടിയിറച്ചി കോഴിയിറച്ചിയുടെ രുചിയോടെ കഴിക്കും. സസ്യാഹാരം എന്നത് മാംസാഹാരമായി മാറും.*

സസ്യങ്ങൾക്ക് വളമായി നാം കൊടുക്കുന്നതെന്താ എല്ലുപൊടി. പശുവെന്താ തിന്നുന്നത്. പുല്ല് മാത്രം. ഇവതമ്മിൽ ഇപ്പോൾ തന്നെ വലിയ വ്യത്യാസമില്ലായെന്നാ എന്റെ നിലപാട്. ഏയർ ഹോസ്റ്റസ് എന്നോട് ചോദിക്കാറു്. വെജിറ്റേറിയൻ ആണോ നോൺ വെജിറ്റേറിയനാണോയെന്ന്. ഞാൻ പറയും ഞാൻ രുമാണെന്ന്.

*ദൈവിക സൃഷ്ടിയിൽ കൃത്രിമപ്പണികൾ കാണിക്കുന്നത് ശരിയാണോ*

ശരിയാണ്. ക്രോസ് ബ്രീഡിങ്ങിന് ദൈവം എതിരല്ല. ചെടികൾ തമ്മിൽ ക്രോസ് ബ്രീഡിഗ് നടത്തി മികച്ച ഉല്പാദനമുള്ള വിത്തുല്പാദിക്കുന്നു്. അതിന് യാതൊരു തെറ്റുമില്ല.

*അങ്ങനെയാണെങ്കിൽ വ്യത്യസ്ത ജന്തുക്കൾ തമ്മിൽ ക്രോസ് ചെയ്യാമല്ലോ.*

അത്തരം കാര്യങ്ങളെക്കുറിച്ച് എനിക്ക് പറയുവാനുള്ള കോംപീറ്റൻസിയില്ല. കുതിരയും കഴുതയും തമ്മിൽ ക്രോസ് ചെയ്യാറില്ലേ. ഇത് വേദപുസ്ത്കത്തിൽ എവിടെയാ നിരോധിച്ചിരിക്കുന്നത്.

*ക്ലോണിംഗ് നടത്തി പുതിയ ജീവിയെ സൃഷ്ടിക്കുന്നതിൽ തെറ്റില്ലല്ലൊ.*

അതിനെക്കുറിച്ച് ഞാൻ വേരീതിയിൽ പഠിച്ചിട്ടില്ല. കാര്യങ്ങൾ വിശദമായി മനസ്സിലാക്കാതെ ഒരുപദേശിയുടെ പ്രസംഗം മാത്രം കേട്ട് ഞാൻ മാനസാന്തരപ്പെടില്ല.

*ഇവിടെ ഞാൻ ചോദിക്കുന്നത് വേദപുസ്തകപരമായി ഇത്തരം കാര്യങ്ങൾ ശരിയാണോയെന്നാണ്. ദൈവം ഇപ്രകാരമുള്ള പ്രവർത്തനങ്ങളെ അംഗീകരിക്കുമോ*

അംഗീകരിക്കത്തില്ലായെന്ന സാറിന് പറയുവാനൊക്കുമോ. വേദപുസ്തകത്തിൽ ദൈവം പറയുന്നു സൂര്യൻ ഉദിക്കുന്നു അസ്തമിക്കുന്നുവെന്ന്. ഭൂമി കറങ്ങുന്നെന്നല്ലേ പറയേത്. ഞാൻ പറയുന്നത് ഗവേഷണം നടക്കണം. നല്ല രീതിയിൽ പഠിക്കണം. വേ പഠനം നടത്തിയതിന് ശേഷമേ പൊതു ജനങ്ങൾക്ക് കൃഷിക്ക് കൊടുക്കാവൂ. സമൂഹത്തിന് ഗുണകരമാകുമെങ്കിൽ മാത്രമെ അത് പൊതു ജനങ്ങൾക്ക് കൃഷിക്ക് കൊടുക്കാവൂ. ബാംഗ്ളൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സത്യസായി ബാബയുടെ ആരാധകനായിരുന്നു. പിന്നിട് വന്ന വൈസ് ചാൻസലർ പറഞ്ഞു എനിക്ക് സത്യസായി ബാബയുടെ കൂടെ രാഴ്ച താമസിച്ചിട്ട് മാത്രമെ എന്റെ മുൻഗാമി പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണോയെന്ന് പറയുവാനാകൂ. സത്യസായി ബാബാ അതിന് അനുവദിച്ചില്ല. അദ്ദേഹം പറഞ്ഞു. എന്റെ ചുറ്റും ഒരു റിഥം ഉ്. ആ റിഥത്തിൽ ഉള്ളവർ മാത്രമുങ്കെിൽ മാത്രമെ എനിക്ക് പ്രവർത്തിക്കാനാവൂ. എന്റെ റിഥം തെറ്റിക്കുന്നവർ ആ റിഥത്തിൽ വന്നാൽ തകരാറാകും.

*ഈയാഴ്ചയിൽ തിരുമേനിക്ക് യാത്രകളുോ.*

ഞാൻ ഹൈദ്രബാദ് വരെയൊന്ന് പോകുന്നു്. എന്റെ അനന്തരവളുടെ മകൾക്ക് ഒരു കുട്ടിയുായി. കുട്ടിയെ കാണുവാൻ പോണം.

*എത്ര ദിവസമവിടെയുാകും*

എനിക്ക് കണ്ണടയുള്ളത് കൊ് കുട്ടിയെ ഉടനെ കാണാനാവും. കു കഴിഞ്ഞാലുടനെ മടങ്ങും.

*വെല്ലൂർക്ക് പോകുന്നുോ.*

മാരാമൺ കണവൻഷൻ വരുകയല്ലേ. ഞാനിവിടെ ജീവനോടെയുോയെന്നറിവാൻ പലരും വരും. അതു കൊ് ഇനിയും എങ്ങും പോകില്ല. ഞാൻ നിങ്ങളുടെ കൂടെ കൂടിയതിന് കാരണമെന്താണെന്നറിയാമോ? എല്ലാ മാസവും ഞാനുമായുള്ള അഭിമുഖം ന്യൂവിഷനിൽ വരുന്നതിനാൽ ഞാൻ ജീവനോടെയിരിക്കുന്നുവെന്ന് ലോകരെ അറിയിക്കുകയും ചെയ്യാം.

അഭിമുഖം. എം.കെ

### ദീർഘായുസ്സ്

അറുപതു വയസ്സു കഴിഞ്ഞയാൾ ഡോക്ടറോട്: ഡോക്ടറേ എൺപതു വയസ്സു വരെ ജീവിച്ചിരിക്കുവാൻ ഞാൻ എന്തൊക്കെ ചെയ്യണം?

ഡോക്ടർ: ഇപ്പോഴുള്ള മദ്യപാനവും പുകവലിയും ഉപേക്ഷിക്കാതിരുന്നാൽ മതി.

രോഗി : എന്ത്? ഇതു രണ്ടും ഉപേക്ഷിക്കാതിരുന്നാൽ എൺപതു വയസ്സു വരെ ജീവിക്കുമോ?

ഡോക്ടർ: അത്രയും കാലം ജീവിക്കുമെന്നുറപ്പില്ല. എങ്കിലും എൺപതു വയസ്സായി എന്നു കാണുന്നവർക്കു തോന്നിക്കൊള്ളും.

# സാമുഹ്യ പ്രശ്നങ്ങളോട് ക്രൈസ്തവസഭകൾ പ്രതികരിക്കണം

ഡോ.മാത്യൂസ് ജോർജ് ചുനക്കര

അഖിലലോക സഭാ കൗൺസിലിന്റെ രാജ്യാന്തര വിഭാഗം തലവനായി വീും ഒരു മലയാളി നിയമിതനാവുന്നു. ഡോ.നൈനാൻ കോശി വിരമിച്ച് ഇരുപത് വർഷങ്ങൾക്ക് ശേഷം ഡോ.മാത്യൂസ് ജോർജ് ചുനക്കരയാണ് അഖില ലോക സഭാ കൗൺസിലിന്റെ രാജ്യാന്തര വിഭാഗം ഡയറക്ടറായി അടുത്തയിടെ നിയമിതനായത്. ര് പേർക്കും സമാനതകൾ ഏറെ. ര് പേരും എസ്സ് സി എം സാരഥികളായായിരുന്നു. ഡോ.നൈനാൻ കോശി ബിഷപ്പ് മൂർ കോളജിന്റെ വൈസ് പ്രിൻസിപ്പലായിരുന്നെങ്കിൽ, ഡോ.മാതൂസ് ജോർജ് ചുനക്കര ബിഷപ്പ് മൂർ കോളജിലെ വിദ്യാർത്ഥിയും. മാവേലിക്കരക്കടുത്ത് ചുനക്കര സ്വദേശിയും മാർത്തോമ്മാ സഭാംഗവുമായ ഡോ.മാത്യൂസ് ജോർജ് ചുന്ക്കര ന്യൂവിഷൻ മാസികയുടെ സ്ഥിര വായനക്കാരൻ കൂടിയാണ്. അദ്ദേഹത്തിന്റെ പുതിയ സ്ഥാനലബ്ധിയിൽ നൂവിഷൻ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടാം.

**എക്യുമിനിക്കൽ രംഗത്ത് നേരത്തെ താങ്കൾ നടത്തിയ പ്രവർത്തനങ്ങൾ**

വിദ്യാർത്ഥിയായിരിക്കമ്പോൾ തന്നെ എക്യുമിനിക്കൽ രംഗവുമായി ബന്ധപ്പെട്ടു. എസ്സ് സി എം ൽ കൂടിയാണ് എന്റെ പ്രവർത്തനം ആരംഭിച്ചത്. അത് കഴിഞ്ഞ് നാഷണൽ കൗൺസിൽ ഓഫ് ചർച്ച സിന്റെ വിവിധ കമ്മിറ്റികളിൽ അംഗമായി പ്രവർത്തിച്ചു. അതിന് ശേഷം ബാംഗ്ളുരിൽ എക്യുമിനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ അസോഷ്യയറ്റ് ഡയറക്ടറായി പ്രവർത്തിച്ചു. പിന്നീട് ക്രിസ്റ്റിൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ ഇന്റർ നാഷണൽ അഫയേഴ്സിന്റെയും മനുഷ്യാവകാശ വകുപ്പിന്റെയും സെക്രട്ടറിയായി ഹോങ്കോങ്ങിൽ പ്രവർത്തിച്ചു. അവിടെനിന്ന് അഖില ലോക സഭാ കൗൺസിൽ ഏഷ്യ സെക്രട്ടറിയായി നിയമിതനായി. ഇപ്പോൾ അഖില ലോക സഭാ കൗൺസിൽ രാജ്യാന്തര വിഭാഗം ഡയറക്ടറായി.

**WCC യുടെ പ്രവർത്തനങ്ങൾ**

1948 ലാണ് WCCസ്ഥാപിതമാകുന്നത്. 110 രാജ്യങ്ങളിൽ നിന്നായി 349 അംഗസഭകൾ ഇതിൽ അംഗങ്ങളാണ്. സഭകളുടെ ഐക്യം, മാനവരാശിയുടെ ഐക്യം, അന്തർദേശിയ പ്രശ്നങ്ങളോടുള്ള പ്രതികരണം എന്നിവയാണ് ലക്ഷ്യങ്ങൾ.

**ഇതെത്രത്തോളം നിറവേറ്റുവാൻ സാധിച്ചു.**

എളുപ്പത്തിൽ സാധിക്കുവാൻ പറ്റുന്ന കാര്യങ്ങളല്ല. അംഗസഭകളിലൂടെയാണ് ലക്ഷ്യങ്ങൾ കൈവരിക്കുന്നത്.

**രാജ്യാന്തരവിഭാഗം ഇരുപത് വർഷങ്ങൾക്ക് മുമ്പ് ഇത്രയും സജീവമല്ലയെന്ന് പറയുന്നത് ശരിയാണോ**

അന്ന് രാഷ്ട്രീയ രംഗം സജീവമായിരുന്നു. അഖിലലോക സഭാ കൗൺസിൽ അപ്പാർത്തീഡിനെതിരെ ശക്തമായ നിലപാട് എടുത്തു. വിവിധ രാജ്യങ്ങളിൽ നടന്ന മനുഷ്യവകാശ ലംഘനങ്ങൾക്കെതിരെ ശക്തമായ നിലപാടുകളെടുത്തത് വഴി കുറെയൊക്കെ ലോകശ്രദ്ധ പിടിച്ചു പറ്റുകയുായി. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ മനുഷ്യവകാശ ലംഘനങ്ങൾക്കെതിരെ ഇപ്പോഴും WCC സജീവമായിത്തന്നെ നിലപാടുകളെടുക്കുകയാണ്

.സാമുഹ്യ പ്രശ്നങ്ങളോട് ക്രൈസ്തവ സഭകൾ പ്രതികരിക്കണം.

**ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ വിമോചനദൈവശാസ്ത്രത്തിന്റെ ശക്തി കുറഞ്ഞു വരികയാണെന്ന് പറഞ്ഞാൽ അതു ശരിയാകുമോ.**

ഭൗതികാനുഗ്രഹങ്ങളുടെ ദൈവശാസ്ത്രത്തിന് ( Prosperity theology) ഇന്ന് കൂടുതൽ ഫോക്കസ് ഉായിക്കൊിരിക്കുകയാണ്. ആഗോളതലത്തിൽ ഇത്തരത്തിലുള്ള പഠിപ്പിക്കലുകൾക്ക് ശക്തീകരണം ലഭിച്ചു വരികയാണ്. ഈയൊരു സാഹചര്യത്തിൽ നിന്നുകൊു തന്നെ ആഗോളതലത്തിൽ നടക്കുന്ന മനുഷ്യവകാശ ലംഘനങ്ങളിലും സമാധാനലംഘനങ്ങളിലും അഖില ലോക സഭാ കൗൺസിൽ ക്രിയാത്മകമായി ഇടപെടുന്നു.

**അഖിലലോക സഭാകൗൺസിൽ ആഗോളതലത്തിൽ എന്തെല്ലാം പ്രശ്നങ്ങളിലാണ് ഇടപെട്ടു വരുന്നത്.**

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഏകാധിപത്യ ഭരണകൂടങ്ങൾ ജനാധിപത്യസംവിധാനങ്ങളെ തകർത്തു കൊ് കയറിവരുന്നു. അമേരിക്കൻ സർക്കാരിന്റെ പാവയായി പ്രവർത്തിക്കുന്ന സർക്കാരുകൾ.ഫിജിയിൽ ജനാധിപത്യ സർക്കാരിനെ മറിച്ചിട്ടിട്ട് മിലിട്ടറി ഭരണം കൈയ്യാളുന്നു.ബൊളിവിയായിൽ ഭൂമിക്ക് വേയുള്ള വംശീയ കലാപം നടക്കുകയാണ്. സുഡാനിൽ വംശിയകലാപം. ഇസ്ലാമും ക്രിസ്ത്യാനികളും തമ്മിലുള്ള പോര് നടക്കുന്നു. നൈജിരിയായിൽ ക്രിസ്തിയ പള്ളികൾ ബോക്കാഹരാ പ്രസ്ഥാനത്തിന്റെ പേരിൽ നശിപ്പിക്കപ്പെടുന്നു. വൈദീകർ കൊല്ലപ്പെടുന്നു. പാക്കിസ്ഥാനിൽ ബാക് ഷിമി നിയമത്തിന്റെ ബലത്തിൽ ഏത് സ്ഥലവും കൈയ്യേറുവാൻ എളുപ്പമാണ്. പ്രൊപ്പർട്ടി ഡവലപ്പേഴ്സിന് ഇഷ്ടപ്പെട്ട സ്ഥലത്ത് നിന്ന് ക്രിസ്ത്യാനികളെ ഒഴിവാക്കുവാൻ ഖുറാന്റെ താൾ കീറിയവിടെയിട്ടാൽ മതി. ഉടനെ ലഹളയുാക്കി ആ സ്ഥലം കൈയ്യേറും. മൂന്നു മാസം മുമ്പ് ഗോഗ്രയിവൽ പതിനൊന്ന് ക്രിസ്ത്യാനികളെ ചുട്ടുകരിച്ചു. ശ്രീലങ്കയിലെ വംശീയ കലാപം ഏവർക്കും അറിയാമായിരുന്നതാണ്. പാലസ്തീൻ യിസ്രയേൽ, സിംബാവേ, ചൈന-തെയ് വാൻ, കൊറിയൻ യോജിപ്പ്, തുടങ്ങിയനവധി വിഷയങ്ങളിൽ അഖില ലോക സഭാ കൗൺസിലിന്റെ നിലപാടുകൾ വ്യക്തമാക്കുവാൻ സഹായിക്കുന്നത് രാജ്യന്തര വിഭാഗമാണ്.

**ശ്രീലങ്കയിലും ദക്ഷിണാഫ്രിക്കയിലും അഖില ലോക സഭാ കൗൺസിൽ പോരാട്ടങ്ങളെ സഹായിച്ചിരുന്നുവെന്നത് ശരിയാണോ**

ശരിയാണ്. അവർ ഉയർത്തുന്ന കാര്യങ്ങൾ ശരിയാണെന്ന് തോന്നിയിട്ടു്. അതു കൊ് അവരുടെ പോരാട്ടങ്ങളെ പിന്തുണച്ചിട്ടു്.

**ശ്രീലങ്കായിലെ പ്രശ്നത്തിൽ എന്താണ് സമീപനം**

ശ്രീലങ്കായിലെ തമിഴരുടെ പോരാട്ടങ്ങളെ സാമ്പത്തികമായും ധാർമ്മികമായും സഹായിച്ചു കൊിരിക്കുന്നത് സി എസ്സ് ഐ സഭയാണ്. കാരണം അവർ



സിഎസ്സ്ഐ ജാഫ്നാ മഹായിടവകയും ഗങ്ങളാണ്. അഖില ലോക സഭാ കൗൺസിലും അവിടെ തമിഴർക്കെതിരെ നടക്കുന്ന മനുഷ്യവകാശ ലംഘനങ്ങളെ വിമർശിക്കുകയും അതിനെതിരെ നിലപാടുകളെടുക്കുകയും ചെയ്തിട്ടു്. ശ്രീലങ്കയിലെ ആംഗ്ലിക്കൻ സഭകളിൽ തമിഴരും സിംഹളരും അംഗങ്ങളാണ്. ശ്രീലങ്കയിലെ സഭകളും തമിഴരോട് കാണിക്കുന്ന വിവേചനങ്ങളെ അംഗീകരിക്കുന്നില്ല.

**ഇസ്രേൽ പാലസ്തീൻ പ്രശ്നങ്ങളിൽ**

പാലസ്തീനെയാണ് അഖില ലോക സഭാ കൗൺസിൽ പിന്തുണക്കുന്നത്. അമേരിക്കൻ സർക്കാരിനെ നിയന്ത്രിക്കുന്നത് തന്നെ യഹൂദ ലോബിയാണ്. അതു വളരെ ശ്ക്തമാണ്. യെരുശെലേമിൽ 400 വീടുകൾ പണിയുവാൻ യിസ്രയേൽ എടുത്ത് തീരുമാനത്തെ ഒബാമ സ്റ്റേ ചെയ്തതാണ്. പക്ഷേ, സ്റ്റേ അധികം നീല്ല. .യഹൂദ ലോബി അത്രമാത്രം ശക്തമാണെന്ന് സാരം.

**കാലവസ്ഥ ഉച്ചകോടിയിലെ നടപടികളിൽ അഖില ലോകസഭാ കൗൺസിലിന് സംതൃപ്തിയുദോ?**

അത് അത്ര ഫലപ്രദമായില്ല എന്നാണഭിപ്രായം. പ്രതീക്ഷിച്ച രീതിയിലുള്ള തീരുമാനങ്ങൾ ഉാവാത്തതിൽ നിരാശയു്. വികസിത രാജ്യങ്ങൾ യാതൊരു വിധ വിട്ടുവീഴ്ചകൾക്കും തയ്യാറായില്ലായെന്നത് ഖേദകരമാണ്. വികസ്വര രാഷ്ട്രങ്ങൾ വിട്ടുവീഴ്ചക്ക് തയ്യാറാകണം എന്നു പറയുന്നത് അംഗീകരിക്കനാവില്ല.

അഭിമുഖം : ഡോ മാത്യു കോശി പുന്നയ്ക്കാട്

---

## നീതിമാനും കാരുണ്യവാനുമായ ദൈവം (തുടർച്ച)

യിൽ വീഴിക്കാൻ ലക്ഷ്യമാക്കുന്നതു പോലെ നീതിമാന്മാരെ വീഴിക്കുവാൻ ശ്രമിക്കുന്നു. പക്ഷേ അന്ത്യത്തിൽ ദുഷ്ടൻ തന്നെ ആ കുഴിയിൽ പതിക്കുന്നു. അവൻ കൊടുക്കുന്ന നാണയത്തിൽ തന്നെ അവനു തിരികെ കിട്ടും. ഇതു ജീവിതത്തിൽ വെളിപ്പെടുന്ന ഒരു സത്യമാണ്. ദൈവപരിപാലനത്തിന്റെ ഒരവസ്ഥയാണെന്നു പറയാം.

ശത്രുസംഹാരത്തിനായി വില്ലു കുലയ്ക്കുന്നവൻ! ദുഷ്ടൻ തന്റെ ലക്ഷ്യപ്രാപ്തിക്കായി അമ്പ് എയ്യുന്നു. പക്ഷേ അത് തിരിഞ്ഞ് അവന്റെ തലയിൽ തന്നെ പതിക്കുന്നു. നീതിമാനെതിരെ അവൻ എറിഞ്ഞ കല്ല് അവന്റെ നെറുകയിൽത്തന്നെ വന്നു പതിക്കുന്നു. ''ശാപം അവന്നു പ്രിയമായിരുന്നു; അത് അവന്നു ഭവിച്ചു'' (സങ്കീ. 109:17).

അനർത്ഥം നിരൂപിക്കുകയും അതു പ്രാവർത്തികമാക്കാൻ ഒരുമ്പെടുകയും ചെയ്യുന്നവന് അനർത്ഥം തന്നെ സംഭവിക്കുന്നു എന്നുള്ളത് ചരിത്രം സാക്ഷിക്കുന്ന സത്യമാണ്. വർത്തമാനകാലത്തുതന്നെ പല സംഭവങ്ങളും ചൂണ്ടിക്കാണിപ്പാൻ കഴിയും. യാക്കോബിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ''ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ട് മരണത്തെ പ്രസവിക്കുന്നു'' (യാക്കോ. 1:14-15).

വാ. 17 : ദൈവത്തിൽ നിന്നു ലഭിച്ച വിടുതലിനായി സ്തുതി: കൃതജ്ഞതാ നിർഭരമായ ഹൃദയത്തിൽ നിന്നുയരുന്ന സ്തുതിയും നന്ദിയുമാണ് ഈ വാക്കുകളിൽ പ്രതിദ്ധ്വനിക്കുന്നത്. വിടുതലിനുവേണ്ടിയുള്ള അപേക്ഷയോടെ സങ്കീർത്തനം ആരംഭിച്ചു. അതു ലഭിച്ചതിലുള്ള കൃതജ്ഞതയോടെ സ്തോത്രത്തോടും സമാപിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നത് ഒരു ഭക്തന്റെ ഏറ്റവും വലിയ പ്രമോദമാണ്. ''പാടിസ്തുതിക്കുമെന്നാണ്'' സങ്കീർത്തകൻ പറയുന്നത്. സ്തുതിയുടെ ഏറ്റവും വലിയ അനുഭവമാണ് കീർത്തനങ്ങൾ ആലപിക്കുന്നത്. ഭക്തജനങ്ങൾ എപ്പോഴും ദൈവസമക്ഷം പാടിസ്തുതിക്കുന്നതായി കാണാം.

സങ്കീർത്തനത്തിന്റെ സന്ദേശം ഇപ്രകാരം സമാഹരിക്കാം.

1) ദൈവം നീതിമാനാണ്. അതേസമയം കരുണയുള്ളവനുമാണ്. അതുകൊണ്ട് പീഡിപ്പിക്കപ്പെടുന്നവരും അവഹേളിക്കപ്പെടുന്നവരും പ്രത്യാശനിറഞ്ഞ ഹൃദയത്തോടെ ദൈവമുമ്പാകെ വന്നു വിളിച്ചപേക്ഷിക്കാം.

2) എല്ലാമറിയുന്നവനായ ദൈവത്തിന്റെ മുമ്പിൽ ദുഷ്പ്രചരണങ്ങളും വ്യാജങ്ങളും വിലപ്പോവുകയില്ല.

3) എല്ലാ വിശ്വാസികളും സത്യത്തിന്റെ ശക്തിയും നീതിയുടെ മനോഹാരിതയും അംഗീകരിച്ച് സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊള്ളണം.

4) ദൈവത്തിന്റെ നീതിയെക്കുറിച്ചും ശിക്ഷാവിധിയെക്കുറിച്ചുമുള്ള അറിവു നമ്മെ മാനസാന്തരത്തിലേക്കു നയിക്കണം.

5) ''നീതിമാനായ ദൈവം ഹൃദയങ്ങളെയും ആന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നു''. നമ്മുടെ ആന്തരികഭാവം സുപ്രധാനമാണ്. അതുകൊണ്ട് ഹൃദയത്തിൽ വിശുദ്ധിയും നിർമ്മലതയും സംരക്ഷിക്കാൻ കഴിയണം. അങ്ങനെയുള്ളവർക്കു മാത്രമേ ദൈവമുമ്പാകെ ധൈര്യത്തോടെ നിൽക്കാൻ കഴിയൂ. ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ല എങ്കിൽ ദൈവസന്നിധിയിൽ നമുക്ക് പ്രാഗത്ഭ്യം ഉണ്ട്.

6) തിന്മ അതിൽത്തന്നെ നാശകരമാണ്. പാപത്തിന്റെ ശിക്ഷ അതിൽ ത്തന്നെ കാണാം. കുഴികുഴിച്ചുണ്ടാക്കുന്നവൻ അവൻ കുഴിച്ച കുഴിയിൽതന്നെ വീഴുന്നു. ആസ്ത്രേലിയായാൽ പക്ഷികളെ വേട്ടയാടിപ്പിടിക്കാൻ ഉപയോഗിക്കുന്ന വളഞ്ഞ വടി തിരിഞ്ഞുവന്ന് പ്രയോഗിക്കുന്ന ആളിനെത്തന്നെ ദോഷം ചെയ്യുന്നതായി പറയുന്നു. ഇതിനു ഇംഗ്ലീഷിൽ ''ബുമറാങ്ങ്'' എന്നു പറയും. അതുകൊണ്ട് തിന്മയിൽ നിന്നും പാപത്തിൽ നിന്നും ഒഴിഞ്ഞിരിപ്പാനുള്ള ഉത്ബോധനം ഈ സങ്കീർത്തനത്തിലുണ്ട്.

7) ദുഃഖത്തിന്റെ തീവ്രതയിലും അന്ധകാരത്തിന്റെ ആധികൃത്തിലും ദൈവത്തെ സ്തുതിക്കുന്നതു ഉത്തമമാണ്. പൗലോസും ശീലാസും ഇതിൽ നമുക്കു മാതൃകയണ്. മാത്രമല്ല, ദൈവത്തിന്റെ വിടുതലും സംരക്ഷണവും അനുഭവപ്പെടുമ്പോഴും കൃതജ്ഞതയോടെ സ്തുതി നമ്മിൽ നിന്നുയരണം.

# മോശവൽസലം ശാസ്ത്രികൾ

**മോസ്റ്റ്. റവ. ഡോ. ജെ. ഡബ്ലിയു. ഗ്ലാഡ്സ്റ്റൺ**

– ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല  വില: 40 രൂപ

**കേ**രളത്തിലെ ക്രൈസ്തവർക്കു ചിരപരിചിതമാണ്, ക്രിസ്തീയകീർത്തനങ്ങളുടെ രചയിതാവായ മോശവത്സലത്തിന്റെ നാമധേയം.  സ്വന്തം നിനക്കിനി ഞാൻ യേശുദേവാ, വരിക സുരാധിപ പരമപരാ, യരുശലേമെൻ ഇമ്പവീടേ, പരിശുദ്ധ പരനേ, പൊന്നേശു നരർ, നിത്യവന്ദനം നിനക്കു, ജയിക്കുമേ സുവിശേഷം, അനുഗ്രഹത്തോടെ ഇപ്പോൾ നിന്റെ ഹിതംപോലെയെന്നെ എന്നിങ്ങനെ പ്രചുരപ്രചാരമാർജ്ജിച്ചതും ക്രിസ്തുവിശ്വാസികൾക്കു ഹൃദിസ്ഥവുമായ നിരവധി കീർത്തനങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.  തമിഴിൽ നിന്നും ഇംഗ്ലീഷിൽ നിന്നും വിവർത്തനം ചെയ്ത കൃതികളുമുണ്ട്.




സംഗീതജ്ഞനും ഗാനരചയിതാവുമായ മോശവത്സലത്തിന്റെ ജീവിതത്തിലെ ത്യാഗപൂർണ്ണമായ മറ്റു ചില ഏടുകൾ കൂടി തുറന്നുതരുന്നതാണ് ഈ ജീവചരിത്രഗ്രന്ഥം.  കവിയും ചിത്രകാരനും സംഗീതജ്ഞനും എല്ലാമായിരുന്ന മോശവത്സലത്തിന്റെ സുവിശേഷപ്രവർത്തന തീക്ഷ്ണത അത്യന്തം ശ്രദ്ധേയമാണ്.  പലവിധത്തിലുള്ള എതിർപ്പുകളെ അഭിമുഖീകരിച്ചുകൊണ്ടാണ് അദ്ദേഹം സുവിശേഷ പ്രചാരണത്തിലേർപ്പെട്ടത്.  ബഹുഭാഷാപണ്ഡിതനായിരുന്ന മോശവത്സലം ശാസ്ത്രികൾ  കോട്ടയം പഴയസെമിനാരിയിൽ അധ്യാപകനായി.  കുറച്ചുകാലം അവിടെ സേവനമനുഷ്ഠിച്ചശേഷം നെയ്യാറ്റിൻകരയിലെ എൽ. എം. എസ്. സ്കൂളിൽ അധ്യാപകനായി.  ഇക്കാലത്തു സംഗീതത്തിലും ചിത്രരചനയിലും പ്രാവീണ്യം നേടി.  വയലിൻ വാദനത്തിലും വൈദഗ്ദ്ധ്യം ആർജ്ജിച്ചു.  ഈ സിദ്ധികളെയും സുവിശേഷീകരണത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടാണ് അദ്ദേഹം ജീവിതസാക്ഷാത്ക്കാരം നേടിയത്.  മോശവത്സലത്തിന്റെ സംഗീതനൈപുണ്യത്തിൽ ആകൃഷ്ടനായ മലങ്കര മെത്രാപ്പൊലീത്താ മാർ ദീവാന്നാസ്യോസ് ആണ് അദ്ദേഹത്തിന് ‘ശാസ്ത്രികൾ’ എന്ന സ്ഥാനനാമം നല്കിയത്.

മോശവത്സലം ശാസ്ത്രികൾ രചിച്ച കീർത്തനങ്ങൾ തലമുറകളായി കേരളത്തിലെ ക്രൈസ്തവരുടെ വിശ്വാസജീവിതവുമായി ഇഴപിരിയാതെ ചേർന്നു നില്ക്കുന്നു.  വിശ്വാസികൾക്ക് പ്രത്യാശയും ആശ്വാസവും പകർന്ന് ജീവിതത്തിൽ തുണയാകുന്നു.  ആത്മവിശുദ്ധിയിലേക്കു നയിക്കുകയും ചെയ്യുന്നു.

എന്നാൽ, ഗായകനും ഗാനരചയിതാവും എന്നതിനപ്പുറം അദ്ദേഹത്തിന്റെ തീക്ഷ്ണമായ മിഷനറി പ്രവർത്തനങ്ങൾ അധികമാർക്കും അറിവുണ്ടായിരിക്കയില്ല.  തെക്കൻ തിരുവിതാംകൂറിലെ പാവപ്പെട്ട മനുഷ്യരുടെ ജീവിതത്തിൽ ഒട്ടേറെ പരിവർത്തനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ച മിഷനറിയാണദ്ദേഹം.  ശാസ്ത്രികളുടെ പരിശ്രമത്തിലൂടെ സാധുക്കളായ നിരവധിയാളുകൾക്കു സ്വന്തമായി ഭൂമി ലഭിക്കുകയും സാമൂഹികസ്വാതന്ത്ര്യത്തിലേക്ക് അവർ ആനയിക്കപ്പെടുകയും ചെയ്തു.

ശ്രീനാരായണഗുരുവുമായി സൗഹൃദം പുലർത്തിയ ശാസ്ത്രികൾ ഗുരുവിനെ പലപ്പോഴും സന്ദർശിച്ച് ആദ്ധ്യാത്മികവും സാമൂഹികവുമായ വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്തിരുന്നു.  തിരുവനന്തപുരത്ത് പുത്തൻചന്തയിലെ വായനാശാലയിൽ ശാസ്ത്രികൾ നടത്തിയ പ്രഭാഷണങ്ങളിൽ നാനാജാതിമതസ്ഥരായ ആളുകൾ ശ്രോതാക്കളായിരുന്നു.

ക്രൈസ്തവഗാനസാഹിത്യത്തിനു നല്കിയ നിസ്തുലസംഭാവനകളിലൂടെ മാത്രമല്ല, ശാസ്ത്രികളുടെ ജീവിതം അനുസ്മരിക്കപ്പെടേണ്ടത് എന്ന് ഈ പഠനം വ്യക്തമാക്കുന്നു.  ശാസ്ത്രികളുടെ ജീവിതം കൂടുതൽ വിപുലമായ പഠനം അർഹിക്കുന്നുണ്ടെന്ന് സ്ഥാപിക്കുവാനും ഈ ഗ്രന്ഥം സഹായകമായിട്ടുണ്ട്.  **– ഡോ. ജോസ് പാറക്കടവിൽ**

# സ്ത്രീ പരിസ്ഥിതി ആത്മീയത

**ഡോ. മിനി പ്രസാദ്**

– ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല, വില: 60 രൂപ

**സ്ത്രീ**വാദപരമായ സാഹിത്യ വിമർശനമാണ്, സ്ത്രീ പരിസ്ഥിതി, ആത്മീയത എന്ന പുസ്തകം, ആധുനികതയ്ക്കുശേഷമുള്ള സ്ത്രീസ്വത്വാവിഷ്കാരങ്ങളും ആലാഹയുടെ പെൺമക്കളും മലയാള കവിതയുടെയും ചെറുകഥയുടെയും പെൺമുഖവും എൻ. പി. മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണുമെല്ലാം പഠനവിധേയമാകുന്നു.  സ്ത്രീവാദത്തിന്റെ താത്വികതലങ്ങളും സ്ത്രീവാദ വിമർശനത്തിന്റെ പ്രായോഗികതലവും ഈ പ്രബന്ധങ്ങളിൽ കടന്നുവരുന്നു.  സാങ്കേതിക സംജ്ഞകളൊഴിവാക്കി തികഞ്ഞ ആർജ്ജവത്തോടെ എഴുതിയ ഈ ലേഖനങ്ങൾ സാഹിത്യപഠിതാക്കൾക്കെന്നപോലെ സാധാരണവായനക്കാർക്കും ഹൃദ്യമായനുഭവപ്പെടും.




ചെറുകഥയുടെ പെൺമുഖത്തെക്കുറിച്ചുള്ള ചർച്ചയിൽ മാധവിക്കുട്ടിയെക്കുറിച്ചു നടത്തുന്ന പരാമർശങ്ങൾ അത്യന്തം ശ്രദ്ധേയമാണ്.  പാടേ തെറ്റിദ്ധരിക്കപ്പെട്ട ആ എഴുത്തുകാരിയുടെ യഥാർത്ഥമുഖം അനാവരണം ചെയ്യാൻ മിനി പ്രസാദിനു കഴിഞ്ഞിരിക്കുന്നു.

ഫെമിനിസത്തെ മലയാളത്തിലെ ബുദ്ധിജീവികൾ നിരന്തരം എതിർക്കുകയായിരുന്നു എന്ന സൂചന ഈ പ്രബന്ധങ്ങളിലുണ്ട്.  പെണ്ണെഴുത്ത് എന്ന പ്രയോഗം ആദ്യം കൊണ്ടുവന്ന സച്ചിദാനന്ദൻ തീർച്ചയായും ഫെമിനിസ്റ്റ് സാഹിത്യത്തെ പരിഹസിക്കുകയായിരുന്നില്ല.  ആ പ്രയോഗത്തിലൂടെ സവിശേഷമായ ആ വിചാര പദ്ധതിയുടെ വ്യതിരിക്തതയ്ക്കൂന്നൽ നൽകുകയായിരുന്നു.  ടി പദ്മനാഭനെപ്പോലെ ചില മുതിർന്ന എഴുത്തുകാർ ഇത്തരം പ്രസ്ഥാനങ്ങളുടെ പരിമിതവൃത്തത്തിൽ നിന്നുകൊണ്ട് പൊക്കം ഭാവിക്കുന്നവരെ പരിഹസിച്ചിട്ടുണ്ടാവുമെന്നേയുള്ളു.


ഈ പഠനങ്ങളിൽ സാറാ ജോസഫിനും ചന്ദ്രമതിക്കും നൽകിയ പരിഗണന അഷിതയ്ക്കും പ്രിയയ്ക്കും ഗ്രേസിക്കും നൽകിയിട്ടില്ല.  സ്ത്രൈണ മനസ്സ് കേരളീയ പശ്ചാത്തലത്തിലനുഭവിക്കുന്ന ഉദ്വിഗ്നത ശക്തമായനുഭവപ്പെടുത്തുന്ന കുറച്ചേറെ കഥകൾ അഷിത രചിച്ചിട്ടുണ്ട്.  സ്ത്രീമനസ്സിന്റെ വൈരുദ്ധ്യം നിറഞ്ഞ സങ്കീർണ്ണത ധ്വനിപ്പിക്കുന്നതിൽ ഏറെ വിജയിപ്പിച്ചതാകട്ടെ ഗ്രേസിയും.

മൂന്നുഭാഗങ്ങളായി സംവിധാനം ചെയ്തിരിക്കുന്ന ലേഖനങ്ങളിൽ അവസാനത്തേത് ബൈബിൾ സംബന്ധമായ പാരിസ്ഥിതികലേഖനങ്ങളാണ്.  ഭൂമിയിൽ വേല ചെയ്യാനും ഭൂമിയെ പരിപാലിക്കാനും ദൈവം കല്പിച്ചാക്കിയ മനുഷ്യൻ വെറുതേ തിന്നു മുടിക്കുകമാത്രം ചെയ്തതിന്റെ പരിഹാസ്യത ശക്തമായിവാദിച്ചു സമർത്ഥിക്കുന്നുണ്ട് ഒരു ലേഖനത്തിൽ.  യേശുക്രിസ്തുവിന്റെ ഉപമകൾക്ക് പരിസ്ഥിതിയുമായുള്ള ജൈവബന്ധമാണ് മറ്റൊരു ലേഖനത്തിൽ വിശദീകരിക്കുന്നത്.

വികസനത്തെ ടൂറിസത്തിന്റെയും ഐ.ടിയുടെയും ഊഷരതയിലൊതുക്കുന്ന സമകാല സമീപനവും വിമർശിക്കപ്പെടുന്നുണ്ട്.

ഫെമിനിസത്തിനും പാരിസ്ഥിതികവാദത്തിനും പാരിസ്ഥിതിക സ്ത്രീവാദത്തിനുമൊക്കെ ദർശനങ്ങളെന്ന നിലയ്ക്ക് സഹജമായ പരിമിതികളുണ്ട്.  ഭാഗികമോ ഏകപക്ഷീയമോ ആയ ചില ധാരണകളിൽ പടുത്തുയർത്തിയ വിചാരപദ്ധതികളാണവ.  അതുകൊണ്ടുതന്നെ ചരിത്രപരവും യുക്തിവാദപരവുമായ ആക്രമണങ്ങളെ ചെറുക്കാൻ അവയ്ക്ക് വളരെയൊന്നും കഴിയില്ല.  പുസ്തകം മുഴുവൻ വായിച്ചു കഴിയുമ്പോൾ ഈ വാദങ്ങൾ ആശയ ദരിദ്രങ്ങളാണെന്നു തോന്നുന്നതുകൊണ്ടാണ്. പലപ്പോഴായി എഴുതപ്പെട്ടവയായതുകൊണ്ടാവാം ആശയാവർത്തനം ഒഴിവാക്കാൻ കഴിയാതെ പോയത്.

**– ഡോ. ഡി. ബഞ്ചമിൻ**




# Green Gospel

Edited by:

**Rt. Rev.Thomas Samuel**

**Dr.Mathew Koshy Punnackadu**

Publishers :**CSI Synod Ecological Concerns Committee & CSS Thiruvalla Rs. 90**

Climate change negotiations should be negotiations about equity, justice and the equal right to development. Hence we seek climate justice. Though climate change is a global problem, people are not all equally responsible for causing it. The industrialised nations, representing less than 20% of the world's population, account for nearly 90% of annual GHG emissions over the last century, largely through the burning of fossil fuels (coal, oil, gas). We must make a distinction between the 'luxury emissions of the rich' and the 'survival emissions of the poor'. Why should religious people be involved in the climate change debate? And how should religious people, particularly Christians, view themselves in relation to the earth and God, the creator of the earth?. 'Green Gospel' is the answer to all these questions.

*Contributors:* Rev.Dr.Chilkuri Vasantha Rao ,Rev. Dr. Royce M. Victor, Dr.Aruna Gnanadason, Rev.John Samadhanam, Rev. Dr. M J. Joseph, Rev. K. James Cecil Victor, Rev.Prof.Thomas John, The Rev. P. Victor Paul, Dr Sam Peedikayil Mathew, Rev. James D . Talapati, Rev. Praveen PS Perumalla, Rev.Dr.V.J.John, Mr.Shibin Varghese, Rev. Mrs. P. Bethel Krupa Victor, Mr.Varkey Kurian Thaitharayil, Rev. A.R.Chelliah, Rev. Dr. K. A. Abraham, Rev.Dr.P.K.Kuruvilla, Rev. Viju Varkey George, Rev.Dr.Mani Chacko, Dr. Jesudas M. Athyal.

*For Copies of the book contact :* **Manager, CSS, Cross Junction, Thiruvalla.**

## ഞാനെന്തു കൊണ്ട് ന്യൂവിഷൻ മാസികയുടെ പ്രസിദ്ധീകരണത്തിൽ സഹകരിക്കുന്നു :

**ക്രിസോസ്തം വലിയ മെത്രാപ്പോലിത്ത**

മറ്റുള്ള ക്രൈസ്തവ മാസികകളിൽ നിന്നും ന്യു വിഷൻ തികച്ചും വ്യത്യസ്തമാണ്. സാധാരണ ക്രൈസ്തവ മാസികകളിൽ വരാത്ത പല മാറ്ററുകളും ന്യു വിഷനിൽ വരുന്നു്. മറ്റുള്ളവർ എന്താണ് പറയുന്നതെന്ന് എനിക്ക് കേൾക്കുവാൻ ഇഷ്ടമാണ്. ക്രൈസ്തവരല്ലാത്തവർ നമ്മെക്കുറിച്ചും നമ്മുടെ സ്ഥാപനങ്ങളെക്കുറിച്ചും എന്താണ് പറയുന്നതെന്ന് കേൾക്കുവാൻ എനിക്ക് താല്പര്യമു്. നമുക്ക് പരിചിതമല്ലാത്ത ഒരു പക്ഷേ നാം താല്പര്യപ്പെടാത്തവ വായിക്കുവാൻ നമുക്ക് ന്യുവിഷനിൽ കൂടി സാധിക്കുന്നു. ഇതിന് സമാനമായ മറ്റൊര് പ്രസിദ്ധീകരണമില്ല. അതു കൊ് നമ്മുടെ പ്രവർത്തനങ്ങൾ കുറെ കൂടെ മെച്ചപ്പെടണമെങ്കിൽ ഇത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കണം. അതു കൊ് ഞാൻ ന്യുവിഷൻ മാസികയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. ഈ മാസിക വായിക്കുന്ന എല്ലാവരും ന്യുവിഷൻ മാസികയുടെ വളർച്ചയിൽ സഹകരിക്കണം. അതെങ്ങനെയാണെന്ന് ഞാൻ വിശദീകരിക്കാം.

ഞാൻ ഇപ്പോൾ ആയിരം രുപ കൊടുക്കുകയാണ്. നൂറ് രൂപാ എന്റെ വരിസംഖ്യ. ബാക്കിയുള്ള പണം ഒൻപത് പേർക്ക് മാസിക സൗജന്യമായി ഒരു വർഷത്തേക്ക് അയച്ചു കൊടുക്കുവാനാണ്. അത് വ്യത്യസ്ത വിഭാഗത്തിൽപ്പെടുന്നവരുമായിരിക്കണം. ഇത് പോലെ നിങ്ങളും ചെയ്യണമെന്നാണെന്റെ അഭ്യർത്ഥന. ന്യു വിഷൻ വായനക്കാരിൽ നൂറ് പേർ ഒരു പുതിയ വായനക്കാരനെയെങ്കിലും അടുത്ത മാസം സ്പോൺസർ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

**NEW VISION FOR A CHANGING WORLD**

Annual Subscription Rs.100/-

Registered with the Registrar of Newspapers for India, under
**No. KER BIL/2000/1543**

**FEBRUARY 2010**

Postal Regn. KL/KTM/362/2009-11
License No. KL/KTM/WPP-088/2009-2011
Licensed to post without pre-payment
Posted at Kottayam RMS on the 28th of every month



**New Office bearers of CSI Synod. Dr.Bennet Abraham (Treasurer), Arc.M.M.Philip (General Secretary), Rt.Rev.G.Devakadasham (Depty. Moderator), Most Rev.S.Vasantha Kumar(Moderator)**




**Releasing of Green Gospel- Most Rev. J.W. Gladstone released Green Gospel during the CSI Synod session at Courtalam on 15th January 2010 by giving a copy to Most Rev.S. Vasanthakumar. Ar.M.M. Philip, Dr.Bennet Abraham, Most Rev. Dr. Vasanthakumar, Rt.Rev. G.Devakadasham, Dr. mathew Koshy Pun-nackadu, Rt.Rev. Thomas Samuel, Rev.Dr. Mosses Jayakumar, Most Rev.J.W.Gladston**

Edited, Printed and Published by **Dr. Mathew Koshy**, Punnackadu
Owned by **Rev. Prof. K. C. Mathew**, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam